/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2024 ജൂലൈ
പുസ്തകം 10
ലക്കം 12



## ഉന്നത വിദ്യാഭ്യാസം

## പുതിയ ആകാശം പുതിയ പുലരി

SAMAKALIKA JANAPADAM MONTHLY

# അറിവിന്റെ ആധികാരികത



ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ഇപ്പോൾ
കൂടുതൽ
മിഴിവോടെ

സമകാലിക
**ജനപഥം**

വാർഷിക
വരിസംഖ്യ
**120 രൂപ**
ഒറ്റപ്രതി
**12 രൂപ**

## വരിക്കാരാകാൻ

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലോ തിരുവനന്തപുരം പ്രസ് ക്ലബിന് സമീപത്തെ ഇൻഫർമേഷൻ സെന്ററിലോ ബന്ധപ്പെടാം. താഴെ കാണുന്ന വിലാസത്തിലേക്ക് മണിഓർഡർ അയക്കാം.

ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം-1

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2024 ജൂലൈ 1 • പുസ്തകം 10 • ലക്കം 12

എഡിറ്റർ ടി വി സുഭാഷ് ഐ എ എസ് അഡീഷണൽ എഡിറ്റർ സലിൻ മാങ്കുഴി
ഡെപ്യൂട്ടി എഡിറ്റർ കെ പി സരിത എഡിറ്റർ-ഇൻ-ചാർജ് കെ എസ് ഇന്ദുശേഖർ
അസിസ്റ്റന്റ് എഡിറ്റർ പ്രഭാത് നായർ സർക്കുലേഷൻ ഓഫീസർ മെർലിൻ ജെ എൻ
കവർ & ലേഔട്ട് രതീഷ് കുമാർ (ഡിജിക്രോ) ടൈപ്പ് സെറ്റിങ്ങ് വിനിത വി എസ്

എഡിറ്റോറിയൽ>>



# ഉന്നതവിദ്യാഭ്യാസത്തിലെ പരിഷ്കരണങ്ങൾ

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസമേഖല ശ്രദ്ധേയമായ പുതിയ പാതകളിലേക്ക് കടന്നിരിക്കുകയാണ്. കണ്ടുപരിചയിച്ച സാമ്പ്രദായിക രീതികൾക്കപ്പുറം, മാറുന്ന വൈജ്ഞാനികമേഖലയ്ക്കും തൊഴിൽരംഗത്തിനും അനുസൃതമായി വരുത്തുന്ന പരിഷ്ക്കരണങ്ങൾക്ക് ബിരുദപഠനത്തിലും സാങ്കേതികശാസ്ത്രപഠനത്തിലും തുടക്കം കുറിച്ചിരിക്കുകയാണ്. ഈ മാസം ഒന്നിന് സംസ്ഥാനത്തെ കാമ്പസുകളിൽ ആരംഭിച്ച നാലുവർഷ ഓണേഴ്സ് കോഴ്സുകൾ നമ്മുടെ ബിരുദപഠനത്തെ ലോകനിലവാരത്തിനും ആഗോളമാനദണ്ഡങ്ങൾക്കുമൊപ്പം നിർത്താൻ ലക്ഷ്യമിടുന്നു. വിദ്യാർഥിയുടെ തൊഴിൽശേഷിയും ഗവേഷണാഭിരുചിയും ഒരുപോലെ വികസിക്കാൻ പുതിയ കോഴ്സ് ഘടന സഹായിക്കും.

പഴയ സമ്പ്രദായത്തിൽനിന്ന് വ്യത്യസ്തമായി വിദ്യാർഥികേന്ദ്രിതമായാണ് നാലുവർഷ ബിരുദം വിഭാവനം ചെയ്തിരിക്കുന്നത്. കുട്ടികൾക്കുതന്നെ സ്വന്തം അഭിരുചിക്കും ശേഷിക്കും ഇണങ്ങുംവിധം പഠനം രൂപകല്പന ചെയ്യാൻ അവസരമൊരുക്കുന്നു എന്നതാണ് സുപ്രധാനമായ മാറ്റം. മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ശാസ്ത്രം പഠിക്കുന്നവർ സാമൂഹിക-സാംസ്കാരിക-മാനവികവിഷയങ്ങൾ പഠിച്ചുകൂടെന്നോ മറിച്ചോ ഉള്ള വിലക്കുകൾ ഇനിയുണ്ടാവില്ല. ഉദാഹരണത്തിന് ശാസ്ത്രം മേജറായി പഠിക്കുന്ന വിദ്യാർഥിക്ക് സാഹിത്യമോ സാഹിത്യം മേജറായി പഠിക്കുന്നവർക്ക് ശാസ്ത്രവിഷയങ്ങളോ താൽപര്യാനുസരണം മൈനറായി പഠിക്കാം. ഒരു സ്ഥാപനത്തിൽ ആഗ്രഹിച്ച കോഴ്സ് ഇല്ലെങ്കിൽ അത്തരം കോഴ്സുകളുള്ള സ്ഥാപനത്തിലേക്ക് നീങ്ങാനും അല്ലെങ്കിൽ ഓൺലൈനായി കോഴ്സുകൾ ചെയ്യാനും തൊഴിൽചെയ്തു പഠിക്കാനും നാലുവർഷ ബിരുദ പദ്ധതിയിൽ സ്വാതന്ത്ര്യം ഉണ്ടായിരിക്കും. ഇവയൊക്കെ നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയെ കൂടുതൽ ഉയരങ്ങളിലെത്തിക്കാൻ കരുത്തുള്ള വിപ്ലവകരമായ മാറ്റങ്ങളാണ്. പാഠ്യപദ്ധതി പരിഷ്കരണങ്ങൾക്കൊപ്പം ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും സർക്കാർ പ്രാധാന്യം നൽകുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസമേഖലയിലെ പരിഷ്ക്കരണങ്ങളെ വിശദമായി അറിയാൻ സഹായിക്കുന്നതാണ് ഈ ലക്കം ജനപഥം.

**ടി.വി. സുഭാഷ് ഐ എ എസ്**
എഡിറ്റർ

2024 JULY 1 VOLUME 10 ISSUE 12 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

*പ്രതികരണങ്ങൾ അയക്കേണ്ട വിലാസം*
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

*വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ*
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്,
എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

*ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും*

## ഉന്നതവിദ്യാഭ്യാസം






42 പരിസ്ഥിതി
കാട്ടാനയെ അകറ്റാൻ നാറ്റപ്പൂച്ചെടികൾ
എൻ എസ് അരുൺകുമാർ





46 സാഹിത്യരചന
'കളിക്കൂട്ടുകാരി'യ്ക്ക് ഇന്നും പ്രണയച്ചെറുപ്പം
സയൻസൺ പുന്നശ്ശേരി




6 വിജ്ഞാനസമൂഹത്തിന് വഴിയൊരുങ്ങുമ്പോൾ
**പിണറായി വിജയൻ**

12 ഉന്നത വിദ്യാഭ്യാസത്തിൽ പുതിയ ദിശാബോധം
**ഡോ. ആർ ബിന്ദു**

16 തുല്യനീതിയിൽ ഊന്നി മികവിലേക്ക്
**ഡോ. രാജൻ വറുഗീസ്**

20 നാലുവർഷ ബിരുദം ഒറ്റനോട്ടത്തിൽ

26 തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല പരിസ്ഥിതിശാസ്ത്രവും വികസന സാമ്പത്തികശാസ്ത്രവും

27 മികവറിഞ്ഞ് വിദേശപഠിതാക്കൾ

28 മഹാരാജകീയം
**സുനിൽകുമാർ എം എൻ**

32 വളരും നവീനഗവേഷണ സംസ്കാരം
**പ്രൊഫ. ഡോ. സാബു തോമസ്**
**പ്രൊഫ. റിട്ട. പി.ഐ. ജോസഫ് ഇല്ലിക്കൻ**

36 പുതുകാലത്തിന്റെ സാങ്കേതിക ശാസ്ത്രപഠനം
**ഡോ. വിനോദ്കുമാർ ജേക്കബ്**

38 അഭിമാന അക്കാദമി

40 നിയമനങ്ങളിലെ കേരളമാതൃക
**സുനുകുമാർ കെ വി**


**കവർചിത്രം** തിരുവനന്തപുരം വിമൻസ് കോളേജിലെ വിദ്യാർഥികൾ
**ചിത്രം:** പ്രശാന്ത് ആർ., ഐ& പിആർഡി


10 **സപ്ലൈകോ@50**
ജനകീയസേവനം അഭിമാന മാതൃക
**ജി.ആർ.അനിൽ**







48 **ചരിത്രം**
കേരളീയക്ഷേത്രങ്ങളിലെ ഡച്ച് സാന്നിധ്യം
**പ്രൊഫ.എം സി വസിഷ്ഠ്**






50 **വിജയവഴിയിൽ വിഴിഞ്ഞം**

പിണറായി വിജയൻ
മുഖ്യമന്ത്രി

> ഉന്നതവിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും ഘടനയിലും വലിയ പരിഷ്ക്കരണങ്ങൾക്ക് സംസ്ഥാനസർക്കാർ തുടക്കം കുറിച്ചിരിക്കുന്നു.

# വിജ്ഞാനസമൂഹത്തിന് വഴിയൊരുങ്ങുമ്പോൾ



പുതിയ കാലത്ത് വൈജ്ഞാനികമേഖലയിലും തൊഴിൽമേഖലയിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഏറ്റവും വലിയ പ്രതിഫലനമുണ്ടാകുന്നത് ഉന്നതവിദ്യാഭ്യാസ മേഖലയിലാണ്. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്ത് ലോകത്താകമാനം തന്നെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വഭാവവും പ്രവർത്തനവും വലിയ രീതിയിൽ മാറിയിട്ടുണ്ട്. വിജ്ഞാനം പകർന്നു നൽകുക എന്നതിനപ്പുറത്തേക്ക് ജ്ഞാനോൽപാദനം നടത്തുക, നൈപുണിയും തൊഴിൽ പരിശീലനവും ലഭ്യമാക്കുക എന്ന തരത്തിലേക്കാണ് ഉന്നതവിദ്യാഭ്യാസമേഖല മാറിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് ഡേറ്റാ സയൻസും ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലേണിങ്ങും ഉൾപ്പെടെയുള്ള വിവരസാങ്കേതിക കോഴ്സുകൾക്ക് പ്രാമുഖ്യം ലഭിക്കുന്നത്.



ഈ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനസർക്കാർ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മിഷനുകൾ ഏർപ്പെടുത്തിയിരുന്നു. അവയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സാങ്കേതികശാസ്ത്ര മേഖലയിലും ആർട്സ്, സയൻസ് മേഖലകളിലും ഉള്ള ഉന്നതവിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും ഘടനയിലും വലിയ പരിഷ്കരണങ്ങൾക്ക് സംസ്ഥാനസർക്കാർ തുടക്കം കുറിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി രണ്ടു മേഖലകളിലും പുതിയ കരിക്കുലം തന്നെ മുന്നോട്ടുവെച്ചിട്ടുണ്ട്. ജ്ഞാനോൽപാദനത്തിനും നൈപുണി പരിശീലനത്തിനും ഒരുപോലെ പ്രാമുഖ്യം നൽകുന്ന ദ്വിമുഖ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലെ പ്രോഗ്രാമുകളെയും കോഴ്സുകളെയും പരിഷ്ക്കരിക്കുന്നത്.

## സാമ്പ്രദായികരീതിയ്ക്കപ്പുറം

ക്യാമ്പസുകളിൽനിന്നുമാത്രം വിദ്യാർഥികൾക്ക് വിജ്ഞാനം ലഭിക്കുന്ന സാമ്പ്രദായികരീതിക്കപ്പുറത്തേക്ക് കടക്കുകയാണ്. ക്യാമ്പസ് പഠനത്തിനൊപ്പം ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, പ്രായോഗികപരിശീലനം, ഫീൽഡ് വിസിറ്റ് പോലെയുള്ള വ്യത്യസ്ത മണ്ഡലങ്ങൾക്കും തുല്യപ്രാധാന്യം ലഭ്യമാക്കുകയാണ്. ഗുണമേന്മയുള്ള പഠനവും പഠനരീതികളും അവലംബിച്ച് ഗവേഷണം, തൊഴിലവസരങ്ങൾ എന്നിവയ്ക്ക് വലിയ പ്രാധാന്യം നൽകുകയും നവീനമായ അധ്യാപനരീതിയിലൂടെ വിദ്യാർഥികളുടെ മാനസികവും സാമൂഹികവുമായ പുരോഗതി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രീതിയിലാണ് പരിഷ്ക്കരിച്ച കരിക്കുലം തയ്യാറാക്കിയിരിക്കുന്നത്. എല്ലാ വിദ്യാർഥികളെയും ഒറ്റ അച്ചിൽ വാർത്തെടുക്കുകയല്ല, വിദ്യാർഥികളുടെ താൽപര്യങ്ങൾക്കും അഭിരുചികൾക്കും അനുസൃതമായ രീതിയിൽ അവരുടെ കരിയറും കരിക്കുലവും സ്വയം ഡിസൈൻ ചെയ്യാം എന്നുള്ളതാണ് ഇതിന്റെ സവിശേഷത. തൊഴിൽ രംഗത്തേക്ക് പോകേണ്ടവർക്ക് തൊഴിൽരംഗത്തിനാവശ്യമായ നൈപുണികളും പരിശീലനവും ഉറപ്പുവരുത്തുന്ന രീതിയിലും ഗവേഷണ-അധ്യാപന മേഖലയിലേക്ക് പോകാൻ ആഗ്രഹിക്കുന്നവർക്ക് അതിനനുസൃതമായ രീതിയിലും പഠനം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും.

നിലവിലുള്ള കോർ-കോംപ്ലിമെന്ററി രീതികളിൽ നിന്നു വ്യത്യസ്തമായി വിദ്യാർഥികൾക്ക് ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന മേജർ, മൈനർ എന്ന പുതിയ ആശയമാണ് നടപ്പിലാക്കിയിരിക്കുന്നത്. അറിവ് നേടുന്നതിനോടൊപ്പം ഭാഷാപ്രാവീണ്യം, വിമർശനാത്മകചിന്ത, നൈപുണ്യവികസനം, വിശകലനപാടവം, മൂല്യാധിഷ്ഠിതവും പാരിസ്ഥിതികവുമായ ഉത്തരവാദിത്വം, സംരംഭകത്വം മുതലായവ വിദ്യാർഥികളിൽ വളർത്തി അവരെ ആധുനികകാലത്തെ തൊഴിലിനു പ്രാപ്തരാക്കുന്ന വിധത്തിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരു പദ്ധതിയാണ് മുന്നോട്ടുവെച്ചിട്ടുള്ളത്.

വിദ്യാർഥികൾക്ക് ലഭിക്കുന്ന ഫ്ളെക്സിബിലിറ്റിയാണ് നാലുവർഷ ബിരുദത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. വിദ്യാർഥികളുടെ മാറുന്ന താൽപര്യങ്ങൾക്കും അഭിരുചികൾക്കുമനുസരിച്ച് നമ്മുടെ കരിക്കുലത്തിനു മാറാൻ കഴിയുന്നില്ല എന്ന ആക്ഷേപം ഒരു ന്യൂനതയായി നിലനിന്നിരുന്നു. ഇതിനെ മറികടക്കാൻ ഉതകുന്നതാണ് നാലുവർഷത്തിന്റെ കരിക്കുലം.


ചിത്രം: ശ്രീലാൽ സി.പി

പരീക്ഷയ്ക്ക് വേണ്ടിയുള്ള പഠിപ്പിക്കലോ പരീക്ഷ മാത്രം മുമ്പിൽക്കണ്ടുള്ള പഠിക്കലോ ഇനിയുണ്ടാവരുത്. വൈജ്ഞാനികമേഖലയിൽ തങ്ങൾക്കു താൽപര്യമുള്ളതെന്തും വിദ്യാർഥികൾക്കു പഠിക്കാം. അതാണ് ഈ നാലുവർഷ ബിരുദത്തിന്റെ ഗുണം.

വിദ്യാർഥികൾ കേവലം തൊഴിൽശാലകൾക്ക് വേണ്ടിയുള്ള ഒരു ബിരുദം കരസ്ഥമാക്കുകയല്ല. മറിച്ച്, ഏതു തൊഴിലിലും അല്ലെങ്കിൽ സംരംഭകത്വ മേഖലയിലും വളരുന്നതിനും പുതിയ ജ്ഞാനോൽപാദനം നടത്തുന്നതിനും ഉതകുന്ന വിധത്തിൽ അവരുടെ കഴിവുകൾ വികസിപ്പിക്കുക എന്നതിനാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. പരമ്പരാഗത കോഴ്സുകളെയടക്കം ആധുനികവൽക്കരിക്കുന്ന കാഴ്ചപ്പാടാണ് പരിഷ്ക്കരിച്ച പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ശാസ്ത്രം പഠിക്കുന്നവർ സാമൂഹിക-സാംസ്കാരിക മാനവിക വിഷയങ്ങൾ പഠിച്ചുകൂടെന്നോ മറിച്ചോ ഉള്ള വിലക്കുകൾ ഇനിമുതൽ ഉണ്ടാവില്ല. കോംപ്ലിമെന്ററി ഇലക്ടീവ് എന്ന രീതി ഇനിയില്ല. ഉദാഹരണമായി ഫിസിക്സ് ബിരുദത്തിനു ചേരുന്ന ഒരു വിദ്യാർഥി കെമിസ്ട്രിയും ഗണിതവും മാത്രം പഠിക്കുന്ന നിലവിലെ രീതിയിൽ നിന്നു വ്യത്യസ്തമായി വിദ്യാർഥിയുടെ താല്പര്യാനുസൃതം ഫിസിക്സിനോടൊപ്പം ഇലക്ട്രോണിക്സ് പോലെയുള്ള വൊക്കേഷണൽ കോഴ്സുകൾ, അല്ലെങ്കിൽ ഫിസിക്സിനോടൊപ്പം ഗണിതം, കെമിസ്ട്രി ഇവയിൽ ഏതെങ്കിലും ഒന്നു മാത്രമോ അല്ലെങ്കിൽ ഫിസിക്സിനോടൊപ്പം സാഹിത്യമോ സംഗീതമോ പഠിക്കാനുള്ള സാധ്യതകളടക്കമുള്ള സംവിധാനമാണ് ഉറപ്പുവരുത്തുന്നത്. തൊഴിലിൽ ഊന്നൽ

> **ക്യാമ്പസുകളിൽ നിന്നുമാത്രം വിദ്യാർഥികൾക്ക് വിജ്ഞാനം ലഭിക്കുന്ന സാമ്പ്രദായികരീതിക്കപ്പുറത്തേക്ക് കടക്കുകയാണ്**



നൽകിയോ ഗവേഷണത്തിൽ ഊന്നൽ നൽകിയോ പഠിക്കാം. ഇതിലേതു രീതിയിലും പഠനപരിശീലനങ്ങളോടെ മൂന്നു വർഷ-സാധാരണ ഡിഗ്രിയോ നാലുവർഷ-ഓണേഴ്സ് ഡിഗ്രിയോ കരസ്ഥമാക്കാൻ കഴിയും.

വിദ്യാർഥികളുടെ താല്പര്യത്തിനനുസരിച്ച് കോഴ്സുകളും പ്രോഗ്രാമുകളും ക്രമീകരിക്കാനും ആവശ്യമെങ്കിൽ ക്യാമ്പസിന് പുറത്തുനിന്നും കോഴ്സുകളെടുത്തു പഠിക്കാനുമുള്ള അവസരമാണ് ഇപ്പോൾ ഉറപ്പുവരുത്തിയിരിക്കുന്നത്. ഈയവസരത്തിൽ വിദ്യാർഥികൾ ചെയ്യേണ്ടത് തങ്ങൾക്ക് ഏത് ദിശയിലാണോ മുന്നോട്ടുപോകേണ്ടത് അതിനു സഹായകമായ എന്തൊക്കെ സംവിധാനങ്ങൾ ക്യാമ്പസുകളിൽ വേണമെന്നത് നിർദേശിക്കലാണ്. അത്തരം ഇടപെടലുകൾ നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയെ ആഗോളനിലവാരത്തിലേക്ക് ഉയർത്താൻ സഹായകമാകും.

വിദ്യാർഥികളുടെ അഭിരുചിയും താല്പര്യവും മനസിലാക്കി അടുത്ത നാലു വർഷം, അതായത് ഒരു ബാച്ച് വിദ്യാർഥികളുടെ പഠനം പൂർത്തിയാകുന്നതുവരെയുള്ള മാറ്റങ്ങളെ സസൂക്ഷ്മമായി സർവകലാശാലകളും കോളേജുകളും ഉന്നത വിദ്യാഭ്യാസ വകുപ്പും വിലയിരുത്തേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഏതർഥത്തിലാണോ വിദ്യാർഥികൾക്ക് മുന്നോട്ടുപോകുന്നതിനുള്ള സാധ്യതകൾ തുറന്നുവയ്ക്കേണ്ടത് ആ അർഥത്തിൽ നിലവിലുള്ള പ്രോഗ്രാമുകളും കോഴ്സുകളും സമഗ്രമായി പരിഷ്കരിക്കേണ്ടതുണ്ട്. അങ്ങനെ മാത്രമേ നമുക്ക് ഇനി മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂ.

**വിദ്യാർഥികൾക്കെല്ലാം ഇരുപത്തൊന്നാം നൂറ്റാണ്ടിനാവശ്യമായ കഴിവുകൾ നേടാൻ വഴിയൊരുക്കുക എന്നത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കടമയാണ്**

അതുകൊണ്ടുതന്നെ നിലവിലെ മാറ്റങ്ങൾ, ടീച്ചിങ് - ലേണിങ്ങ് - ഇവാല്യുവേഷൻ രീതികളിലാണ് കൊണ്ടുവന്നിട്ടുള്ളതെങ്കിൽ, അടുത്ത ഘട്ടത്തിൽ നിലവിലുള്ള പ്രോഗ്രാമുകളുടെ തന്നെ പുനഃസംഘടനയാണ് നടത്തേണ്ടത്.

ടീച്ചിങ് - ലേണിങ്ങ് - ഇവാല്യുവേഷൻ രീതികളിൽ വിദ്യാർഥികൾക്ക് താൽപര്യമുള്ള, തങ്ങളുടെ കഴിവുകളെ ഉയർത്തുവാൻ കഴിയുന്ന തരത്തിലുള്ള സാധ്യതകൾ കൂടി ഉറപ്പുവരുത്തിയിട്ടുണ്ട്. എക്സാമിനേഷൻ ഓൺ ഡിമാൻഡ് അടക്കമുള്ള മികച്ച കാഴ്ചപ്പാടുകളാണ് ഈ കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി മുന്നോട്ടുവെച്ചിട്ടുള്ളത്.

## അടിസ്ഥാനസൗകര്യവികസനവും ഉറപ്പാക്കുന്നു

കരിക്കുലം പരിഷ്കരണത്തിനോടൊപ്പം തന്നെ അടിസ്ഥാനസൗകര്യ വികസനത്തിനും സർക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ട്. അടിസ്ഥാനസൗകര്യവികസനത്തിനായി റൂസ ഫണ്ട് വഴിയും പ്ലാൻ ഫണ്ട് വഴിയും 1,500 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയത്. കഴിഞ്ഞ നാലുവർഷക്കാലംകൊണ്ട് 6,000 കോടിയുടെ അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടന്നിട്ടുണ്ട്. നാലുവർഷ ബിരുദമടക്കമുള്ള പുതിയ പ്രവർത്തനങ്ങൾക്കുവേണ്ടി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്.

ഇത്തരം ഇടപെടലുകളുടെ ഫലമായി രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിങ്ങിൽ കേരളത്തിലെ സർവകലാശാലകളും ഇതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആദ്യത്തെ 100 ൽ ഇടം നേടിയിട്ടുണ്ട്. 2023 ലെ എൻ ഐ ആർ എഫ് റാങ്കിങ്ങിൽ സംസ്ഥാനത്തെ നാല് സർവകലാശാലകൾ ആദ്യത്തെ 100 ൽ സ്ഥാനം പിടിച്ചിട്ടുണ്ട്. 2023 ലെ എൻ ഐ ആർ എഫ് റാങ്കിങ്ങിൽ സംസ്ഥാനത്തെ 14 കോളേജുകൾ ആദ്യത്തെ 100 ൽ സ്ഥാനം പിടിച്ചിട്ടുണ്ട്. നാക് ഗ്രേഡിങ്ങിൽ കേരള

എം ജി സർവകലാശാലകൾ എ പ്ലസ് പ്ലസ് ഗ്രേഡും കാലിക്കറ്റ്, കൊച്ചി, കാലടി സർവകലാശാലകൾ എ പ്ലസ് ഗ്രേഡും സ്വന്തമാക്കി. ഇതെല്ലാം അഭിമാനകരമാണ്. എന്നാൽ അവയിൽ അഭിരമിക്കാതെ കൂടുതൽ മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. ആ ശ്രമത്തിന്റെ ഭാഗമാണ് നാലുവർഷ ബിരുദ പ്രോഗ്രാം.

## അധ്യാപകസമൂഹത്തിന്റെ ഉത്തരവാദിത്വം

നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ രൂപപ്പെടുന്ന ഗവേഷണ ഫലങ്ങൾ സമൂഹത്തിന് ഉപകാരപ്രദമാകുന്ന രീതിയിൽ പരിവർത്തനം ചെയ്യുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകളടക്കം നമ്മുടെ സർവകലാശാലകളിൽ ഒരുങ്ങുകയാണ്. ഇതിന്റെ ഭാഗമായി സർവകലാശാലകളിൽ തന്നെ സ്റ്റാർട്ടപ്പ് - ഇൻക്യുബേഷൻ സൗകര്യങ്ങൾ ഉറപ്പുവരുത്തുകയാണ്. ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതിയും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളും തുടങ്ങിക്കഴിഞ്ഞു. ഇതെല്ലാം വിദ്യാർഥികൾ നല്ല നിലയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അതിനുതകുന്ന വിധത്തിൽ വിദ്യാർഥി സമൂഹത്തെ പരിവർത്തനപ്പെടുത്തുക എന്ന ഉത്തരവാദിത്വം കൂടി ഈ ഘട്ടത്തിൽ അധ്യാപകസമൂഹത്തിൽ നിക്ഷിപ്തമാണ്.

ഏതു വിഷയമായാലും ഒരു കോഴ്സിലും പരാജയപ്പെടാതെ പഠിച്ചു കഴിവുതെളിയിക്കുന്ന വിദ്യാർഥികളുണ്ടാവും. അവർക്ക് തുടക്കം മുതൽ ബിരുദാനന്തരപഠനം പൂർത്തിയാക്കുന്നതുവരെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖേന സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്. അതിനുപുറമെ പ്രതിഭ തെളിയിക്കുന്ന ഗവേഷകർക്കായി പല തലങ്ങളിലുള്ള സ്കോളർഷിപ്പുകളും അവാർഡുകളും ലഭ്യമാക്കുന്നുണ്ട്. സമാനമായ ഇത്തരം ധനസഹായമോ പ്രോത്സാഹനങ്ങളോ അംഗീകാരങ്ങളോ രാജ്യത്ത്മറ്റേതെങ്കിലുംസംസ്ഥാനങ്ങളിലോ വിദേശരാജ്യങ്ങളിലോ ഇല്ല എന്ന വസ്തുത നമ്മുടെ വിദ്യാർഥികളും അധ്യാപകരും അറിഞ്ഞിരിക്കണം.

## വിദ്യാർഥികൾക്ക് സ്വാതന്ത്ര്യം

വിദ്യാഭ്യാസപരിഷ്കാരങ്ങളുടെ കാതലായ വശം വിദ്യാർഥികളുടെ സ്വാതന്ത്ര്യമാണ്. ഇഷ്ടമുള്ള വിഷയം തെരഞ്ഞെടുക്കാനും എവിടെ, എപ്പോൾ, ഏതൊക്കെ കോഴ്സുകളെടുത്ത് ഏതു രീതിയിൽ പഠിക്കണം എന്നു തീരുമാനിക്കാനും വിദ്യാർഥികൾക്ക് സ്വാതന്ത്ര്യം ഉണ്ടാവണം. ഒരു സ്ഥാപനത്തിൽ ആഗ്രഹിച്ച കോഴ്സ് ഇല്ലെങ്കിൽ അത്തരം കോഴ്സുകളുള്ള സ്ഥാപനത്തിലേക്ക് നീങ്ങാനും അല്ലെങ്കിൽ ഓൺലൈനായി കോഴ്സുകൾ ചെയ്യാനും തൊഴിൽചെയ്തു പഠിക്കാനും നാലുവർഷ ബിരുദ പദ്ധതിയിൽ സ്വാതന്ത്ര്യം ഉണ്ടായിരിക്കും. അതുപോലെ ഗവേഷണ മേഖലയിൽ പരിശീലനം നേടാനും വിദ്യാർഥികൾക്ക് അവകാശമുണ്ടായിരിക്കണം.

ഒരു സർവകലാശാലയിൽ നിന്ന് കരസ്ഥമാക്കിയ ക്രെഡിറ്റുമായി രാജ്യത്തെവിടെയുമുള്ള സർവകലാശാലകളിലേക്കു മാറാനും നേടിയ ക്രെഡിറ്റുകൾ ദേശീയ അക്കാദമിക് ക്രെഡിറ്റ് ബാങ്കിൽ നിക്ഷേപിച്ച് ഇഷ്ടമുള്ള സർവകലാശാലയ്ക്ക് കൈമാറി അവിടുത്തെ ഡിഗ്രി കരസ്ഥമാക്കാനും ഇനിമുതൽ വിദ്യാർഥികൾക്ക് അവസരം ലഭിക്കണം. ഇതിനെല്ലാം വേണ്ട സഹായങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഒരുക്കുന്നുണ്ട്. ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ സഹായത്തോടെ നെറ്റ്‌വർക്കിലൂടെ ഓരോ വിഷയത്തിലേയും ആഗോള വിദ്യാർഥി സമൂഹത്തിന്റെ ഭാഗമാവാനും അവരുമായുള്ള സംവാദം വഴി അറിവു നേടാനും കഴിവുകൾ വികസിപ്പിക്കാനും കഴിയും. അതിനു സഹായിക്കുന്ന അറിവിന്റെ നിരവധി റിപ്പോസിറ്ററികൾ ഇന്നുണ്ട്. ചുരുക്കത്തിൽ ഉന്നതവിദ്യാഭ്യാസം വിദ്യാർഥികൾക്കു സ്വതന്ത്രമായി മുന്നേറാവുന്ന രംഗമായി മാറുകയാണ്.

വിദ്യാർഥികൾക്കെല്ലാം ഇരുപത്തൊന്നാം നൂറ്റാണ്ടിനാവശ്യമായ കഴിവുകൾ നേടാൻ വഴിയൊരുക്കുക എന്നത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കടമയാണ്. ഈ സ്വാതന്ത്ര്യം സംരക്ഷിച്ചു വേണം സർവകലാശാലകൾ നാലുവർഷ ബിരുദ പദ്ധതി നടപ്പിലാക്കാൻ. അതിനുള്ള നടപടിക്രമമാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ എല്ലാ സർവകലാശാലകൾക്കും നൽകിയിരിക്കുന്നത്. ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ വഴി സ്വന്തം താൽപര്യവും ജിജ്ഞാസയും ലക്ഷ്യവുമനുസരിച്ചു പഠനം തുടരാനും അനുഭവത്തിലൂടെ പ്രവർത്തനശേഷി ആർജിക്കാനും സാഹചര്യമൊരുക്കണം. ഇതിനൊക്കെ ആവശ്യമായ സജ്ജീകരണങ്ങൾ സർവകലാശാലകൾ ഒരുക്കണം. അതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ പിന്തുണ ഉണ്ടാവും.

സർവകലാശാലകളെയെല്ലാം ഒരു കുടക്കീഴിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള റിസോഴ്സ് ഫോർ എജ്യൂക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ്ങ് അഥവാ കെ-റീപ്പ് പദ്ധതി നടപ്പാക്കി വരുന്നത്. പദ്ധതി പൂർത്തിയാവുന്നതോടെ എല്ലാ സ്ഥാപനങ്ങൾക്കും സാങ്കേതികവിദ്യയുടെ സഹായത്തോടെ പരസ്പരപൂരകത്വ



സ്വഭാവത്തോടെ മുന്നേറാനാവും. എത്രയും വേഗം കെ-റീപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കണമെന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉൽപാദിപ്പിക്കപ്പെടുന്ന അറിവുകൾ അക്കാദമിക സമൂഹത്തിൽ മാത്രം ഒതുക്കിനിൽക്കരുത്. അവയുടെ ജനാധിപത്യവത്ക്കരണം സാധ്യമാക്കാൻ അധ്യാപകർക്കും വിദ്യാർഥികൾക്കും കഴിയണം. അങ്ങനെ വിജ്ഞാനസമൂഹമായി നാം പരിവർത്തനപ്പെടണം. നാലു വർഷ ബിരുദം ഇതിനെല്ലാം വഴിയൊരുക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.■

>> ജി.ആർ.അനിൽ
ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ
ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി



ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്തരമൊരു ജനകീയവിപണന ശൃംഖല നിലവിലില്ല

# ജനകീയസേവനം അഭിമാന മാതൃക

കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ ഒരു നിറഞ്ഞ സാന്നിധ്യമായി മാറിക്കഴിഞ്ഞ സപ്ലൈകോ അതിന്റെ രൂപവൽക്കരണത്തിന്റെ 50-ാം വർഷം പൂർത്തീകരിക്കുകയാണ്. 1974 ലെ സി. അച്യുതമേനോൻ സർക്കാരിന്റെ കാലത്താണ് ഈ സ്ഥാപനം പിറവി കൊണ്ടത്. പിന്നിട്ട അഞ്ചു പതിറ്റാണ്ടുകളിലൂടെ രാജ്യത്തിന് തന്നെ മാതൃകയായ ഒരു വിപണി ഇടപെടൽ സംവിധാനം സപ്ലൈകോ ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് നല്കി. ലോകപ്രശസ്തമായ കേരളമാതൃക സൃഷ്ടിക്കുന്നതിൽ ഈ സ്ഥാപനവും അതിന്റേതായ പങ്ക് വഹിച്ചിട്ടുണ്ട് എന്ന് ഈ സന്ദർഭത്തിൽ അഭിമാനപൂർവ്വം ഓർമ്മിപ്പിക്കട്ടെ.

## കരുത്തും കരുതലും

വിപണിയുടെ നിർദയമായ ചൂഷണത്തിൽ നിന്നും പാവപ്പെട്ട മനുഷ്യരെ രക്ഷിക്കാൻ ഇ.ചന്ദ്രശേഖരൻ നായർ ഭക്ഷ്യവകുപ്പുമന്ത്രിയായിരുന്ന ഘട്ടത്തിൽ ആരംഭിച്ച മാവേലിസ്റ്റോറുകളാണ് സപ്ലൈകോയുടെ ശാക്തീകരണത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തിയത്. നഗരങ്ങൾ മുതൽ ഗ്രാമഗ്രാമാന്തരങ്ങൾ വരെ നീണ്ടുകിടക്കുന്ന ഒരു വിപണനശൃംഖല ഇന്ന് ഈ സ്ഥാപനത്തിന്റെ കരുത്തായി തീർന്നിരിക്കുന്നു. മാവേലിസ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, എൽ.പി.ജി. ഔട്ട് ലെറ്റുകൾ, പെട്രോൾബങ്കുകൾ, മെഡിക്കൽ സ്റ്റോറുകൾ എല്ലാം അടക്കം 1628 ഔട്ട് ലെറ്റുകളാണ് ഇന്നുള്ളത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്തരമൊരു ജനകീയവിപണന ശൃംഖല നിലവിലില്ല.

വിപണി ഇടപെടലിൽ മാത്രം ഒതുങ്ങുന്നതല്ല സപ്ലൈകോയുടെ പ്രവർത്തനം. സംസ്ഥാനത്തെ റേഷൻ വിതരണം, നെല്ല് സംഭരണപദ്ധതി, സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി, പ്രളയവും മഹാമാരിയും പോലുള്ള ദുരന്തഘട്ടങ്ങളിൽ എല്ലാവിഭാഗം ജനങ്ങൾക്കും ഭക്ഷ്യഭദ്രത ഉറപ്പുവരുത്തൽ എന്നിങ്ങനെയുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ഈ സ്ഥാപനത്തിന് മാത്രം ഏറ്റെടുത്ത്



നിർവഹിക്കാൻ കഴിയുന്നതാണ്. കേരളം നേരിട്ട ദുരന്തഘട്ടങ്ങളിൽ 12 കോടി ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തുകൊണ്ട് സംസ്ഥാനത്തെ ഒരാളും പട്ടിണി കിടക്കില്ല എന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ അക്ഷരംപ്രതി യാഥാർഥ്യമാക്കാൻ കൈത്താങ്ങായതും ഈ സ്ഥാപനം ആണ്. 2016 ൽ അധികാരത്തിൽ വന്ന സർക്കാരിന്റെ നയതീരുമാനപ്രകാരം 8 വർഷക്കാലം 13 അവശ്യവസ്തുക്കൾ വിലവർധന ഇല്ലാതെ കേരളത്തിലെ ജനങ്ങൾക്ക് സപ്ലൈകോ വിതരണം ചെയ്തുവന്നു. ശാസ്ത്രീയവും യുക്തിസഹവുമായി നിരക്കുകൾ പരിഷ്ക്കരിച്ചുകൊണ്ട് അത് ഇന്നും തുടരുന്നു.

## സാമ്പത്തിക വെല്ലുവിളികൾ

ലാഭേച്ഛ ഇല്ലാത്ത ഈ ജനസേവനം വലിയ സാമ്പത്തികബാധ്യത സപ്ലൈകോയ്ക്ക്



സപ്ലൈകോയുടെ സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

**അധികാരത്തിൽ വന്ന സർക്കാരിന്റെ നയതീരുമാന പ്രകാരം എട്ട് വർഷക്കാലം 13 അവശ്യവസ്തുക്കൾ വിലവർധന ഇല്ലാതെ കേരളത്തിലെ ജനങ്ങൾക്ക് സപ്ലൈകോ വിതരണം ചെയ്തുവന്നു**



വരുത്തിവച്ചിട്ടുണ്ട്. അതിന്റെ പ്രയാസങ്ങൾ അനുഭവിക്കുന്ന ഘട്ടത്തിലാണ് നാം 50-ാം വാർഷികം ആചരിക്കുന്നത്. രാജ്യത്തിന്റെ ഫെഡറൽ സംവിധാനം തകർത്തുകൊണ്ട് സംസ്ഥാന ഗവൺമെന്റിനെ സാമ്പത്തികമായി ഞെരുക്കുന്ന സമീപനം സംസ്ഥാന സർക്കാരിനെ ചെറുതല്ലാത്ത സാമ്പത്തിക ഞെരുക്കത്തിൽപ്പെടുത്തിയി ട്ടുണ്ട് എന്നത് വസ്തുതയാണ്. തീർച്ചയായും സപ്ലൈകോയേയും ഇത് ബാധിച്ചിട്ടുണ്ട്. ഈ അവസരം മുതലെടുത്ത് കേരളത്തിന്റെ റീട്ടെയിൽ വിപണനമേഖലയിൽ പിടി മുറുക്കാനും ഈ ജനകീയ വിപണനസംവിധാനത്തെ തകർക്കാനും പല ശക്തികളും ശ്രമിക്കുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു.

സപ്ലൈകോയ്ക്ക് ഇത്തരം ആക്രമണങ്ങൾ പുതുമയല്ല. മാവേലിസ്റ്റോറുകൾ ആരംഭിച്ച കാലത്ത് അവയ്ക്ക് ബദലായി വാമനസ്റ്റോറുകൾ ആരംഭിച്ച ചരിത്രം ഈ അവസരത്തിൽ ഓർമ്മിക്കാം. എന്നാൽ ഇതുകൊണ്ടൊന്നും പിന്തിരിഞ്ഞോടാനല്ല, മുന്നോട്ടുപോകാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ദൃഷ്ടാന്തമാണ് 11 പുതിയ പദ്ധതികളും അഞ്ച് പുതിയ സെയിൽസ് ഓഫറുകളും വിവിധ ജില്ലകളിലായി വിഷയാധിഷ്ഠിത സെമിനാറുകളും എല്ലാം ഉൾപ്പെടെ ഈ അൻപതാം വാർഷികം ആചരിക്കുന്നത്.

## 50/50 പദ്ധതി


സപ്ലൈകോയുടെ സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ജൂൺ 25 മുതൽ 50 ദിവസത്തേക്ക് സപ്ലൈകോയുടെ സ്വന്തം ബ്രാൻഡ് ആയ ശബരി ഉൽപന്നങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും ഉൾപ്പെടെ 50 ജനപ്രിയ ഉൽപ്പന്നങ്ങൾക്ക് വിലക്കുറവും പ്രത്യേക ഓഫറുകളും നൽകുന്നതാണ് 50/50 പദ്ധതി. ഈ ഓഫർ കാലയളവിൽ തന്നെ ഉച്ചയ്ക്ക് രണ്ടു മുതൽ മൂന്നു മണി വരെ അഞ്ച് നോൺ സബ്സിഡി സാധനങ്ങൾക്ക് നിലവിൽ സപ്ലൈകോ വിൽപന ശാലകളിൽ ലഭിക്കുന്നതിനേക്കാൾ 10 ശതമാനം അധികം വിലക്കുറവ് നൽകുന്ന സപ്ലൈകോ ഹാപ്പി അവേഴ്സ് ഫ്ളാഷ് സെയിൽ പദ്ധതിയും നടപ്പിലാക്കുന്നു. എല്ലാ ജില്ലകളിലും ഒരു സൂപ്പർമാർക്കറ്റ് വീതം ആധുനിക രീതിയിൽ നവീകരിച്ച് സിഗ്നേച്ചർ മാർട്ട് എന്ന പേരിൽ പ്രവർത്തനമാരംഭിക്കും.

'ഫുഡ് ഫോർ തോട്ട്' എന്ന പേരിൽ സെമിനാർ പരമ്പരയും വാർഷികാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നു. ഓരോ ജില്ലയിലും ഓരോന്ന് വീതം വിവിധ വിഷയങ്ങളിൽ 12 ജില്ലകളിൽ ഒരു വർഷത്തിനുള്ളിൽ നടത്തുന്ന സെമിനാർ പരമ്പരയാണ് ഫുഡ് ഫോർ തോട്ട്. അമ്പതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സപ്ലൈകോയുടെ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ശബരി ബ്രാൻഡിൽ കൂടുതൽ ഉൽപന്നങ്ങൾ വിപണിയിൽ ഇറക്കുന്നത് ഉൾപ്പെടെയുള്ള മറ്റ് 11 പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. നിലവിലുള്ള വിഷമഘട്ടത്തെ സപ്ലൈകോ അതിജീവിക്കുകയും കേരളീയർക്ക് കൈത്താങ്ങായി ഭാവിയിലും മുന്നോട്ട് പോകുകയും ചെയ്യുമെന്നുള്ള ഉറച്ച പ്രഖ്യാപനം കൂടിയാകും ഈ വാർഷികാഘോഷം. ■

ഡോ. ആർ ബിന്ദു
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി



> നാലുവർഷ ബിരുദ പരിപാടിയിലേക്ക് പ്രവേശിച്ചിരിക്കുകയാണ് കേരളം. ഉന്നതവിദ്യാഭ്യാസ മേഖലയിലെ ആഗോളഹബ്ബാക്കി സംസ്ഥാനത്തെ മാറ്റാനുള്ള കർമ്മപരിപാടിയിലെ സുപ്രധാന ചുവടാണിത്



# ഉന്നത വിദ്യാഭ്യാസത്തിൽ പുതിയ ദിശാബോധം

ഏറ്റവും ആഹ്ലാദകരമായ വാർത്തകളോടെയാണ് പുതിയ കലാലയ അധ്യയനവർഷം തുടങ്ങിയിരിക്കുന്നത്. നൂതനവും ഏറെക്കാലത്തെ പ്രതീക്ഷകളുടെ നിറവേറ്റലുമായ നാലുവർഷ ബിരുദ പദ്ധതിയിലേക്കാണ് വിവിധ സർവകലാശാലകൾക്ക കീഴിലെ കലാലയങ്ങളിലേക്ക് നവാഗതർ കടന്നെത്തിയിരിക്കുന്നതെന്നതാണ് ഇതിൽ ഒന്നാമത്തേത്. കേരളം ലോകാന്തര ഉന്നതവിദ്യാഭ്യാസത്തിന് ഹബ്ബാവാൻ പോകുന്നുവെന്ന സർക്കാരിന്റെ പ്രഖ്യാപനം യാഥാർഥ്യത്തിന്റെ നിറവിലെത്തുന്നതിനും നാം ഇതോടൊപ്പം സാക്ഷ്യം വഹിക്കുകയാണ്.

## ആഗോള വിദ്യാഭ്യാസ കാഴ്ചപ്പാട്

പുതിയ അക്കാദമിക വർഷത്തേക്ക് പ്രവേശനം തേടി കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാലയിൽ ലഭിച്ചിരിക്കുന്നത് 1590 വിദേശ വിദ്യാർഥികളുടെ അപേക്ഷകളാണ്. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് (ഐ.സി.എസ്.ആർ) നല്കുന്ന സ്കോളർഷിപ്പോടെ കുസാറ്റിൽ സൗജന്യ താമസത്തോടെ സൗജന്യപഠനം ലഭിക്കുന്ന പദ്ധതിയിൽ കുത്തനെയാണ് പ്രവേശനത്തിന് അപേക്ഷിക്കുന്നവരുടെ എണ്ണം 2021 മുതൽ ക്രമാനുഗതമായി വർധിച്ചിരിക്കുന്നത് (2021 = 603, 2022 = 800, 2023 = 1100, 2024 = 1410). സ്റ്റഡി ഇൻ ഇന്ത്യ പ്രോഗ്രാം വഴി ലഭിച്ച നൂറ്റിയെൺപത് അപേക്ഷകളും ചേർന്നപ്പോഴാണ് 1590 എന്ന റിക്കാർഡ് ഉണ്ടായിരിക്കുന്നത്. എം ജി സർവകലാശാലയിലും ഐ.സി.എസ്.ആർ സ്കോളർഷിപ്പോടെ പിഎച്ച്ഡി, പി.ജി, ബിരുദ കോഴ്സുകൾക്ക് 58 രാജ്യങ്ങളിൽ നിന്നായി 885 പേർ അപേക്ഷ നല്കിയിരിക്കുന്നു. കഴിഞ്ഞ അക്കാദമിക് വർഷമിത് 571 ആയിരുന്നു. പിഎച്ച്ഡി 187, പി.ജി 406, ഡിഗ്രി 292 എന്നിങ്ങനെയാണ് വിവിധ വിഭാഗങ്ങളിലായി ഇക്കുറി ലഭിച്ച അപേക്ഷകളുടെ എണ്ണം. കേരള സർവകലാശാലയിൽ ഇത് കഴിഞ്ഞ വർഷം 1600 അപേക്ഷകരുണ്ടായത് ഈ വർഷം 2600 ആയി. കേരളത്തിലെ സർവകലാശാലകളുടെ അഭിമാനകരമായ പൊതുചിത്രമാണിത്.

## സമഗ്രപരിഷ്ക്കരണത്തിലേക്ക്

ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്ക്കരണമെന്ന കർമ്മപരിപാടി ഈ സർക്കാർ ഏറ്റെടുത്തിരിക്കുന്നതിന്റെ ഗുണഫലങ്ങളാണ് ഇവയെന്ന് നിസ്സംശയം കാണാനാവും. ഈ പ്രക്രിയയെ വരുംവർഷങ്ങളിൽ കൂടുതൽ വിപുലവും വിപ്ലവകരവുമായ മാറ്റങ്ങളിലേക്ക് നയിക്കാനാണ് സുചിന്തിതമായ ആസൂത്രണങ്ങൾ പൂർത്തിയാക്കി ഉന്നതവിദ്യാഭ്യാസ രംഗത്തെ ഘടനാമാറ്റങ്ങളിലേക്ക് നാം പ്രവേശിച്ചിരിക്കുന്നത്.

കേരളത്തെ ഒരു ജനപക്ഷ വൈജ്ഞാനികസമൂഹമായി പരിവർത്തനം ചെയ്യാനും ഉന്നതവിദ്യാഭ്യാസ മേഖലയിലെ ആഗോളഹബ്ബാക്കി സംസ്ഥാനത്തെ മാറ്റാനുമാണ് സംസ്ഥാന സർക്കാർ തുടക്കം മുതൽ ലക്ഷ്യമിടുന്നത്. വൈജ്ഞാനികസമൂഹം സൃഷ്ടിച്ചെടുക്കണമെങ്കിൽ ജ്ഞാനോല്പാദനത്തിനാവശ്യമായ കഴിവുകൾ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റണം. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് രാജ്യത്തിനകത്തു നിന്നും പുറത്തുനിന്നുമുള്ള വിദ്യാർഥികളെ ആകർഷിക്കാൻ നമ്മുടെ കരിക്കുലം അന്താരാഷ്ട്രതലത്തിലുള്ള കരിക്കുലവുമായി സാമ്യമുള്ളതാവണം. നമ്മുടെ കോഴ്സുകൾ അന്താരാഷ്ട്ര തലത്തിൽ അംഗീകാരമുള്ളവയും കോഴ്സ് ക്രെഡിറ്റുകൾ പരസ്പരം കൈമാറാൻ സാധ്യതയുള്ളതുമാവണം. ലോകത്തെ മികച്ച സർവകലാശാലകളിലെല്ലാം ബിരുദപഠനം നാലുവർഷമാണെന്നതും പുതിയ മാറ്റങ്ങൾക്ക് പശ്ചാത്തലമായി വർത്തിച്ചു.

സംസ്ഥാനത്തെ ബിരുദ കരിക്കുലം സമഗ്രമായി പരിഷ്ക്കരിക്കണമെന്നും വിദ്യാർഥികൾക്ക് ഇഷ്ടമുള്ള വിഷയങ്ങളും കോമ്പിനേഷനുമെടുത്ത് പഠിക്കാനും ക്രെഡിറ്റുകൾ കൈമാറ്റം ചെയ്യാനും കഴിയുന്ന, അന്തർ സർവകലാശാലാ മാറ്റം സാധ്യമാകുന്ന, രീതിയിൽ നമ്മുടെ സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കണമെന്നും ആയിരുന്നു കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി പഠിച്ച നിർദേശങ്ങൾ സമർപ്പിച്ച പ്രൊഫ. ശ്യാം ബി മേനോൻ അധ്യക്ഷനായ ഉന്നതവിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷനുകൾ നിർദേശിച്ചത്.

കേവലം ഘടനാപരമോ സാങ്കേതികമോ ആയ മാറ്റം എന്നതിനപ്പുറത്തേക്ക് ഉന്നതവിദ്യാഭ്യാസമേഖലയുടെ സമൂല പരിഷ്കരണത്തിനായുള്ള സുപ്രധാന കാൽവെയ്പായാണ് ഇതിനെ കാണേണ്ടത്. പൂർണ്ണമായും വിദ്യാർഥികേന്ദ്രിതമായ, അവരുടെ താൽപര്യങ്ങൾക്കും അഭിരുചികൾക്കും പ്രാധാന്യം നല്കി അതിനിണങ്ങുന്ന കരിയർ കണ്ടെത്താനുതകുന്ന, വിദ്യാർഥികളെ മികച്ച സാമൂഹികജീവികളാക്കി വാർത്തെടുക്കുന്നതിനു സഹായകമായ വിധത്തിലാണ് കരിക്കുലം പരിഷ്കരണം പൂർത്തിയാക്കിയത്. നിലവിൽ വിദേശരാജ്യങ്ങളിലെല്ലാം ഉപരിപഠനത്തിനും തൊഴിലിനും നാലുവർഷ ബിരുദമാണ് കൂടുതൽ പരിഗണിക്കപ്പെടുന്നത്. ഇതുമൂലം കേരളത്തിൽനിന്ന് ബിരുദമെടുത്ത് വിദേശത്തേക്ക് ഉപരിപഠനത്തിനു പോകുന്നവർ വീണ്ടും യു.ജി പഠിച്ച് ക്രെഡിറ്റ് സമ്പാദിക്കേണ്ട നിലയുള്ളത് ഒഴിവാക്കി ലോകോത്തര വിദ്യാഭ്യാസം ഇവിടെത്തന്നെ സാധ്യമാകുന്ന രീതിയിലുള്ള മാറ്റമാണ് നടപ്പാക്കുന്നത്.

## ബിരുദപഠനത്തിൽ വന്ന മാറ്റങ്ങൾ

വിദേശരാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തിരഞ്ഞെടുത്ത് സ്വന്തം ബിരുദഘടന രൂപകല്പന ചെയ്യാവുന്ന തരത്തിലാണ്





നാലുവർഷ ബിരുദ പരിപാടിയുടെ ഉദ്ഘാടനം തിരുവനന്തപുരം വിമൻസ് കോളേജിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു.

നാലുവർഷ ബിരുദപ്രോഗ്രാമുകളുടെ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്.

ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് ഈ കരിക്കുലം രൂപകല്പന. അതുകൊണ്ടുതന്നെ നമ്മുടെ വിദ്യാർഥികൾ ആർജ്ജിക്കുന്ന ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS), അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനം തുടങ്ങിയവയുമായി ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർ നാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ സഹായിക്കുന്നതാണീ സംവിധാനം.

പുതിയ കരിക്കുലം പ്രകാരം ബിരുദ പ്രോഗ്രാമുകളിൽ പ്രധാനമായും രണ്ടു വിഭാഗത്തിൽപ്പെട്ട കോഴ്സുകളാണുണ്ടാവുക - ഫൗണ്ടേഷൻ കോഴ്സുകളും വിഷയാധിഷ്ഠിത പാത്ത് വേ കോഴ്സുകളും. വിവിധ വിഷയ മേഖലകളിൽ അടിസ്ഥാനപരമായ അറിവുനല്കാൻ ഉള്ള കോഴ്സുകളാണ് ഫൗണ്ടേഷൻ കോഴ്സുകൾ. ലിംഗനീതി, ഭരണഘടന, പൊതുവിജ്ഞാനം, മൂല്യവർധിത കോഴ്സുകൾ, നൈപുണ്യ വികസന കോഴ്സുകൾ, മൾട്ടിഡിസിപ്ലിനറി കോഴ്സുകൾ എന്നിവ ഫൗണ്ടേഷൻ കോഴ്സുകളിൽ ഉൾപ്പെടുന്നു. ഫൗണ്ടേഷൻ

**ഗവേഷണപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ നിരവധി പദ്ധതികൾ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. സർവകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങൾ നാം സ്ഥാപിച്ചുവരുന്നു**

തിരഞ്ഞെടുത്ത വിഷയ മേഖലയിൽ ആഴത്തിലുള്ള അറിവുനേടാൻ ഉദ്ദേശിച്ചിട്ടുള്ള കോഴ്സുകളാണ് പാത്ത് വേ കോഴ്സുകൾ. ഓരോ പ്രോഗ്രാമിന്റെയും പാത്ത് വേ കോഴ്സുകൾ ലെവൽ 100, ലെവൽ 200, ലെവൽ 300, ലെവൽ 400 എന്നിങ്ങനെ നാലു തലത്തിലുള്ള നാലു കോഴ്സ് ബാസ്കറ്റുകളിലായി സർവകലാശാലകൾ ക്രമീകരിക്കും. ഓരോ തലത്തിലുമുള്ള പാത്ത് വേ കോഴ്സ് ബാസ്കറ്റുകളിൽ ഓരോന്നിലും ഡിസിപ്ലിൻ-സ്പെസിഫിക് കോർ കോഴ്സുകളും ഡിസിപ്ലിൻ-സ്പെസിഫിക് ഇലക്ടീവ് കോഴ്സുകളും ഉണ്ടാകും. ഓരോ വിഷയത്തിലും മേജർ/ മൈനർ ഡിഗ്രി നേടാൻ ഓരോ തലത്തിലുമുള്ള പാത്ത് വേ കോഴ്സ് ബാസ്കറ്റുകളിൽ നിന്നും എടുക്കേണ്ട കോർ കോഴ്സുകളുടെയും ഇലക്ടീവ് കോഴ്സുകളുടെയും ആകെ ക്രെഡിറ്റ് സർവകലാശാലകൾ നിർണ്ണയിച്ചിട്ടുണ്ട്. വിദ്യാർഥികൾക്ക് സ്വന്തം താൽപര്യപ്രകാരം ഈ കോഴ്സ് ബാസ്കറ്റുകളിൽ നിന്നും ആവശ്യമുള്ള ക്രെഡിറ്റുകൾക്കനുസരിച്ച് ബിരുദപഠനം സ്വയം രൂപകല്പന ചെയ്യാൻ സാധിക്കും.

എല്ലാവിധ മുന്നൊരുക്കങ്ങളോടും കൂടിയാണ് നാലു വർഷ ബിരുദ കോഴ്സ് നടപ്പിലാക്കുന്നത്. മൂന്നുവർഷം പ്രോഗ്രാം നടത്താനും പിജി അടക്കം ഉള്ള കോളേജുകളിൽ അഞ്ചുവർഷ പ്രോഗ്രാമുകൾ നടത്താനും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നിലവിൽ നമ്മുടെ സ്ഥാപനങ്ങൾക്കുണ്ട്. പല കോളേജുകളിലും ഗവേഷണകേന്ദ്രങ്ങൾ ഉണ്ട്. നാലാം വർഷം വിദ്യാർഥികൾ പ്രധാനമായും പ്രോജക്റ്റ്/ ഇന്റേൺഷിപ്പ്, തൊഴിൽ പരിശീലനത്തിനുള്ള കോഴ്സുകൾ, ഓൺലൈൻ കോഴ്സുകൾ, ഫീൽഡ് ട്രെയിനിങ് തുടങ്ങി ക്ലാസ് മുറികൾക്കു പുറത്തുള്ള ആക്റ്റിവിറ്റികൾക്കു പ്രാമുഖ്യമുള്ള കോഴ്സുകളാണ് പൂർത്തീകരിക്കേണ്ടതെന്നു പറഞ്ഞുവല്ലോ. എട്ടാമത്തെ സെമസ്റ്റർ പൂർണ്ണമായും പ്രായോഗികപരിശീലനം നേടുന്നതിന് വിദ്യാർത്ഥിക്ക് വിനിയോഗിക്കാൻ സാധിക്കും. രാജ്യത്തിനകത്തും പുറത്തുമുള്ള ഏതൊരു സ്ഥാപനത്തിലും ഇത്തരത്തിൽ പ്രോജക്റ്റ്/ ഇന്റേൺഷിപ്പ് ചെയ്യാൻ വിദ്യാർഥികൾക്ക് അവസരമുണ്ട്.

## ഗവേഷണമേഖല ലോകനിലവാരത്തിലാക്കാൻ

ഗവേഷണപ്രവർത്തങ്ങൾ പ്രോത്സാഹിപ്പിക്കാൻ നിരവധി പദ്ധതികൾ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. സർവകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങൾ നാം സ്ഥാപിച്ചുവരുന്നു. ഗവേഷകർക്കാവശ്യമായ അന്താരാഷ്ട്ര ജേണലുകൾ സൗജന്യമായി ലഭ്യമാക്കുന്ന ഇ-ജേണൽ കൺസോർഷ്യം നടപ്പിലാക്കി. നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്, കൈരളി ഗവേഷണ പുരസ്കാരം ,ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകൾ, സ്റ്റേറ്റ്-ഓഫ്-ദ-ആർട്ട് സൗകര്യമുള്ള ലബോറട്ടറികൾ എന്നിവ സ്ഥാപിച്ചുവരുന്നതും ഇതേ ലക്ഷ്യത്തിലേക്കായാണ്.

കേരളത്തിൽ വിവിധ വകുപ്പുകൾക്ക് കീഴിൽ വിവിധ ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. . അവിടങ്ങളിലെല്ലാം ഗവേഷണോന്മുഖമായ ബിരുദാനന്തര

ബിരുദ കോഴ്സുകൾ തുടങ്ങാനാവുക എന്നത് ഇതിന്റെ തുടർച്ചയായി കൊണ്ടുവരാവുന്ന വലിയൊരു സാധ്യതയാണ്.

ഇനിയിപ്പോൾ ബിരുദപഠനത്തിന് തുടർച്ചയായി ബിരുദാനന്തര ബിരുദ കരിക്കുലവും പരിഷ്കരിക്കുകയാണ്. ഗവേഷണപ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നല്കിക്കൊണ്ടാവണം പി ജി പഠനം നടക്കേണ്ടത് എന്നാണ് ഇതിലെ പൊതു കാഴ്ചപ്പാട്.

## പാർശ്വവത്കൃതരെ ചേർത്തുപിടിച്ച്

ജനപക്ഷ വൈജ്ഞാനികസമൂഹ മാത്രമാണ് പ്രാധാന്യം നല്കുന്നത്. എന്നാൽ നമ്മുടേതു പോലൊരു മൂന്നാം ലോകരാജ്യത്ത് മികവിനും ഗുണനിലവാരത്തിനുമൊപ്പം പ്രാപ്യതയും തുല്യതയും കൂടി പരിഗണിക്കപ്പെടണം. വിദ്യാഭ്യാസവികസനം നടക്കുമ്പോൾ എല്ലാവർക്കും പ്രാപ്യതയും തുല്യതയും ഉറപ്പാക്കേണ്ട ഉത്തരവാദിത്തം സർക്കാരിനുണ്ടെന്ന കാഴ്ചപ്പാടിലാണ് കേരളം മുന്നോട്ടു പോകുന്നത്.

എൻ.ഇ.പി നടപ്പിൽ വരുത്തുന്ന പല സംസ്ഥാനങ്ങളും വിമർശനാത്മക ചിന്തക്കും അറിവന്വേഷണത്തിനും പ്രായോഗികഅറിവുകൾ ആർജ്ജിക്കുന്നതിനുമെല്ലാം ഉള്ള പാഠ്യപദ്ധതിയെ പൗരാണിക കാലത്തെ പൂർത്തിയാകുന്നതിനുമുമ്പ് ഏതെങ്കിലും തരത്തിലുള്ള തൊഴിൽപരിശീലനവും തൊഴിൽപരിചയ സർട്ടിഫിക്കറ്റും നല്കി ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിന്ന് ഒഴിവാക്കുകയാണ് എൻ.ഇ.പി വഴി സംഭവിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ഈ വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദം നേടി എക്സിറ്റ് ചെയ്യാനും താൽപര്യമുള്ളവർക്ക് നാലാംവർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രൊജക്റ്റ് ഉള്ള ഓണേഴ്സ് ബിരുദം നേടാനും ഗവേഷണതാൽപര്യം ഉള്ളവർക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള ബിരുദ പ്രോഗ്രാമിന്റെ ഘടനയിലേക്കാണ് നാം മാറുന്നത്.



നിർമ്മിതിക്കായുള്ള നിരവധി തലങ്ങളിലുള്ള പ്രവർത്തനങ്ങളുമായി കൂട്ടിയിണക്കിയാണ് കേരളത്തിൽ ഉന്നതവിദ്യാഭ്യാസ പരിഷ്കരണങ്ങൾ മുന്നേറുന്നത്. സാമൂഹ്യനീതിയിലും മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ, എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യതയും തുല്യതയും ഉറപ്പാക്കുന്ന, മികവിലും ഗുണനിലവാരത്തിലും നമ്മെ മുൻപന്തിയിലെത്തിക്കുന്ന ഉന്നതവിദ്യാഭ്യാസമാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്. കലാലയങ്ങളിൽ രൂപീകരിക്കപ്പെടുന്ന അറിവിനെ സമൂഹത്തിന് ഉപയോഗപ്പെടുത്തുക, കേരളത്തെ സാമ്പത്തികശക്തിയായി വളർത്തുക, അതിൽ എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കുക എന്നിവയാണ് മുൻഗണന.

## എൻ.ഇ.പിയുടെ പതിപ്പ് അല്ല

എൻ.ഇ.പി മുന്നോട്ടുവെയ്ക്കുന്ന ഉന്നതവിദ്യാഭ്യാസ കാര്യപരിപാടിയിൽ ഗുണനിലവാരത്തിനും മികവിനും അബദ്ധ ജടിലമായ വിശ്വാസ പ്രമാണങ്ങളെ മഹത്വവത്കരിക്കുന്ന തരത്തിലാണ് അവതരിപ്പിക്കുന്നത്. എന്നാൽ നാം, സാംസ്കാരിക വൈവിധ്യത്തിലും വൈജാത്യങ്ങളിലും ഭരണഘടനാമൂല്യങ്ങളിലും ഊന്നിക്കൊണ്ട്, പുതുതലമുറയിൽ ഡിജിറ്റൽ സാക്ഷരത, സംരംഭകത്വം, സുസ്ഥിരത, ജനാധിപത്യം, പൗരബോധം, ജെൻഡർ അവബോധം, സമഭാവന, മത നിരപേക്ഷകത, ശാസ്ത്രബോധം എന്നിവ ഉറപ്പിച്ചെടുക്കുന്ന പാഠ്യപദ്ധതി പരിഷ്ക്കരണമാണ് ഏറ്റെടുത്തിരിക്കുന്നത്.

ഉയർന്ന തസ്തികകളിൽ ആവശ്യമുള്ള ഒരു ചെറിയ ശതമാനത്തിനു മാത്രം സമഗ്രവിദ്യാഭ്യാസം നല്കുകയും, ബാക്കി മഹാഭൂരിപക്ഷത്തിനും തൊഴിൽ കാര്യക്ഷമത ഉറപ്പാക്കാൻ ആവശ്യത്തിനുള്ള സ്കിൽ പരിശീലനം മാത്രം നല്കി കമ്പോളത്തിനാവശ്യമായ തൊഴിൽസേനയുടെ ഭാഗമാക്കി അവരെ മാറ്റുകയും ചെയ്യുന്നതിലാണ് എൻ.ഇ.പി ഊന്നുന്നത്. അതിനാൽ ഭൂരിപക്ഷം പേരെയും സമഗ്രമായ വിദ്യാഭ്യാസം അറിവ് ഉല്പാദിപ്പിക്കുന്നതിനും പ്രായോഗികമായ അറിവുകൾ ആർജ്ജിക്കുന്നതിനും സംരംഭകത്വ താൽപര്യങ്ങൾ ഉളവാക്കുന്നതിനും അതുവഴി തൊഴിൽ അന്വേഷകർ എന്നതിൽനിന്ന് തൊഴിൽദാതാക്കൾ എന്ന നിലയിലേക്ക് ഉയരുന്നതിനും നമ്മുടെ വിദ്യാർഥികളെ സഹായിക്കുന്നതാണ് കേരളം മുന്നോട്ടുവെക്കുന്ന കരിക്കുലം ചട്ടക്കൂട്. ഇത് എൻ.ഇ.പി വിഭാവനം ചെയ്യുന്ന കരിക്കുലം ചട്ടക്കൂടിന്റെ സ്വഭാവത്തിൽ നിന്നും മൗലികമായി വ്യത്യസ്തമാണ്. യുജിസി മുന്നോട്ടു വെച്ചിരിക്കുന്ന മിനിമം ക്രെഡിറ്റ്, കരിക്കുലം ഘടകങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ട്, കേരളത്തിന്റേതായ പ്രയോഗിക ബദലുകൾ കൂടി ഉൾച്ചേർത്ത ചട്ടക്കൂടാണ് നമ്മുടേത്. കേവലം നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുകയല്ല, ബിരുദവും ബിരുദാനന്തര ബിരുദവും ഗവേഷണവും തുടർവിദ്യാഭ്യാസവുമുൾക്കൊള്ളുന്ന സമഗ്ര പരിഷ്കരണമാണ് ഇതിൽ ലക്ഷ്യമിടുന്നത്.■

ഡോ. രാജൻ വറുഗീസ്
മുൻ പ്രോ വൈസ് ചാൻസിലർ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി,
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ



> അറിവിന്റെ കുത്തകവൽക്കരണം കൂടുതൽ ദൃഢീകരിക്കപ്പെടുന്ന സാഹചര്യത്തിൽ മികവിന്റെ ജനാധിപത്യവൽക്കരണമാണ് കേരളം ലക്ഷ്യമിടുന്നത്

# തുല്യനീതിയിൽ ഊന്നി മികവിലേക്ക്





വിദ്യാഭ്യാസവും വികസനവും തമ്മിലുള്ള പാരസ്പര്യം കേരളത്തിൽ ദീർഘകാലമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആദ്യകാല ഭരണകർത്താക്കളും വിദ്യാഭ്യാസ ഏജൻസികളും സാമൂഹിക പരിഷ്കർത്താക്കളും രാഷ്ട്രീയ മുന്നേറ്റങ്ങളും സ്വാതന്ത്ര്യാനന്തര സർക്കാരുകളും സ്വീകരിച്ച ഉദാര സമീപനങ്ങളുടെയും നൽകിയ സഹായങ്ങളുടെയും അടിസ്ഥാനത്തിൽ, വിദ്യാഭ്യാസരംഗത്ത് ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളിലായി കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സാർവത്രിക സാക്ഷരത കൈവരിച്ചും സ്കൂൾ തലത്തിൽ കൊഴിഞ്ഞ് പോക്ക് ഏറെക്കുറെ പൂർണ്ണമായും ഒഴിവാക്കിയും പ്രസക്തമായ പ്രായപരിധിക്കുള്ളിലുള്ളവരുടെ 41.3% ശതമാനത്തോളം യുവാക്കളുടെ പ്രവേശനം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉറപ്പാക്കിയും പ്രാപ്യതയുടെ കാര്യത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഒട്ടേറെ മുന്നേറിയിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ച

1956 മുതൽ കേരളം പിന്തുടർന്നുപോന്ന ലിബറൽ വിദ്യാഭ്യാസ നയത്തിന്റെ പരിണിതഫലമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലും വിദ്യാർഥികളുടെ എൻറോൾമെന്റിലും കാര്യമായ വർധനവ് സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. 2023 ലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക് അനുസരിച്ച് 16 സംസ്ഥാന സർവകലാശാലകളും 1463 കോളേജുകളും (സർക്കാർ-236, എയിഡഡ്-184, സ്വാശ്രയം-1043), 56497 അദ്ധ്യാപകരും (സർവകലാശാല-2576, സർക്കാർ - 8812, എയിഡഡ് - 12775, സ്വാശ്രയം - 32334), 13,04,445 ലക്ഷം വിദ്യാർഥികളും ഉൾപ്പെടുന്ന സംവിധാനമാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖല. ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) എടുത്താൽ കേരളത്തിൽ കോളേജ് വിദ്യാർഥി പ്രായത്തിലുള്ള 41.3% പേർ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തുന്നുണ്ട്. All India Survey on Higher Education (AISHE 202122) കണക്ക് അനുസരിച്ച് 13,04,445 ലക്ഷം.

ഡോ. അശോക് മിത്ര കമ്മീഷൻ റിപ്പോർട്ട് (1992), ഡോ. ജെ.ബി.ജി. തിലക് റിപ്പോർട്ട് (2001), ഡോ. പ്രഭാത് പട്നായ്ക് കമ്മിറ്റി റിപ്പോർട്ട് (2002), പ്രൊഫ. യു.ആർ. അനന്തമൂർത്തി കമ്മിറ്റി റിപ്പോർട്ട് (2008) എന്നീ റിപ്പോർട്ടുകൾ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ വളർച്ച സംബന്ധിച്ചുള്ള വിവിധ വശങ്ങൾ പുറത്തുകൊണ്ട് വന്നിട്ടുള്ളവയാണ്.

## ദേശീയ വിദ്യാഭ്യാസനയവും കേരളവും

ദേശീയ തലത്തിൽ മുന്നോട്ട് വെച്ചിട്ടുള്ള നയങ്ങളുടെ സംസ്ഥാനതല ബദൽ എന്ന രീതിയിലാണ് കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് പ്രസിദ്ധീകരിച്ചപ്പോൾ തന്നെ അതിനെ വിലയിരുത്താനും സംസ്ഥാനതല നയരൂപീകരണത്തിന് ഉതകുന്ന രീതിയിലുള്ള നിർദേശങ്ങൾ മുന്നോട്ട് വെക്കാനും ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രൊഫ. പ്രഭാത് പട്നായിക്കിന്റെ നേതൃത്വത്തിലുള്ള ഒരു ആറംഗസമിതി (2020) രൂപീകരിക്കുകയുണ്ടായി. കമ്മിറ്റിയുടെ താഴെപ്പറയുന്ന നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്.

1) രാജ്യത്തെ വിദ്യാഭ്യാസ മേഖല നിലവിലുള്ള മാതൃകയിൽ നിന്നും തികച്ചും പിന്തിരിപ്പനും വിനാശകരവുമായ മാറ്റത്തിനു വിധേയമാകേണ്ടി വരുന്ന ആശയങ്ങളാണ് ദേശീയ വിദ്യാഭ്യാസ നയം 2020 മുന്നോട്ടു വയ്ക്കുന്നത്.

2) 'Inclusiveness' അഥവാ 'ഉൾക്കൊള്ളൽ' സമീപനം ആദ്യമെ നീക്കം ചെയ്യപ്പെടുന്നതോടെ, വിദ്യാഭ്യാസം വരേണ്യവർഗത്തിനു മാത്രമായി ചുരുങ്ങിപ്പോകും. ദളിതർക്കും, പിന്നോക്ക വിഭാഗങ്ങൾക്കും, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവർക്കും അർഹമായ സംവരണ (reservations) ത്തെപ്പറ്റി നയരേഖയിൽ ഒരു പരാമർശവുമില്ല.

3) വിദ്യാഭ്യാസ മേഖലയുടെ സ്വകാര്യവൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020 പഠനച്ചെലവ് ഉയരുന്നതിനും വിദ്യാർഥികൾ തമ്മിലുള്ള സാമൂഹികമായ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടുന്നതിനും തന്മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിദ്യാർഥികൾ കൊഴിഞ്ഞുപോകുന്നതിനും കാരണമാകും. സ്വകാര്യമേഖലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്കോളർഷിപ്പ് ലഭ്യമാക്കുമെന്ന് പരാമർശിക്കുന്നുണ്ടെങ്കിലും, ഇത് സ്കോളർഷിപ്പിന് അർഹത നേടാത്ത വിദ്യാർഥികളുടെ പഠനച്ചെലവ് കൂടുതൽ ഉയർത്തുകയേയുള്ളൂ. സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന പാവപ്പെട്ട വിദ്യാർഥികളുടെ പഠനച്ചെലവ് സർക്കാർ വഹിക്കണം. എന്നാൽ ഇത് പുതിയ നയത്തിന്റെ പരിഗണനാവിഷയമേ അല്ല.

4) ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാർഥി പ്രവേശനം വർധിപ്പിക്കണമെന്ന് പറയുമ്പോൾ തന്നെ, ദേശീയ വിദ്യാഭ്യാസ നയം വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്കിനുള്ള സാധ്യതയും തുറന്നിടുന്നു. പൂർത്തീകരിക്കുന്ന ഏതെങ്കിലും പഠനഘട്ടത്തിൽ ലഭ്യമാവുന്ന സർട്ടിഫിക്കറ്റിന്റേയോ, തൊഴിലധിഷ്ഠിത പരിശീലനത്തിന്റേയോ പിൻബലത്തിൽ പുറത്തുപോകുന്ന വിദ്യാർഥികൾക്ക് സമഗ്രവിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ലഭ്യമായെന്നു വരില്ല..

## വൈജ്ഞാനിക സമൂഹവും കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ പരിഷ്ക്കാരങ്ങളും

സംസ്ഥാനത്തെ ഒരു ജനപക്ഷ വൈജ്ഞാനിക സമൂഹമായി പരിവർത്തനം ചെയ്യാനും ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗ്ലോബൽ ഹബ്ബ് ആക്കി മാറ്റാനുമാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഒരു വൈജ്ഞാനിക

സമൂഹം സൃഷ്ടിച്ചെടുക്കണമെങ്കിൽ ജ്ഞാനോല്പാദനത്തിനാവശ്യമായ കഴിവുകൾ ആ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റണം. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് രാജ്യത്തിനകത്തു നിന്നും പുറത്തുനിന്നുമുള്ള വിദ്യാർഥികളെ ആകർഷിക്കാൻ സാധിക്കണമെങ്കിൽ നമ്മുടെ കരിക്കുലം അന്താരാഷ്ട്ര തലത്തിലുള്ള കരിക്കുലവുമായി സാമ്യമുള്ളതാവണം. നമ്മുടെ സ്ഥാപനത്തിൽ നിന്നുള്ള കോഴ്സുകൾ അന്താരാഷ്ട്ര തലത്തിൽ അംഗീകാരവും കോഴ്സ് ക്രെഡിറ്റുകൾ പരസ്പരം കൈമാറാൻ സാധ്യതകളുള്ളതുമാവണം. ലോകത്തെ മികച്ച സർവകലാശാലകളിലെല്ലാം ബിരുദ പഠനം നാലുവർഷമാണെന്നതും ഈ സാഹചര്യത്തിൽ നമ്മൾ കാണേണ്ടതുണ്ട്. ഈയൊരു പശ്ചാത്തലത്തിലാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി പഠിച്ച് നിർദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന സർക്കാർ മൂന്ന് കമ്മീഷനുകളെ നിയോഗിച്ചത്.

## നാലുവർഷ ബിരുദത്തിന്റെ സവിശേഷതകൾ

സംസ്ഥാനത്ത് നടപ്പിലാക്കുന്ന നാലുവർഷ ബിരുദം നിലവിലെ ബിരുദ പഠനത്തെ ഒരു വർഷം കൂടി ദീർഘിപ്പിക്കുക എന്നല്ല ഉദ്ദേശിക്കുന്നത്. മറിച്ച് വിദ്യാർഥികൾക്ക് അവരുടെ ആവശ്യം, താല്പര്യം എന്നിവ പരിഗണിച്ച് ഉചിതമായ ബിരുദം തെരഞ്ഞെടുക്കാനും, ബിരുദ കോമ്പിനേഷനുകൾ താല്പര്യാനുസരണം കണ്ടെത്തി ബിരുദം സ്വയം ഡിസൈൻ ചെയ്യാനുമുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ട് നിലവിലെ ബിരുദ പഠന രീതിയെത്തന്നെ ആകെ മാറ്റുകയാണ് ചെയ്യുന്നത്.

പുതിയ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി മൂന്ന് വർഷ ബിരുദ പ്രോഗ്രാം ഉൾച്ചേർന്നിരിക്കുന്നു. നാലുവർഷ ബിരുദ പ്രോഗ്രാമിന് ചേരുന്ന ഏതൊരു വിദ്യാർഥിക്കും മൂന്നുവർഷത്തിനകം 133 ക്രെഡിറ്റ് ആർജിച്ചാൽ ബിരുദം നേടി പുറത്തിറങ്ങാനും തുടർ പഠനത്തിനായി 2 വർഷ പിജി പഠനത്തിന് ചേരാനുള്ള

1. **സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC):** രാജ്യത്തെ സർവകലാശാലകളുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്ന നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) ന്റെ മാതൃകയിൽ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾകൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിങ്ങ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചുവരുന്നു.

2. **കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ്ങ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework) (KIRF):** NIRF മാതൃകയിൽ സംസ്ഥാനത്തെ



അശോക് മിത്ര, ബി.ജി. തിലക്, പ്രഭാത് പട്നായ്ക്, ശ്യാം ബി മേനോൻ, യു.ആർ. അനന്തമൂർത്തി

ഈ കമ്മീഷനുകളിൽ പ്രൊഫ. ശ്യാം ബി മേനോൻ അധ്യക്ഷനായ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ (2022) സംസ്ഥാനത്തെ ബിരുദ കരിക്കുലം സമഗ്രമായി പരിഷ്കരിക്കണമെന്നും വിദ്യാർഥികൾക്ക് ഇഷ്ടമുള്ള വിഷയങ്ങളും കോമ്പിനേഷനുമെടുത്ത് പഠിക്കാനും ക്രെഡിറ്റുകൾ കൈമാറ്റം ചെയ്യാനും കഴിയുന്ന, അന്തർ സർവകലാശാലാ മാറ്റം സാധ്യമാകുന്ന രീതിയിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കണമെന്നും നിർദേശിച്ചു.

ഇതിനെത്തുടർന്നു സംസ്ഥാന സർക്കാർ നിയോഗിച്ച പ്രൊഫ. സുരേഷ് ദാസ് അധ്യക്ഷനായ കരിക്കുലം കമ്മിറ്റി (2023) ഒരു കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിച്ചു സർവകലാശാലകൾക്ക് കൈമാറി. ഇതിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ മാതൃക അക്കാദമിക് റഗുലേഷനും (2023) ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സർവകലാശാലകൾക്ക് നൽകുകയുണ്ടായി.

സാധ്യതകൾ പഴയ പോലെ തന്നെ മാറ്റമില്ലാതെ തുടരുകയും ചെയ്യും.

പുതിയ കരിക്കുലത്തിൽ അവരുടെ അഭിരുചി പ്രകാരമുള്ള വഴികൾ (pathway) തെരഞ്ഞെടുക്കാം.

ഇത്തരത്തിൽ സംസ്ഥാനത്ത് ആഗോള തലത്തിൽ അംഗീകരിച്ചിട്ടുള്ള നാലുവർഷ ബിരുദ പ്രോഗ്രാം നിലവിൽ വരുന്നതിനോടൊപ്പം തന്നെ ബിരുദ പ്രോഗ്രാമുകളുടെ ഘടനയും ഉള്ളടക്കവും പൂർണ്ണമായ രീതിയിൽ നവീകരിച്ചിട്ടുമുണ്ട്.

## ഗുണനിലവാരം ഉറപ്പാക്കൽ നടപടികൾ (Qualtiy Assurance Initiatives)

അക്കാദമിക നിലവാരം ഉയർത്താൻ കരിക്കുലം പരിഷ്ക്കരണത്തിന് ഒപ്പം തന്നെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കാൻ, ഗവേഷണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തൽ, ഡിജിറ്റൽ/ഇന്റർനെറ്റ് സാങ്കേതിക വിദ്യയുടെ ലഭ്യത എന്നീ കാര്യങ്ങളിൽ സർവകലാശാല/കോളേജ് തലത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ വിലയിരുത്തി അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്നതിനുള്ള കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ്ങ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) (KIRF) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ഗവേഷണ മേഖലാ പ്രവർത്തനങ്ങൾ

1. **സെന്റേഴ്സ് ഓഫ് എക്സലൻസ്:** സർവകലാശാലകൾക്കുള്ളിൽ സ്വതന്ത്ര പദവിയുള്ള സെന്റേഴ്സ് ഓഫ് എക്സലൻസ്(COE) സംബന്ധിച്ചുള്ള കൺസെപ്റ്റ് പേപ്പർ തയ്യാറാക്കി സർക്കാരിനും സർവകലാശാലകൾക്കും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന സെന്ററുകൾ ആരംഭിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

2. Centre of Excellence for Teaching, Learning & Training

3. Kerala Institute for Science,

Technology & Innovation (KISTI)

4. Kerala Institute of Advanced Study (KIAS)

5. Centre for Indigenous People's Education (CIPE)

6. Kerala Institute for Gender Equality (KIGE)

7. Kerala Language Network (KLN)

ഇതിന് പുറമെ, കേരള, സർവകലാശാല, എം ജി സർവകലാശാല, കാലിക്കറ്റ് സർവകലാശാല, കണ്ണൂർ സർവകലാശാല, കുസാറ്റ്, എ പി ജെ അബ്ദുൽ കാലം സാങ്കേതിക സർവകലാശാല എന്നീ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളും (TRC) ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. **ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:** നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഗവേഷണ പദ്ധതിയാണിത്.

3. കൈരളി ഗവേഷണ പുരസ്കാരങ്ങൾ: ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസേർച്ച് അവാർഡുകൾ.

4. **എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:** സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ് വർക്ക് വികസിപ്പിക്കുന്നതിനും കൂടിയാണ് എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ സംസ്ഥാനം സന്ദർശിച്ച എറുഡൈറ്റ് സ്കോളർറുമായി ചേർന്ന് നിരവധി അക്കാദമിക പ്രൊജക്ടുകളും, പ്രബന്ധങ്ങളും, സംസ്ഥാനത്തെ സർവകലാശാല/ കോളേജ് അധ്യാപകരും ഗവേഷകരും തയ്യാറാക്കിയിട്ടുണ്ട്.

5. ബ്രെയിൻ ഗെയിൻ: കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മലയാളികളായ പ്രഗത്ഭ വ്യക്തികളുടെ വിജ്ഞാന സമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇതു സംബന്ധിച്ച വിവരശേഖരണം നടത്തി കഴിഞ്ഞു. Building Up Database of the Keralite – Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിവരുന്നത്.

## ഡിജിറ്റൽ/സാങ്കേതിക വിദ്യാ സൗകര്യങ്ങൾ

1. **ഇ-ജേർണൽ കൺസോർഷ്യം:** സർവകലാശാലകൾക്ക് യു.ജി.സി സൗജന്യമായി നൽകിവന്നിരുന്ന ഇ- ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഈ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium)പ്രവർത്തന ക്ഷമമാണ്.

2. **കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൽനെറ്റ്):** കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്വർക്ക് (Kerala Academic Library Network KALNET) പ്രവർത്തനം ആരംഭിച്ചു.

3. **ഡിജികോൾ (DIGICOL):** മൂഡിൽ അധിഷ്ഠിതമായ ലേണിങ് മാനേജ്മെന്റ് സിസ്റ്റം എല്ലാ കോളേജുകളിലും ഫലപ്രദമായി നടപ്പിലാക്കുക എന്നതിന്റെ ഭാഗമായി ലെറ്റ്സ് ഗോ ഡിജിറ്റൽ എന്ന പദ്ധതിയും (ഡിജികോൾ) നടപ്പിലാക്കിവരുന്നു. ഡിജിറ്റൽ വിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യം ഒരുക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണവും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജിതമായി നടന്നുവരുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. 35 കോളേജുകൾക്ക് അവരുടെ Moodle LMS സംവിധാനം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഡേറ്റാ സെന്ററിൽ അപ്ലോഡ് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

4. ഓൺലൈൻ ഡിജിറ്റൽ ശേഖരം: സംസ്ഥാനത്തെ സർവകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി/പി.ജി പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്പോർട്ടലിൽ 'ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

## സ്റ്റഡി ഇൻ കേരള

അന്താരാഷ്ട്ര വിദ്യാർഥികളെ മുഴുവൻ സമയ-ഹ്രസ്വകാല പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സാധ്യതകൾ കേരളത്തിലുണ്ട്. സംസ്ഥാനത്തെ സർവകലാശാലകളുടെ ഉയർന്ന അക്രഡിറ്റേഷനും റാങ്കിങ്ങും നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയ-അന്തർദേശീയ സ്വീകാര്യത വർധിപ്പിക്കും. നാലുവർഷം ബിരുദ പദ്ധതിയും പുത്തൻ തലമുറ പ്രോഗ്രാമുകളും പ്രസക്തമാകുന്നത് ഈ പശ്ചാത്തലത്തിൽ കൂടിയാണ്.

പ്രാപ്യതയും ഗുണമേന്മയും ഒന്നിച്ചുകൊണ്ടു പോകുക, പാഠ്യപദ്ധതി പരിഷ്ക്കരണം നടപ്പിലാക്കുക, ഗവേഷണ പദ്ധതികളിലൂടെ സർവകലാശാലകളുടെ ശാക്തികരണം, അന്തർവൈജ്ഞാനിക പഠനത്തിന്റെ പ്രാധാന്യം എന്നീ വിഷയങ്ങളിൽ സുവ്യക്തമായ കാഴ്ചപ്പാടുകളോടെയാണ് ഉന്നത വിദ്യാഭ്യാസ രംഗം മുന്നേറുന്നത്. പ്രാപ്യതയോടൊപ്പം തന്നെ ഗുണമേന്മ ഉറപ്പാക്കുന്നതിനും പ്രാധാന്യം നൽകുന്ന സമീപനമാണ് കൈക്കൊള്ളുന്നത്. മത്സരാധിഷ്ഠിത ഉദാരവൽക്കരണത്തിലൂടെ പരമ്പരാഗതമായി തുടർന്നുവരുന്ന അറിവിന്റെ കുത്തകവൽക്കരണം കൂടുതൽ ദൃഢീകരിക്കപ്പെടുന്ന സാഹചര്യത്തിൽ ഇത് ശക്തമായ ഒരു വെല്ലുവിളി തന്നെയാണ്. മികവിന്റെ ജനാധിപത്യവൽക്കരണമാണ് ഇതിന് പകരം വയ്ക്കേണ്ടത്. തുല്യനീതി ഗുണനിലവാരത്തിന് വിപരീതമോ അനുബന്ധമോ അല്ല. അത് ഗുണനിലവാരത്തിന് അവശ്യമായ അവസ്ഥയും ഘടകവുമാണെന്ന ബോധം വളർത്തിയെടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് മികവിലേക്കുള്ള പ്രയാണം തുല്യനീതിയിലൂന്നി കൊണ്ടായിരിക്കണം. വിപുലമായ ഒരു അടിത്തറ അതിനാവശ്യമുണ്ട്. എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന പ്രകൃതമുള്ളതാവണം അത്. മത്സരം ഒഴിവാക്കി, കൂട്ടായ പ്രയത്നം വഴി മികവുണ്ടാക്കാനാകണം. ■



**1956 മുതൽ കേരളം പിന്തുടർന്നുപോന്ന ലിബറൽ വിദ്യാഭ്യാസ നയത്തിന്റെ പരിണതഫലമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലും വിദ്യാർഥികളുടെ എൻറോൾമെന്റിലും കാര്യമായ വർധനവ് സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്**



# നാലുവർഷ ബിരുദം ഒറ്റനോട്ടത്തിൽ

> ബിരുദാനന്തര ബിരുദത്തിന്റെ ഘടനയിലും മാറ്റമുണ്ടാകും. മൂന്ന് വർഷ ഡിഗ്രി പൂർത്തിയാക്കുന്ന വിദ്യാർഥിക്ക് രണ്ടു വർഷവും നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നയാൾക്ക് ഒരു വർഷവും കൊണ്ട് ബിരുദാനന്തര ബിരുദം കരസ്ഥമാക്കാം

എല്ലാ ബിരുദ പ്രോഗ്രാമുകളിലും ഒരു വിഷയം മേജർ ആയും മറ്റൊരു വിഷയം മൈനർ ആയും വിദ്യാർഥികൾക്ക് തെരഞ്ഞെടുക്കാം. ആദ്യത്തെ രണ്ടു സെമസ്റ്റർ കഴിഞ്ഞാൽ മേജർ, മൈനർ എന്നിവ മാറാനുള്ള അവസരമുണ്ട്. സമർഥരായ വിദ്യാർഥികൾക്ക് കൂടുതൽ കോഴ്സുകൾ പഠിച്ച് അഞ്ച്  സെമസ്റ്റർ കൊണ്ട് ഡിഗ്രിയും ഏഴ് സെമസ്റ്ററിൽ ഓണേഴ്സും നേടാം. സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ ഡിസിപ്ലിൻ എന്നീ സാധ്യതകളും ഈ പ്രോഗ്രാമുകളിൽ ഉണ്ട്. മൈനർ വിഷയത്തിൽ കൂടുതൽ ക്രെഡിറ്റ് നേടിയാൽ ആ വിഷയത്തിൽ തന്നെ ബിരുദാനന്തര ബിരുദത്തിന് ചേരാം. ഒരു നിശ്ചിത ക്രെഡിറ്റ്) നേടുന്ന വിദ്യാർഥിക്ക് ആവശ്യമെങ്കിൽ മൂന്നു വർഷ ബിരുദവുമായി പുറത്ത് വരാം. തുടർന്ന് പഠിക്കാൻ താൽപര്യമുള്ളവർക്ക് നാല് വർഷ ഓണേഴ്സ് ബിരുദം പഠിക്കാം. വിജ്ഞാന അടിത്തറ, ബൗദ്ധിക കഴിവുകൾ, മൾട്ടി ഡിസിപ്ലിനറി വീക്ഷണങ്ങൾ, അടിസ്ഥാന വൈദഗ്ധ്യം, സാമൂഹിക പ്രതിബദ്ധത, ഗവേഷണ അഭിരുചി എന്നിവ വിദ്യാർഥികളിൽ വളർത്തിയെടുത്ത് അവരെ തൊഴിൽമേഖലയുമായി നേരിട്ട് ബന്ധപ്പെടുത്തുന്നതിനും പ്രസ്തുത പഠനമേഖലകളിലെ ഗവേഷണത്തിന് പ്രാപ്തരാക്കുന്നതിനും പര്യാപ്തമായ രീതിയിലാണ് ഓണേഴ്സ് വിത്ത് റിസർച്ചിന്റെ പാഠ്യ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഏഴാമത്തെ സെമെസ്റ്ററിൽ വിവിധ തരത്തിലുള്ള നൂതന കോഴ്സുകൾ റെഗുലർ ആയി



പഠിക്കണം. അവസാന സെമസ്റ്റർ പൂർണ്ണമായും പ്രോജെക്റ്റ്, ഇന്റേൺഷിപ്പ് എന്നിവയ്ക്കായി ഉപയോഗിക്കും. ഈ സെമെസ്റ്ററിൽ രണ്ടു കോഴ്സുകളെങ്കിലും ഓൺലൈൻ ആയി പഠിക്കണം. ഈ ബിരുദം നേടുന്നവർക്ക് അധ്യാപനത്തിനും ഗവേഷണ ഫെലോഷിപ്പിനും ഉള്ള ദേശീയ പരീക്ഷകൾ എഴുതുവാനും നേരിട്ട് പി.എച്ച്.ഡിക്ക് ചേരുവാനുമുള്ള അർഹത ഉണ്ടായിരിക്കും. മേജർ-മൈനർ വിഷയങ്ങൾ കൂടാതെ മൂല്യാധിഷ്ഠിത കോഴ്സുകൾ, നൈപുണ്യവികസന കോഴ്സുകൾ, ഭാഷാപ്രാവീണ്യം നേടുവാനുള്ള കോഴ്സുകൾ എന്നിവയും പാഠ്യപദ്ധതിയുടെ ഭാഗമാണ്. വിവിധ സർവകലാശാലകൾ, വ്യവസായസ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കുവാനും അവിടെയുള്ള പ്രമുഖരുമായി സംവദിക്കുവാനുമുള്ള അവസരം ഉണ്ടായിരിക്കും ഓൺലൈൻ കോഴ്സുകൾ എടുത്ത് ക്രെഡിറ്റ് കരസ്ഥമാക്കാനും കോളേജുകൾ മാറുവാനും വിദ്യാർഥികൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കും. സമ്പാദിക്കുന്ന ക്രെഡിറ്റുകൾക്ക് ഏഴുവർഷം വരെ കാലാവധി ഉണ്ടായിരിക്കും. ഇടയ്ക്ക് വച്ച് പഠനത്തിന് ഇടവേള എടുക്കാനും അത് കഴിഞ്ഞു തുടർന്ന് പഠിക്കുവാനുമുള്ള അവസരമുണ്ട്.പരീക്ഷാരീതിയിലും സമൂല മാറ്റമാണ് വിഭാവനം ചെയ്യുന്നത്. ക്വിസ്, ഗ്രൂപ്പ് ഡിസ്കഷൻ, പ്രഭാഷണം തുടങ്ങി വ്യത്യസ്തരീതികളിലുള്ള പരീക്ഷാരീതികളായിരിക്കും അവലംബിക്കുക. ബിരുദാന്തര ബിരുദത്തിന്റെ ഘടനയിലും മാറ്റമുണ്ടാകും. മൂന്ന് വർഷ ഡിഗ്രി പൂർത്തിയാക്കുന്ന വിദ്യാർഥിക്ക് രണ്ടു വർഷവും നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നയാൾക്ക് ഒരു വർഷവും കൊണ്ട് ബിരുദാന്തര ബിരുദം കരസ്ഥമാക്കാം.



# സർവകലാശാലകളും പ്രോഗ്രാമുകളും



## കേരള സർവകലാശാല

കേരളത്തിൽ ആദ്യമായി നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചത് കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ ആണ്. 2023-24 അധ്യയന വർഷം ബി.എ. ഓണേഴ്സ് വിത്ത് റിസർച്ച് (പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷനൽ റിലേഷൻസ് ഇക്കണോമിക്സ് ഹിസ്റ്ററി എന്ന പ്രോഗ്രാമിൽ 30 വിദ്യാർഥികൾ പ്രവേശനം നേടി. 2024-25 അധ്യയനവർഷം സർവകലാശാലയിലെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും സർവകലാശാലയുടെ വിവിധ പഠന ഗവേഷണ വിഭാഗങ്ങളിലും വൈവിധ്യമാർന്ന പ്രോഗ്രാമുകൾ ആരംഭിച്ചുകഴിഞ്ഞു.

കാര്യവട്ടത്തെ പഠന ഗവേഷണ വകുപ്പുകളിൽ ആരംഭിക്കുന്ന ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമുകളിൽ ഈ അധ്യയന വർഷം 16 മേജർ വിഷയങ്ങളും 51 മൈനർ വിഷയങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിദ്യാർഥികൾക്ക് അഭിരുചി അനുസരിച്ച് മൈനർ വിഷയങ്ങൾ തെരഞ്ഞെടുക്കാം. ഗവേഷണ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാൻ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്ന ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററും സ്റ്റാർട്ടപ്പ് വിഭാഗവും സഹായകരമാകും. സർവകലാശാലയിലെ കേന്ദ്രീകൃത ലബോറട്ടറിയും പഠന ഗവേഷണ വകുപ്പുകളിലെ ലബോറട്ടറികളും സയൻസ് വിദ്യാർഥികൾക്ക് ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമുകൾ വിജയകരമായി പൂർത്തിയാക്കുവാൻ തികച്ചും സഹായകമാണ്. ഇംഗ്ലീഷ്, സംസ്കൃതം, അറബിക്, ഫ്രഞ്ച്, ജർമ്മൻ, റഷ്യൻ, ഹിന്ദി, മലയാളം, തമിഴ്, എന്നീ ഭാഷകളിൽ പ്രാവീണ്യം നേടാനാകും. വിദേശ സർവകലാശാലകളിലും ഗവേഷണസ്ഥാപനങ്ങളിലുമുള്ള ശാസ്ത്രജ്ഞരുമായും പ്രൊഫസറുമായും സംവദിക്കുവാനുള്ള അവസരം. തൊഴിൽ, നൈപുണ്യ പരിശീലനത്തിനായി, പ്ലേസ്മെന്റ് സെൽ, ഫിനിഷിങ് സ്കൂൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ക്യാമ്പസ് ലൈബ്രറി എന്നിവയും സവിശേഷതകളാണ്.

## മേജർ പ്രോഗ്രാമുകൾ

1. ബയോളജി
2. ഫിസിക്സ്
3. കമ്പ്യൂട്ടർ സയൻസ്
4. കെമിസ്ട്രി
5. മാത്തമാറ്റിക്സ്
6. ജിയോളജി
7. സൈക്കോളജി
8. ഹിന്ദി
9. മലയാളം, കേരള പഠനം
10. ഇംഗ്ലീഷ്
11. സംസ്കൃതം
12. പൊളിറ്റിക്സ് & ഇന്റർനാഷണൽ റിലേഷൻസ്
13. ഇക്കണോമിക്സ്
14. ഹിസ്റ്ററി
15. ബി.കോം
16. ബി.ബി.എ

## മൈനർ പ്രോഗ്രാമുകൾ

1. അക്വാറ്റിക് സയൻസ് & ഫിഷറീസ്
2. അപ്ലൈഡ് അക്വാകൾച്ചർ
3. ബയോകെമിസ്ട്രി
4. ബയോടെക്നോളജി
5. ബോട്ടണി
6. ബയോഡൈവേഴ്സിറ്റി കൺസർവേഷൻ
7. ബയോസ്റ്റാറ്റിസ്റ്റിക്സ് & ഡെമോഗ്രഫി
8. എൻവയോൺമെന്റ് & ക്ലൈമറ്റ് ചെയിഞ്ച് സയൻസ്
9. ഫിഷറീസ് സയൻസ്
10. മറൈൻ ബയോളജി
11. സുവോളജി
12. സൈക്കോളജി
13. ഫിസിക്സ്
14. രസതന്ത്രം
15. ഗണിതം
16. സ്റ്റാറ്റിസ്റ്റിക്സ്
17. ജിയോളജി
18. ഇലക്ട്രോണിക്സ് & ഫോട്ടോണിക്സ്
19. മെഷീൻ ലേണിങ്
20. നാനോ സയൻസ് & നാനോ ടെക്നോളജി
21. ആർട്ടിഫിഷൽ ഇന്റലിജൻസ്
22. ഡാറ്റ അനലിറ്റിക്സ്
23. ഡാറ്റ സയൻസ്
24. എനർജി & ഫങ്ഷണൽ മെറ്റീരിയൽസ്
25. സാമ്പത്തികശാസ്ത്രം
26. ചരിത്രം
27. സോഷ്യോളജി
28. ഫിലോസഫി
29. പൊളിറ്റിക്കൽ സയൻസ് & ഇന്റർനാഷണൽ റിലേഷൻസ്
30. പൊതു ഭരണം
31. പശ്ചിമേഷ്യൻ പഠനങ്ങൾ
32. അപ്ലൈഡ് ലിംഗ്വിസ്റ്റിക്സ്
33. പത്രപ്രവർത്തനം
34. ആർക്കിയോളജി
35. മാനുസ്ക്രിപ്റ്റോളജി & പാലിയോഗ്രഫി
36. ഇംഗ്ലീഷ്
37. ഫ്രഞ്ച്
38. റഷ്യൻ ഭാഷയും സാഹിത്യവും
39. ജർമ്മൻ
40. അറബി ഭാഷയും സാഹിത്യവും
41. ഹിന്ദി
42. മലയാളം, കേരള പഠനം
43. തമിഴ് ഭാഷയും സാഹിത്യവും
44. സംസ്കൃത ഭാഷയും സാഹിത്യവും
45. ലൈബ്രറി & ഇൻഫർമേഷൻ സയൻസ്
46. ഫിനാൻസ് & ടാക്സേഷൻ മാനേജ്മെന്റ്
47. ട്രാവൽ & ടൂറിസം
48. ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്
49. മാർക്കറ്റിംഗ്
50. സപ്ലൈ ചെയിൻ & ലോജിസ്റ്റിക്സ്
51. സൈബർ സുരക്ഷാ നിയമങ്ങളും ബൗദ്ധിക സ്വത്തവകാശങ്ങളും



## കാലിക്കറ്റ് സർവകലാശാല

### ശാസ്ത്ര പഠനം

1. ബി.എസ്‌സി സ്റ്റാറ്റിസ്റ്റിക്സ് ഓണേഴ്സ്
2. ബി.എസ്.സി കെമിസ്ട്രി ഓണേഴ്സ്
3. ബി.എസ്.സി ജിയോഗ്രഫി ഓണേഴ്സ്
4. ബിഎസ്‌സി സൈക്കോളജി ഓണേഴ്സ്
5. ബിഎസ്‌സി പോളിമർ കെമിസ്ട്രി ഓണേഴ്സ്
6. ബിഎസ്‌സി ഇൻഡസ്ട്രിയൽ കെമിസ്ട്രി ഓണേഴ്സ്
7. ബി.എസ്‌സി അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡേറ്റാ സയൻസ് ഓണേഴ്സ്
8. ബി.എസ്‌സി അപ്ലൈഡ് ഫിസിക്സ് ഓണേഴ്സ്
9. ബി.എസ്‌സി ഫിസിക്സ് ഓണേഴ്സ്
10. ബി.എസ്‌സി അക്വാകൾച്ചർ ഓണേഴ്സ്
11. ബി.എസ്‌സി അക്വാകൾച്ചർ& ഫിഷറി മൈക്രോബയോളജി ഓണേഴ്സ്
12. ബിഎസ്‌സി ബയോടെക്നോളജി ഓണേഴ്സ്
13. ബി.എസ്.സി മാത്തമാറ്റിക്സ് ഓണേഴ്സ്
14. ബി.എസ്.സി ബോട്ടണി ഓണേഴ്സ്
15. ബി.എസ്.സി സുവോളജി ഓണേഴ്സ്
16. ബി.എസ്.സി മൈക്രോബയോളജി ഓണേഴ്സ്
17. ബി.എസ്.സി ജിയോളജി ഓണേഴ്സ്
18. ബി.എസ്‌സി എൻവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ് ഓണേഴ്സ്
19. ബി.എസ്.സി ഫാമിലി& കമ്മ്യൂണിറ്റി സയൻസ്
20. ബി.എസ്.സി





# ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല കാലടി

സംസ്കൃതത്തിന്റെ എല്ലാ വിഭാഗങ്ങളിലും (സംസ്കൃതം-സാഹിത്യം, സംസ്കൃതം -വേദാന്തം, സംസ്കൃതം -വ്യാകരണം, സംസ്കൃതം -ന്യായം, സംസ്കൃതം -ജനറൽ) കൂടാതെ സംഗീതം , ഡാൻസ് - ഭരതനാട്യം, ഡാൻസ് - മോഹിനിയാട്ടം, ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഹിസ്റ്ററി, ഫിലോസഫി , സോഷ്യൽ വർക്ക് (ബി. എസ്. ഡബ്ല്യു.) എന്നിവയാണ് നാല് വർഷ ബിരുദ സമ്പ്രദായത്തിൽ നടത്തപ്പെടുന്ന ബിരുദ പ്രോഗ്രാമുകൾ.

കാലടി മുഖ്യ ക്യാമ്പസിൽ സംസ്കൃതം-സാഹിത്യം, സംസ്കൃതം-വേദാന്തം, സംസ്കൃതം-വ്യാകരണം, സംസ്കൃതം-ന്യായം, സംസ്കൃതം-ജനറൽ, ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഹിസ്റ്ററി, ഫിലോസഫി, സോഷ്യൽ വർക്ക് (ബി. എസ്. ഡബ്ല്യു.) , സംഗീതം, ഭരതനാട്യം, - മോഹിനിയാട്ടം എന്നീ നാല് വർഷ ബിരുദ പ്രോഗ്രാമുകളാണുള്ളത്. തിരുവനന്തപുരം (സംസ്കൃതം ന്യായം, ഫിലോസഫി), പന്മന (സംസ്കൃതം വേദാന്തം, മലയാളം), കൊയിലാണ്ടി (സംസ്കൃതം വേദാന്തം, ജനറൽ, ഹിന്ദി), തിരൂർ (സംസ്കൃതം വ്യാകരണം, ഹിസ്റ്ററി, സോഷ്യൽ വർക്ക്(ബി. എസ്. ഡബ്ല്യു.), പയ്യന്നൂർ (സംസ്കൃതം സാഹിത്യം, മലയാളം, സോഷ്യൽ വർക്ക് (ബി. എസ്. ഡബ്ല്യു.) ഏറ്റുമാനൂർ (സംസ്കൃതം സാഹിത്യം, ഹിന്ദി) എന്നീ പ്രാദേശിക ക്യാമ്പസുകളിലും നാല് വർഷ ബിരുദ പ്രോഗ്രാമുകൾ തുടങ്ങി. ഈ വിഷയങ്ങൾക്കൊപ്പം അറബിക്, ഉർദു എന്നിവയും മൈനർ പ്രോഗ്രാമുകളായി (യഥാക്രമം തിരൂർ, കൊയിലാണ്ടി കേന്ദ്രങ്ങളിൽ) തെരഞ്ഞെടുക്കാം.

ഹോം സയൻസ് (ടെക്സ്റ്റൈൽസ്& ഫാഷൻ ടെക്നോളജി) ഓണേഴ്സ്
21. ബി.എസ്.സി ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് ഓണേഴ്സ്
22. ബിഎസ്‌സി ജനിറ്റിക്സ് ഓണേഴ്സ്
23. ബിഎസ്‌സി ബയോകെമിസ്ട്രി ഓണേഴ്സ്
24. ബി.എസ്.സി ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് സയൻസ് ഓണേഴ്സ്
25. ബി.എസ്.സി ഹോട്ടൽ മാനേജ്മെന്റ് & ക്യുലിനെറി ഓണേഴ്സ്
26. ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് ഓണേഴ്സ്
27. ബി.എസ്.സി ഇൻഫർമേഷൻ ടെക്നോളജി ഓണേഴ്സ്
28. ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഓണേഴ്സ്
29. ബിഎസ്‌സിആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഓണേഴ്സ്
30. ബി.എസ്‌സി ഇലക്ട്രോണിക്സ് ഓണേഴ്സ്
31. ബി.എസ്‌സി ഫുഡ്ടെക്നോളജി ഓണേഴ്സ്
32. ബിഎസ്‌സി ഇൻസ്ട്രുമെന്റേഷൻ ഓണേഴ്സ്
33. ബി.എസ്.സി പ്ലാന്റ് സയൻസ് ഓണേഴ്സ്
34. ബി.എസ്‌സികോസ്റ്റ്യൂം, ഫാഷൻ ഡിസൈനിംഗ് ഓണേഴ്സ്
35. ബി.എസ്‌സിബോട്ടണി ആൻഡ് കമ്പ്യൂട്ടേഷണൽ ബയോളജിഡബിൾ മേജർവിത്ത് ഓണേഴ്സ് ഇൻ ബോട്ടണി
36. ബിഎസ്‌സി മാത്തമാറ്റിക്സ് & ഫിസിക്സ്ഡബിൾ മേജർവിത്ത് ഓണേഴ്സ് (മാത്തമാറ്റിക്സ്/ ഫിസിക്സ്)
37. ബിഎസ്‌സി മാത്തമാറ്റിക്സ് & ഇക്കണോമിക്സ് ഡബിൾമേജർ വിത്ത്ഓണേഴ്സ് (മാത്തമാറ്റിക്സ്/ ഇക്കണോമിക്സ്)

## കോമേഴ്സ്, മാനേജ്മന്റ്

1. ബി കോംഓണേഴ്സ്
2. ബാച്ചിലർ ഓഫ്ടൂറിസം ആൻഡ് ഹോട്ടൽ മാനേജ്മെന്റ്ഓണേഴ്സ്
3. ബാച്ചിലർ ഓഫ് ഹോട്ടൽ അഡ്മിനിസ്ട്രേഷൻ ഓണേഴ്സ്
4. ബി കോം പ്രൊഫഷണൽ ഓണേഴ്സ്
5. ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ ഓണേഴ്സ്

## ബിഎ

1. ബിഎ ആഡ്വർടൈസിങ് & സെയിൽസ് മാനേജ്മെന്റ് ഡബിൾ മേജർ വിത്ത് ഓണേഴ്സ് (ജേർണലിസം/ സെയിൽസ്മാനേജ്മെന്റ്)
2. ബി എ അഫ്സൽ-ഉൽ-ഉലമ ഇൻ അറബിക് ഓണേഴ്സ്
3. ബിഎ അറബിക് & ഹിസ്റ്ററി ഡബിൾമേജർ വിത്ത് ഓണേഴ്സ്( അറബിക്/ ഇസ്ലാമിക്ഹിസ്റ്ററി )
4. ബിഎ അറബിക് & ഇസ്ലാമിക്ഹിസ്റ്ററി ഡബിൾ മേജർവിത്ത് ഓണേഴ്സ് (അറബിക്/ ഇസ്ലാമിക്ഹിസ്റ്ററി)
5. ബാച്ചിലർ ഓഫ്സോഷ്യൽ വർക്ക്ഓണേഴ്സ്
6. ബിഎ അറബിക് ഭാഷയിലും ലിറ്ററേച്ചറിലും ഓണേഴ്സ്
7. ബാച്ചിലർഓഫ് ട്രാവൽ ആൻഡ് ടൂറിസം മാനേജ്മെന്റ് ഓണേഴ്സ്



8. ബിഎ ക്രിസ്ത്യൻ സ്റ്റഡീസ് ഓണേഴ്സ്
9. ബിഎ കമ്മ്യൂണിക്കേഷൻ & മീഡിയ & ഹിസ്റ്ററിഡബിൾ മേജർവിത്ത് ഓണേഴ്സ്(ജേർണലിസം/ഹിസ്റ്ററി)
10. ബിഎ ക്രിമിനോളജി& പോലീസ് സയൻസ് ഓണേഴ്സ്
11. ബിഎ ഡെവലപ്മെന്റ്ഇ ക്കണോമിക്സ് ഓണേഴ്സ്
12. ബിഎ ഇക്കണോമെട്രിക്സ് & ഡാറ്റമാനേജ്മെന്റ് ഓണേഴ്സ്
13. ബിഎ ഇക്കണോമിക്സ് ഓണേഴ്സ്
14. ബിഎ ഇക്കണോമിക്സ്വിത്ത് ഫോറിൻ ട്രെയിഡ് ഓണേഴ്സ്
15. ബിഎ ഇക്കണോമിക്സ് വിത്ത്ഇസ്ലാമിക് ഫിനാൻസ് ഓണേഴ്സ്
16. ബിഎ ഇംഗ്ലീഷ്&ഹിസ്റ്ററി ഡബിൾമേജർ വിത്ത് ഓണേഴ്സ്(ഇംഗ്ലീഷ്/ഹിസ്റ്ററി)
17. ബിഎ ഇംഗ്ലീഷ്&ലിറ്ററേച്ചർ ഓണേഴ്സ്
18. ബിഎ ഫിലിം ആൻഡ് ടെലിവിഷൻ ഓണേഴ്സ്
19. ബിഎ ഫംഗ്ഷണൽ അറബിക് ഓണേഴ്സ്
20. ബിഎ ഫംഗ്ഷണൽ ഇംഗ്ലീഷ് ഓണേഴ്സ്
21. ബിഎ ഗ്രാഫിക് ഡിസൈൻ & ആനിമേഷൻ ഓണേഴ്സ്
22. ബിഎ ഹിന്ദി&ഹിസ്റ്ററിഡബിൾ മേജർ വിത്ത്ഓണേഴ്സ്(ഹിന്ദി/ഹിസ്റ്ററി)
23. ബിഎ ഹിന്ദി & ലിറ്ററേച്ചർ ഓണേഴ്സ്
24. ബിഎ ഹിസ്റ്ററി ഓണേഴ്സ്
25. ബിഎ ഹ്യൂമൻ റിസോഴ്സ്മാനേജ്മെന്റ് ഓണേഴ്സ്
26. ബിഎ ഇസ്ലാമിക് ഫിനാൻസ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഓണേഴ്സ്
27. ബിഎ ഇസ്ലാമിക്ഹിസ്റ്ററി ഓണേഴ്സ്
28. ബിഎ ഇസ്ലാമിക്സ്റ്റഡീസ്ഓണേഴ്സ്
29. ബിഎ ജേർണലിസം&മാസ് കമ്മ്യൂണിക്കേഷൻ ഓണേഴ്സ്
30. ബിഎ മലയാളം & സോഷ്യോളജി ഡബിൾ മേജർ വിത്ത്ഓണേഴ്സ്(മലയാളം/സോഷ്യോളജി)
31. ബിഎ മലയാളം ലാഗ്വേജ് & ലിറ്ററേച്ചർ ഓണേഴ്സ്
32. ബിഎ മൃദംഗം ഓണേഴ്സ്
33. ബിഎ മൾട്ടിമീഡിയ ഓണേഴ്സ്
34. ബിഎ മ്യൂസിക് ഓണേഴ്സ്
35. ബിഎ ഫിലോസഫി ഓണേഴ്സ്
36. ബിഎ പൊളിറ്റിക്കൽ സയൻസ് ഓണേഴ്സ്
37. ബിഎ പബ്ലിക്അഡ്മിനിസ്ട്രേഷൻ ഓണേഴ്സ്
38. ബിഎ സംസ്കൃതം, സാഹിത്യ ഓണേഴ്സ്
39. ബിഎ സോഷ്യോളജി ഓണേഴ്സ്
40. ബിഎ തമിഴ് ഭാഷയും സാഹിത്യത്തിനുമുള്ള ഓണേഴ്സ്
41. ബിഎ തമിഴ് വിത്ത് ഹിസ്റ്ററി & ഇക്കണോമിക്സ് ഓണേഴ്സ്
42. ബിഎ ഉർദ്ദു ഭാഷയിലും സാഹിത്യത്തിലും ഓണേഴ്സ്
43. ബിഎ വീണ ഓണേഴ്സ്
44. ബിഎ വയലിൻ ഓണേഴ്സ്
45. ബിഎ വിഷ്വൽ കമ്മ്യൂണിക്കേഷൻ ഓണേഴ്സ്
46. ബിഎ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്ഓണേഴ്സ്
47. ബി.ഡിഇഎസ് (ഗ്രാഫിക്സും കമ്മ്യൂണിക്കേഷൻ ഡിസൈനും) ഓണേഴ്സ്




## പ്രധാനപ്പെട്ട പ്രോഗ്രാമുകൾ

1. ബി.എ .കന്നഡ
2. ബി.ടി.ടി.എം
3. ബി കോം കോ-ഓപ്പറേഷൻ
4. ബി എസ്സി സ്റ്റാറ്റിസ്റ്റിക്സ്
5. ബി എ. അറബിക്
6. ബി എ. എക്കണോമിക്സ്
7. ബി എ. ഇംഗ്ലീഷ്
8. ബി.എ. ഹിസ്റ്ററി
9. ബി എ കന്നഡ
10. ബി .എ. മലയാളം
11. ബി.എസ് സി. ബോട്ടണി
12. ബി.എസ് സി. കെമിസ്ട്രി
13. ബി.എസ് സി. കമ്പ്യൂട്ടർ സയൻസ്
14. ബി.എസ് സി. ജിയോളജി
15. ബി.എസ് സി. മാത്തമറ്റിക്സ്
16. ബി.എസ്സി. ഫിസിക്സ്
17. ബി.എസ് സി. സുവോളജി
18. ബി.എ. ഹിന്ദി
19. ബി.എ. ഫങ്ഷണൽഇംഗ്ലീഷ്
20. ബി എ പൊളിറ്റിക്കൽ സയൻസ്
21. ബി.എ.ഫിലോസഫി
22. ബി.എ. ഉറുദു & ഇസ്ലാമികചരിത്രം
23. ബി.എ. അറബിക് & ഇസ്ലാമികചരിത്രം
24. ബി.എ. സംസ്കൃതം
25. ബി.ബി.എ
26. ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ
27. ബി.സി.എ.
28. ബി.കോം.ഫിനാൻസ്
29. ബി.എ. ഡെവലപ്മെന്റ് എക്കണോമിക്സ്
30. ബി എസ്സി ഇലക്ട്രോണിക്സ്
31. ബി എസ്സി. കമ്പ്യൂട്ടർ സയൻസ്
32. ബി എസ്സിപോളിമർകെമിസ്ട്രി
33. ബി.ബി.എ. (അൺ എയ്ഡഡ്)
34. ബി.എ. അറബിക്
35. ബി.എസ്.സി ഫോറസ്ട്രി
36. ബി.എം.എം.സി.(ബാച്ചിലർ ഓഫ്മൾട്ടിമീഡിയ& കമ്മ്യൂണിക്കേഷൻ)
37. ബി.എസ്.സി മൈക്രോബയോളജി
38. ബി.എസ്.സി ലൈഫ് സയൻസ് (സുവോളജി) & കമ്പ്യൂട്ടേഷണൽ ബയോളജി
39. ബി.എസ്.സി ഹോം സയൻസ്
40. ബി.എസ്.സി രസതന്ത്രം (അൺ എയ്ഡഡ്)
41. ബി.എ. സാമൂഹികശാസ്ത്രം-സാമ്പത്തിക ശാസ്ത്രം
42. ബി.എസ്.സി പോളിമർ കെമിസ്ട്രി

## ഇന്റഗ്രേറ്റഡ് എം.എസ്.സി. ഇൻ കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗ്)

1. ബി.സി.എ. (അൺ എയ്ഡഡ്)
2. ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (അൺ എയ്ഡഡ്)
3. ബി.എസ്.സി. ബയോടെക്നോളജി
4. ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ
5. ബി.എസ്.സി ഹോം സയൻസ്
6. ബി.എസ്.ഡബ്ല്യു.



7. ബി.എസ്.സി.ജോഗ്രഫി
8. ബി.എസ്.സി സൈക്കോളജി
9. ബി.എസ്.സി ബയോകെമിസ്ട്രി
10. ബി.എസ്.സി.മൈക്രോബയോളജി
11. ബി.ബി.എ. (ടിടിഎം)
12. ബി.ബി.എ. ഏവിയേഷൻ ആൻഡ് ഹോസ്പിറ്റാലിറ്റി
13. ബി.സി.എ
14. ബി.എസ്.സി.സുവോളജി
15. ബി.കോം.മാർക്കറ്റിംഗ്
16. ബിഎസ്‌സി ഫുഡ്ടെക്നോളജി
17. ബി.കോം ഫിനാൻസ്
18. ബി.കോം.ലോജിസ്റ്റിക്സ്
19. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ ബി.ബി.എ
20. ബി.എസ്.സി ബയോടെക്നോളജി
21. ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ
22. ബി.സി.എ
23. ബി.എസ്.സി മനഃശാസ്ത്രം
24. ബി.കോം ഫിനാൻസ്
25. ബി.എസ്.സി ബയോ ഇൻഫോർമാറ്റിക്സ്
26. ബി.ബി.എ (ഏവിയേഷൻ&ഹോസ്പിറ്റാലിറ്റി)
27. ബി.എസ്.സി ജിയോളജി
28. ബി.എസ്.സി ഫുഡ്ടെക്നോളജി
29. ബി.എസ്.സി കോസ്റ്റ്യൂം& ഫാഷൻ ഡിസൈനിംഗ്
30. ബി.എസ്.സി ഹോട്ടൽമാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ്
31. ബി.കോം.ഫിനാൻസ് (സ്ത്രീ വിദ്യാർത്ഥികൾക്ക് മാത്രം)
32. ബി.എ. ഭരതനാട്യം
33. ബി.എ. കർണാടകസംഗീതം
34. ബി.കോം. കമ്പ്യൂട്ടർ
35. ബി.എസ്.സി.ഫോറൻസിക്
36. ബി.എസ്.സി AI & മെഷീൻ ലേണിംഗ് & കമ്പ്യൂട്ടർ സയൻസ്
37. ബി.ബി.എ. ഏവിയേഷൻ & എയർപോർട്ട് മാനേജ്മെന്റ്
38. ബി.എ.അറബിക് & ഇസ്ലാമിക് ഹിസ്റ്ററി
39. ബി.ബി.എ. ഏവിയേഷൻ & ഹോസ്പിറ്റാലിറ്റി
40. ബി.എ. Afsal UlUlama
41. ബിബിഎ ട്രാവൽ ആൻഡ് ടൂറിസം മാനേജ്മെന്റ്
42. ബി.എസ്.സി മാത്തമാറ്റിക്സ്
43. ബി.എ. സാമ്പത്തികശാസ്ത്രം
44. ബി.എസ്.ഡബ്ല്യു




## 4 പ്ലസ് 1 പ്രോഗ്രാമുകൾ

മഹാത്മാഗാന്ധി സർവകലാശാലയിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾക്കൊപ്പം 4 പ്ലസ് 1 രീതിയിലുള്ള ഇന്റഗ്രേറ്റഡ് യുജി-പിജിയും സമ്പാദിക്കാമെന്ന സവിശേഷതയുണ്ട്. സർവകലാശാല ക്യാമ്പസിൽ ആരംഭിച്ച ഗ്രാജ്വേറ്റ് സ്കൂളിലാണ് 4 പ്ലസ് 1 ഇന്റഗ്രേറ്റഡ് യുജി-പിജി പ്രോഗ്രാമുകൾ ലഭ്യമാവുന്നത്.

നാല് വർഷ ബിരുദവും (ഓണേഴ്സ് വിത്ത് റിസർച്ച്) ഒപ്പം ഒരുവർഷംകൊണ്ട് ബിരുദാനന്തര ബിരുദം കൂടി നേടാനാവും വിധമാണ് കോഴ്സുകൾ രൂപകല്പന ചെയ്തിരിക്കുന്നത്.

ശാസ്ത്രവിഷയങ്ങളിൽ കെമിസ്ട്രി, ഫിസിക്സ്, ബയോ സയൻസസ്, കമ്പ്യൂട്ടർ സയൻസസ്, എൻവയൺമെന്റൽ സയൻസസ് സാമൂഹിക ശാസ്ത്രവിഷയങ്ങളിൽ ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ്, ഗാന്ധിയൻ സ്റ്റഡീസ്, ഹിസ്റ്ററി എന്നിവയിലാണ് പ്രോഗ്രാമുകൾ ഉള്ളത്.

4+1 പ്രോഗ്രാമുകളിൽ സവിശേഷ പഠന അന്തരീക്ഷവും വിദ്യാർത്ഥികൾക്ക് ലോകോത്തര സൗകര്യങ്ങളും പ്രഗത്ഭരായ ഫാക്കൽറ്റി അംഗങ്ങളുടെ വൈദഗ്ധ്യവും ലഭ്യമാകും. ■

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ പരിസ്ഥിതിശാസ്ത്രവും വികസന സാമ്പത്തികശാസ്ത്രവും പഠിക്കാം

മലയാള സർവകലാ ശാല

# തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല പരിസ്ഥിതിശാസ്ത്രവും വികസന സാമ്പത്തികശാസ്ത്രവും

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ പരിസ്ഥിതിപഠന സ്കൂളും വികസനപഠന സ്കൂളും സംയുക്തമായി അവതരിപ്പിക്കുന്ന പുതിയ നാലുവർഷ ബിരുദപ്രോഗ്രാമായ ബി. എസ്സി. പരിസ്ഥിതിപഠനവും വികസനസാമ്പത്തിക ശാസ്ത്രവും ഓണേഴ്സ്/ ഓണേഴ്സ് വിത്ത് റിസർച്ച് ഉന്നതവിദ്യാഭ്യാസത്തിനും പുതിയ തൊഴിൽ സാധ്യതകൾക്കും വഴി തുറക്കുന്നു.

ഇന്റർഡിസിപ്ലിനറി സമീപനമാണ് സർവകലാശാലാ ക്യാമ്പസിലെ ഈ ഡബിൾ മേജർ ബിരുദപ്രോഗ്രാമിന്റെ സവിശേഷത.

പരിസ്ഥിതിപഠനവും വികസനസാമ്പത്തികശാസ്ത്രവും തുല്യപ്രാധാന്യത്തോടെ പഠിക്കുവാൻ ഈ പ്രോഗ്രാം വിദ്യാർഥികൾക്ക് അവസരം നൽകുന്നു. സൈദ്ധാന്തികവും പ്രായോഗികവുമായ അറിവുകൾ സമന്വയിപ്പിച്ചുകൊണ്ടുള്ള സിലബസ്, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠനഗവേഷണപ്രക്രിയ എന്നിവയും ഈ പ്രോഗ്രാമിന്റെ പ്രത്യേകതകളാണ്. . മേജർ കോഴ്സുകളോടൊപ്പം മലയാളം കംപ്യൂട്ടിങ്, ജൻഡർ പഠനം, മാധ്യമപ്രവർത്തനം, ചലച്ചിത്രനിർമാണം, എന്നിവയുൾപ്പെടെയുള്ള വൈവിധ്യമാർന്ന കോഴ്സുകൾ പഠിക്കാനും അവസരമുണ്ട്.

യഥാർഥ പാരിസ്ഥിതിക-വികസന പ്രശ്നങ്ങളിൽ ഇടപെടാനും പരിഹാരം കണ്ടെത്തുവാനുമുള്ള പ്രായോഗിക അറിവ് ഈ പ്രോഗ്രാമിലൂടെ ലഭിക്കുന്നു.

## തൊഴിൽ സാധ്യതകൾ

ഡബിൾ മേജർ രീതിയിൽ അവതരിപ്പിക്കുന്ന ഈ പ്രോഗ്രാം




വിദ്യാർഥികളുടെ താല്പര്യങ്ങൾക്കനുസരിച്ച് പരിസ്ഥിതിശാസ്ത്രം, പരിസ്ഥിതിപഠനം, വികസനപഠനം, സാമ്പത്തികശാസ്ത്രം തുടങ്ങിയവയിൽ ഉന്നതവിദ്യാഭ്യാസം നേടാൻ അവസരം നൽകുന്നു. ഈ പ്രോഗ്രാമിലെ ബിരുദധാരികൾക്ക് വിവിധമേഖലകളിൽ കരിയർ സാധ്യതകളുണ്ട്. ഗവേഷണകേന്ദ്രങ്ങളിലും സർവകലാശാലകളിലും ഗവേഷണപ്രവർത്തനങ്ങളുടെ ഭാഗമാകാനും, പരിസ്ഥിതി കൺസൽട്ടിങ്, നയവിശകലനം, സുസ്ഥിരവികസന ആസൂത്രണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്താനും, പരിസ്ഥിതിസംരക്ഷണ എൻജിഒകളിൽ ജോലിനേടാനും സംരംഭകരാകാനും ഈ പ്രോഗ്രാം സഹായിക്കും. പരിസ്ഥിതി സൗഹൃദ ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രേരണയും പ്രാപ്തിയും ഈ പ്രോഗ്രാമിലൂടെ ലഭിക്കും.

സാമൂഹികശാസ്ത്രമെന്ന നിലയിലുള്ള വിഷയജ്ഞാനത്തോടൊപ്പം, ഗണിതം അടിസ്ഥാനമാക്കി ശാസ്ത്രവിഷയമെന്നനിലയിൽ വികസനസാമ്പത്തിക ശാസ്ത്രത്തിൽ ലഭിക്കുന്ന പ്രാവീണ്യം, ഗവേഷണം, ദത്തവിശകലനം, പ്രോജക്റ്റ്മാനേജ്മെന്റ്, ആസൂത്രണം, നയരൂപവൽക്കരണം എന്നിങ്ങനെ നിരവധി മേഖലകളിൽ തൊഴിൽസാധ്യതകൾ തുറന്നുനൽകുന്നു.

ബി.എ മലയാളം വിത്ത് ഓണേഴ്സ് / റിസർച്ചാണ് സർവകലാശാലയിലെ മറ്റൊരു നാലുവർഷ ബിരുദ പ്രോഗ്രാം. ■

**ഡോ. അരുൺബാബു. വി**
അസിസ്റ്റന്റ് പ്രൊഫസർ & സ്കൂൾ ഡയറക്ടർ, പരിസ്ഥിതി പഠനവിഭാഗം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ

കേരളത്തിലെ സർവകലാശാലകളിൽ പഠിക്കാനെത്തുന്ന അന്താരാഷ്ട്ര വിദ്യാർഥികളുടെ എണ്ണത്തിൽ ശ്രദ്ധേയമായ മുന്നേറ്റം ദൃശ്യമാവുന്നു

# മികവറിഞ്ഞ് വിദേശപഠിതാക്കൾ

മുൻവർഷങ്ങളെ അപേക്ഷിച്ച് 64 രാജ്യങ്ങളിൽ നിന്ന് 2,600 അപേക്ഷകൾ കേരള സർവകലാശാലയ്ക്ക് മാത്രം ലഭിച്ചു. കഴിഞ്ഞ വർഷം 60 രാജ്യങ്ങളിൽ നിന്നുള്ള 1,600 അപേക്ഷകളിൽ നിന്ന് 63% ത്തിന്റെ ഗണ്യമായ വർധന. ഈ വർഷം, സർവകലാശാലയ്ക്ക് ആകെ 64 രാജ്യങ്ങളിൽ നിന്ന് അപേക്ഷകൾ ലഭിച്ചു, ഇതിൽ 39 രാജ്യങ്ങൾ ആഫ്രിക്കയിൽ നിന്നുള്ളതാണ്. ഇറാൻ, ഇറാഖ്, യെമൻ, ശ്രീലങ്ക, നേപ്പാൾ, ബംഗ്ലാദേശ്, തുർക്ക്മെനിസ്ഥാൻ, താജിക്കിസ്ഥാൻ, പെറു, ദക്ഷിണാഫ്രിക്ക, ബ്രിട്ടൻ എന്നിവയാണ് മറ്റ് പ്രമുഖ രാജ്യങ്ങൾ. ഈ വർഷത്തെ അപേക്ഷകളിൽ ഭൂരിഭാഗവും കൊമേഴ്സ്, മാനേജ്മെന്റ് പ്രോഗ്രാമുകൾക്കാണ്. സാമ്പത്തിക ശാസ്ത്രം, സോഷ്യോളജി, സൈക്കോളജി, പൊളിറ്റിക്കൽ സയൻസ്, ഇംഗ്ലീഷ് സാഹിത്യം എന്നിവയിലും താൽപര്യം കാണിക്കുന്നുണ്ട്. അതുപോലെ കമ്പ്യൂട്ടർ സയൻസ്, ബയോകെമിസ്ട്രി, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഫിസിക്സ്, സ്റ്റാറ്റിസ്റ്റിക്സ് തുടങ്ങിയ ശാസ്ത്രവിഷയങ്ങളിലും കാര്യമായ താല്പര്യമുണ്ട്.

നിലവിൽ, അമേരിക്ക, കൊളംബിയ, ദക്ഷിണാഫ്രിക്ക എന്നിവയുൾപ്പെടെ 43 രാജ്യങ്ങളിൽ നിന്നുള്ള 150 വിദേശ വിദ്യാർഥികൾ ഐസിസിആർ സ്കോളർഷിപ്പിലൂടെ കേരള സർവകലാ ശാലയിൽ പഠിക്കുന്നു. പുതുതായി എത്തിയ വിദ്യാർഥികൾക്കായി സർവകലാശാല ഓറിയന്റേഷൻ പ്രോഗ്രാം നടത്തുന്നു. കൂടാതെ, അന്താരാഷ്ട്ര വിദ്യാർഥികൾക്കായി എല്ലാവർഷവും സാംസ്കാരിക പരിപാടികളും ബിരുദദാനച്ചടങ്ങുകളും നടത്തുന്നു. കഴിഞ്ഞ വർഷം കേരള സർക്കാരിന്റെ നവകേരള പരിപാടിയുടെ ഭാഗമായി തിരുവനന്തപുരത്തെ കനകക്കുന്ന് കൊട്ടാരത്തിൽ നടന്ന അന്താരാഷ്ട്ര വിദ്യാർഥി ഉച്ചകോടിയിൽ സർവകലാശാലയിലെ അന്താരാഷ്ട്ര വിദ്യാർഥികൾ സജീവമായി പങ്കെടുത്തി രുന്നു. മുഖ്യമന്ത്രിയുമായി ആശയവിനിമയം നടത്തുകയും സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. എ ഗ്രേഡുള്ള അതിന്റെ നാക് അക്രഡിറ്റേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിലെ (എൻ.ഐ.ആർ.എഫ്) റാങ്കിങ്, വൈവിധ്യമാർന്ന ഗവേഷണ വിഷയങ്ങളിൽ അധ്യാപകരുടെ അഭിരുചി, ഫാക്കൽറ്റികളുടെ സജീവമായ ഗവേഷണ സംരംഭങ്ങൾ എന്നിവയെല്ലാം കേരളസർവകലാശാലയെ അന്താരാഷ്ട്ര വിദ്യാർഥികൾക്ക് മികച്ച തിരഞ്ഞെടുപ്പാക്കി മാറ്റുന്നതിന് സംഭാവന നൽകിയിട്ടുണ്ട്.

## എംജിയിൽ

എം.ജി.യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റഡ് കോളേജുകൾ ഉൾപ്പെടെ ഉന്നതവിദ്യാഭ്യാസത്തിന് അപേക്ഷിക്കുന്ന വിദേശവിദ്യാർഥികളുടെ എണ്ണം ഈ വർഷം ക്രമാതീതമായി വർധിച്ചു. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ സ്കോളർഷിപ്പോടെ എംജി സർവകലാശാലയിലെ പിഎച്ച്ഡി (187), ബിരുദാനന്തര ബിരുദം (406), ബിരുദ പ്രോഗ്രാമുകൾ (292) എന്നിവയ്ക്കായി 58 രാജ്യങ്ങളിൽ നിന്നുള്ള 885 വിദ്യാർഥികളാണ് അപേക്ഷിച്ചത്. കഴിഞ്ഞ വർഷം ഇത് 571 അപേക്ഷകരായിരുന്നു. കെനിയയിൽ നിന്നാണ് ഏറ്റവും കൂടുതൽ അപേക്ഷകൾ വന്നത്, 79 വിദ്യാർഥികൾ. തൊട്ടുപിന്നിൽ 77 അപേക്ഷകളുമായി സുഡാൻ.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള മറ്റ് പ്രധാന അപേക്ഷകർ: ബോട്സ്വാന (67), ബംഗ്ലാദേശ് (59), ഇറാഖ് (58), ടാൻസാനിയ (57), നൈജീരിയ (52), മലാവി (48), യെമൻ, ശ്രീലങ്ക (39 വീതം), മാലി (33), ലെസോത്തോ (26), നേപ്പാളും അംഗോളയും (22 വീതം), എത്യോപ്യ (19), റുവാണ്ട (14), ഉഗാണ്ട (15), ദക്ഷിണ സുഡാൻ, ഗാംബിയ (10 വീതം), മൊസാംബിക്, ലൈബീരിയ, ഇന്തോനേഷ്യ (9 വീതം). ), പലസ്തീൻ (8), കൊമോറോസ്, ഈശ്വതിനി (7 വീതം), സിറിയ, ഘാന, മ്യാൻമർ (6 വീതം), സൊമാലിയ, ചാഡ്, വിയറ്റ്നാം, സാംബിയ (5 വീതം), ബുറുണ്ടി, സിയറ ലിയോൺ, മഡഗാസ്കർ (4 വീതം) , എറിത്രിയ, ടോഗോ, ഒമാൻ (3 വീതം), കംബോഡിയ, കാമറൂൺ, ഭൂട്ടാൻ, സിംബാബ്വെ, തുർക്ക്മെനിസ്ഥാൻ, മംഗോളിയ (2 വീതം), സെനഗൽ, ചൈന, നൈജർ, യുണൈറ്റഡ് കിംഗ്ഡം, സെർബിയ, പോർച്ചുഗൽ, നമീബിയ, മാലിദ്വീപ്, മലേഷ്യ, സൗദി അറേബ്യ , ജിബൂട്ടി, ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, ഗിനിയ, തായ്‌ലൻഡ് (1 വീതം).

ഐസിസിആർ പോർട്ടൽ വഴിയാണ് അപേക്ഷകൾ ആദ്യം സമർപ്പിക്കുന്നത്, ഐസിസിആർ എംപാനൽ ചെയ്ത 131 സർവകലാശാലകളിൽ നിന്ന് വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാം. ലഭിച്ചുകഴിഞ്ഞാൽ,ഐസിസിആർ അപേക്ഷകൾ അതത് സർവകലാശാലകൾക്ക് കൈമാറുന്നു. എംജി യൂണിവേഴ്സിറ്റി കാമ്പസിലെ എല്ലാ ഡിപ്പാർട്ട്മെന്റുകളും നാക് എ++ റേറ്റുചെയ്ത അഫിലിയേറ്റഡ് കോളേജുകളും ഓരോ പ്രോഗ്രാമിലും വിദേശവിദ്യാർഥികൾക്കായി 25% സീറ്റുകൾ അധികമായി സംവരണം ചെയ്തിട്ടുണ്ട്. മറ്റ് അഫിലിയേറ്റഡ് കോളേജുകൾ ഓരോ പ്രോഗ്രാമിലും വിദേശ വിദ്യാർഥികൾക്കായി 20% അധിക സീറ്റുകളും സംവരണം ചെയ്തിട്ടുണ്ട്. ■



കേരളസർവകലാശാലയിലെ വിദേശ വിദ്യാർഥികൾ ബിരുദ ദാന ചടങ്ങിൽ

 >> സുനിൽകുമാർ എം എൻ


കേരളത്തിലെ ഓട്ടോണോമസ് കോളേജ് പദവിയുള്ള ഏക സർക്കാർ കോളേജായ മഹാരാജാസ് കോളേജിനുള്ളത് ഒന്നര നൂറ്റാണ്ടിലേക്കെത്തുന്ന മഹനീയ ചരിത്രപാരമ്പര്യമാണ്. നാലു വർഷ ബിരുദമെത്തുമ്പോൾ, നിറഞ്ഞ പ്രതീക്ഷയിലാണ് അധ്യാപകരും വിദ്യാർഥികളും

# മഹാരാജകീയം

ഗ്രേറ്റ് എഗെയ്ൻ, ഗ്രേറ്റ് എഗെയ്ൻ, ഗ്രേറ്റ് എഗെയ്ൻ മഹാരാജാസ് കലോത്സവ വേദികളിലും ആഘോഷങ്ങളിലും മഹാരാജാസുകാർ ഉയർത്തുന്ന പ്രധാന മുദ്രാവാക്യമാണിത്. മഹാരാജാസ് ഒരു വികാരമാണ്. ഒരിക്കലെങ്കിലും മഹാരാജാസിന്റെ തണലേൽക്കാൻ കൊതിക്കാത്ത ഒരു വിദ്യാർഥിയും ഉണ്ടായിരിക്കില്ലെന്നതാണ് യാഥാർഥ്യം. ഒന്നര നൂറ്റാണ്ടിനോടടുക്കുന്ന അക്കാദമിക് ചരിത്രം..ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന പ്രഗത്ഭരായ പൂർവ വിദ്യാർഥികൾ.. സർഗധനരായ അധ്യാപകരുടെ നീണ്ടനിര. ഈ അഭിമാനസ്മരണകളുടെ തണലിലാണ് ഓരോ മഹാരാജാസ് വിദ്യാർഥിയുടെയും പഠനകാലം.

എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്താണ് 1875 ൽ സ്ഥാപിതമായ മഹാരാജാസ് കോളേജ് രാജകീയ പ്രൗഢിയോടെ നിലകൊള്ളുന്നത്. മഹാരാജാസിന്റെ പടികടന്ന് സമൂഹത്തിന്റെ സമസ്ത മേഖലകളിലെയും ഉന്നതികളിലേക്ക് നടന്നുപോയവർ നിരവധിയാണ്. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, വൈജ്ഞാനിക മേഖലകളിലെ തിളക്കമുള്ള പ്രതിഭാശാലികളെ വാർത്തെടുത്ത അക്കാദമിക മികവിന്റെയും കലാസാഹിത്യമികവിന്റെയും സൗഹൃദക്കൂട്ടങ്ങളുടെയും ഇടമാണിവിടം. പഠനവും സൗഹൃദവും സംഘടനാപ്രവർത്തനവും പ്രണയവും ഇഴചേർന്നു കിടക്കുന്ന മഹാരാജാസിന്റെ അകത്തളങ്ങളിൽ. സദാ സജീവമായ സർഗാത്മകതയുടെയും ആവിഷ്ക്കാരങ്ങളുടെയും ഇടം. മഹാരാജാസിലെ പിരിയൻ ഗോവണിയും ഇടനാഴികളും പടിക്കെട്ടുകൾ കയറിച്ചെല്ലുന്ന വിശാലതയും കലാലയത്തിന്റെ കാല്പനിക സൗന്ദര്യമായി നിലകൊള്ളുകയാണ് ഇന്നും. ഇപ്പോഴിതാ, നാലു വർഷ ഡിഗ്രി പഠനത്തിന്റെ പുതുയുഗത്തിലേക്ക് ചുവടുവെക്കുയാണ്





മഹാരാജാസ് കോളേജ് ചിത്രം: ശരത് എ.എസ്

സാമൂഹികപരിഷ്ക്കർത്താവായിരുന്ന ദാക്ഷായണി വേലായുധനെപ്പോലുള്ളവർ മഹാരാജാസിലെ പൂർവ വിദ്യാർഥികളായിരുന്നു. നീതിന്യായ രംഗത്ത് ഒട്ടേറെ പ്രഗത്ഭരായ വ്യക്തികൾ മഹാരാജാസിന്റെ സംഭാവനയാണ്. ഭരണ നിർവഹണ രംഗത്ത് ഒരുകാലത്ത് ഏറ്റവുമധികം പേർ മഹാരാജാസിലെ പൂർവവിദ്യാർഥികളായിരുന്നു. അതിപ്രഗത്ഭരായ ഡോക്ടർമാർ, ശാസ്ത്രജ്ഞർ, അഭിനേതാക്കൾ എല്ലാം ഈ ബൃഹത്തായ പട്ടികയിലുണ്ട്. ഒരിക്കലെങ്കിലും മഹാരാജാസിൽ പഠിച്ചവർക്ക് അവരുടെ ജീവിതത്തിലെ ഏറ്റവും വലിയ അടയാളപ്പെടുത്തലാണ് ഈ കോളേജിലെ പഠനകാലം. അങ്ങനെ ഈ കലാലയ മുത്തശ്ശി കേരളത്തിന്റെ വിദ്യാഭ്യാസചരിത്രത്തിൽ വലിയ തലയെടുപ്പോടെ തുടരുകയാണ്.

## അവസരങ്ങളുടെ അനന്തസാധ്യതകൾ

മഹാരാജാസിന്റെ പടി കടന്നെത്തുന്ന ഓരോ വിദ്യാർഥിയുടെയും സ്വപ്നങ്ങൾക്ക് പുതിയ ചിറകുകൾ നൽകുകയാണ് നാലു വർഷ ബിരുദം. നാലുവർഷ ബിരുദം മഹാരാജാസിലെത്തുമ്പോൾ തുറക്കുന്നത് അവസരങ്ങളുടെ അനന്തസാധ്യതകളാണെന്ന പ്രതീക്ഷയാണ് ഈ കലാലയത്തിലെ വിദ്യാർഥികൾ പങ്കുവെക്കുന്നത്.

നാലായിരത്തോളം പേരാണ് മഹാരാജാസ് കോളേജിൽ പഠിക്കുന്നത്. 21 ഡിപ്പാർട്ട്മെന്റുകളിലായി നാലു വർഷ ബിരുദ പഠനത്തിനായി 550 പേരാണ് ഈ വർഷം ഇതുവരെ പ്രവേശനം നേടിയിരിക്കുന്നത്. സമഗ്ര വ്യക്തിത്വവികാസത്തിനുതകുന്ന വൈവിധ്യമാർന്ന പഠനപ്രക്രിയയിലൂടെ ശോഭനമായ ഭാവി കെട്ടിപ്പെടുക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കാൻ മഹാരാജാസും ഒരുങ്ങിക്കഴിഞ്ഞു.

**2025 ൽ മഹാരാജാസ് കോളേജിന് 150 വയസ്സ് തികയുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ നിർണ്ണായക പ്രാധാന്യമാണ് കോളേജിനുള്ളത്**

മഹാരാജാസും. കേരളത്തിലെ ഓട്ടോണോമസ് കോളേജ് പദവിയുള്ള ഏക സർക്കാർ കോളേജ് എന്ന പ്രത്യേകതയുള്ള ഈ കലാലയത്തിൽ നാലു വർഷ ബിരുദമെത്തുമ്പോൾ, നിറഞ്ഞ പ്രതീക്ഷയിലാണ് അധ്യാപകരും വിദ്യാർഥികളും.

## 150 ലേക്ക് മഹാരാജാസ്

2025 ൽ മഹാരാജാസ് കോളേജിന് 150 വയസ്സ് തികയുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ നിർണ്ണായക പ്രാധാന്യമാണ് കോളേജിനുള്ളത്. 1875 ലാണ് മഹാരാജാസ് കോളേജിന്റെ ആദ്യത്തെ ക്ലാസ് മുറികൾ ആരംഭിക്കുന്നത്. മെയിൻ ഹാളാണ് ആദ്യമുണ്ടായത്.

സാധാരണക്കാരായവർക്ക് വിദ്യാഭ്യാസം നൽകുന്നതോടൊപ്പം സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിലുള്ളവരെ ചേർത്തുനിർത്തുക കൂടിയായിരുന്നു മഹാരാജാസിന്റെ ലക്ഷ്യങ്ങളിലൊന്ന്. മഹാത്മാഗാന്ധിയും ടാഗോറും വിവേകാനന്ദനുമൊക്കെ മഹാരാജാസ് സന്ദർശിച്ചവരിൽപ്പെടുന്നു. ഗാന്ധിജി മഹാരാജാസ് രണ്ട് പ്രാവശ്യം സന്ദർശിച്ചിട്ടുണ്ട്.

സാധാരണക്കാരായ കുട്ടികൾക്ക് വിദ്യ അഭ്യസിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട ഇടങ്ങളിലൊന്നാണ് സർക്കാർ കോളേജുകൾ എന്ന സന്ദേശം മഹാരാജാസ് എന്നും ഉയർത്തിപ്പിടിച്ചിരുന്നു.





## അരുണിമ രാജീവ്

**കോഴിക്കോട്**
**ഒന്നാം വർഷ ബി എസ് സി കെമിസ്ട്രി ഓണേഴ്സ് ബിരുദ വിദ്യാർഥി**

വിദ്യാർഥികൾക്ക് തങ്ങളുടെ നൈപുണി വർധിപ്പിക്കാനും അഭിരുചിക്കനുസരിച്ച് ഇഷ്ടപ്പെട്ട വിഷയങ്ങൾ തെരഞ്ഞെടുക്കാനും കഴിയുമെന്നതാണ് നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രധാന സവിശേഷതയെന്ന് മനസ്സിലാക്കുന്നു. പ്രധാന വിഷയത്തിനൊപ്പം രണ്ട് മൈനർ വിഷയങ്ങളും ഇഷ്ടാനുസരണം തെരഞ്ഞെടുക്കാം. കൂടുതൽ ജോലിസാധ്യതയും ഇതിന്റെ പ്രത്യേകതയാണ്. സയൻസ് വിഷയം പഠിക്കുന്ന വിദ്യാർഥിക്ക് കൊമേഴ്സോ ഹ്യുമാനിറ്റീസോ പോലെയുള്ള വിഷയങ്ങളും പഠിക്കാൻ സാധിക്കുന്നു. അതായത് മറ്റൊരു മേഖലയിലും തങ്ങളുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരം ലഭിക്കുകയാണ്.

## വിധു ഉദയൻ

**ബിഎസ് സി കെമിസ്ട്രി എൻവയൺമെന്റൽ ആൻഡ് വാട്ടർ മാനേജ്മെന്റ്**



നാലു വർഷ ബിരുദ കോഴ്സിലേക്ക് ഏറെ പ്രതീക്ഷയോടെയാണ് എത്തുന്നത്. ഒരു മേജർ വിഷയം അല്ലെങ്കിൽ രണ്ട് മൈനർ വിഷയങ്ങൾ എടുത്ത് പഠിക്കാനാകും. എന്തുകൊണ്ടും മികച്ച കോഴ്സ് പാറ്റേണാണിതെന്നാണ് തോന്നുന്നത്. പെട്ടെന്ന് ജോലി ലഭിക്കാനും കൂടുതൽ സാധ്യതകൾ കണ്ടെത്താനും അനുയോജ്യമായ പാഠ്യഘടനയാണിത്. മറ്റു സർവകലാശാലകളിൽ നിന്ന് കോഴ്സ് പഠിക്കാനും അവസരം ലഭിക്കും. വിദേശരാജ്യങ്ങളിൽ ജോലിക്കുള്ള സാധ്യതകൾ വർധിക്കും.

## അനഘ സുരേഷ്

**ചേരാനെല്ലൂർ**
**ബിഎസ് സി കെമിസ്ട്രി**



മേജറായി കെമിസ്ട്രി പഠിക്കുന്നതിനൊപ്പം മൈനറായി മ്യൂസിക് പഠിക്കാനാണ് താത്പര്യം. നാലു വർഷ ബിരുദം പൂർത്തിയാക്കിയാൽ ഒരു വർഷം കൊണ്ട് ബിരുദാനന്തര ബിരുദവുമെടുക്കാം. രണ്ടര വർഷത്തിനകം തന്നെ ക്രെഡിറ്റ് നേടിയാൽ ബിരുദമെടുക്കാം. നാലു വർഷത്തിനു ശേഷം ഗവേഷണപഠനത്തിനും അവസരമുണ്ട്. എന്തുകൊണ്ടും മൂന്നു വർഷത്തെ ബിരുദ കോഴ്സിനേക്കാൾ മികച്ചതാണ് നാലുവർഷ ബിരുദം

## ഡോ. ജൂലി ചന്ദ്ര സി.എസ്

**എഫ്‌വൈയുജിപി കോ-ഓഡിനേറ്റർ**

മഹാരാജാസിനെ സംബന്ധിച്ച് 21 ഡിപ്പാർട്ട്മെന്റുകളാണുള്ളത്. കെമിസ്ട്രി ബിരുദ പഠനത്തിന് ചേരുന്ന വിദ്യാർഥിക്ക് ഏതു വിഷയവും മൈനറായി എടുത്ത് പഠിക്കാം. മഹാരാജാസിനെ ഒരു മൈനർ ഹബ് എന്നു വിളിക്കാം. അത്രയധികം കോഴ്സുകൾ കോളേജ് ഓഫർ ചെയ്യുന്നു. വലിയ ഫ്ളെക്സിബിലിറ്റിയാണ് നാലു വർഷ ബിരുദ കോഴ്സ് നൽകുന്നത്. പഠന പ്രക്രിയകളിലും അധ്യയനത്തിലും മൂല്യനിർണ്ണയത്തിലും സമഗ്രമായ മാറ്റമാണ് വരുന്നത്. ഒരു കോഴ്സ് അധ്യാപകർക്ക് തന്നെ ഡിസൈൻ ചെയ്യാവുന്ന സിഗ്നേച്ചർ കോഴ്സുകളും തയാറാക്കാം. സിലബസിലെ 20 ശതമാനം അധ്യാപകർക്ക് തയാറാക്കാം. മഹാരാജാസ് കോളേജിന് സ്വയംഭരണ പദവിയുടെ ഭാഗമായി



നിലവിൽ സിലബസിൽ 20 ശതമാനം മാറ്റം വരുത്താനുള്ള സ്വാതന്ത്ര്യമുണ്ട്. ഇതിനു പുറമേയാണ് നാലു വർഷ ബിരുദത്തിന്റെ ഭാഗമായി അധ്യാപകർക്ക് ലഭിക്കുന്ന സ്വാതന്ത്ര്യം. മുൻപ് ശാസ്ത്രവിഷയങ്ങൾക്ക് മാത്രമായിരുന്നു പ്രാക്ടിക്കൽ. എന്നാൽ പുതിയ പാഠ്യപദ്ധതി മുതൽ ആർട്ട്സ്, ഹ്യുമാനിറ്റീസ് വിഷയങ്ങൾക്കെല്ലാം ബാധകമാകുന്ന വിധത്തിൽ പ്രാക്ടിക്കൽ എന്നൊരു ഘടകം കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. അതത് മേഖലകളിലെ പ്രായോഗിക പരിശീലനമാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

മലബാറിൽ നിന്നുള്ള വിദ്യാർഥികളായിരുന്നു മുൻവർഷം വരെ കോളേജിൽ ചേരുന്നവരിൽ അധികവും. എന്നാൽ ഈ വർഷം എറണാകുളത്തു നിന്നുള്ളവർ കൂടിയിട്ടുണ്ട്. കൂടാതെ പൂർവ വിദ്യാർഥികളുടെ മക്കൾ നിരവധി പേരും ചേർന്നിട്ടുണ്ട്. മിക്ക വിഭാഗങ്ങളും ഗവേഷണ കേന്ദ്രങ്ങളാണ്. നിരവധി ഗവേഷണപ്രബന്ധങ്ങൾ ഇവിടെ നിന്ന് പുറത്തുവന്നിട്ടുണ്ട്. 80 ശതമാനം അധ്യാപകരും പിഎച്ച്ഡി യോഗ്യതയുള്ളവരാണ്. എല്ലാ വിഭാഗങ്ങളിലെയും റിസോഴ്സ് വലുതാണ്. അക്കാദമിക് പ്രവർത്തനങ്ങൾ, അന്താരാഷ്ട്ര കോൺഫറൻസുകൾ, ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഇവയെല്ലാം നടക്കുന്നു ഗവേഷണവുമായി ബന്ധപ്പെട്ട് മഹാരാജാസിലെ പ്രവർത്തനങ്ങളൊന്നും പുറത്തറിയുന്നില്ല. കുട്ടികളുടെ സംഘടനാ പ്രവർത്തനങ്ങളും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും മാത്രമാണ് പലപ്പോഴും മാധ്യമങ്ങളിൽ വരാറുള്ളത്.

## സിഐസിസി ജയചന്ദ്രൻ
**പൂർവവിദ്യാർഥി സംഘടനാപ്രതിനിധി**

പരമ്പരാഗത ബിരുദ, ബിരുദാനന്തര പഠനമാണ് മഹാരാജാസ് കോളേജിൽ നിലനിന്നിരുന്നത്. പുതിയ വിദ്യാഭ്യാസ സമീപനത്തിന്റെ ഭാഗമായുള്ള കോഴ്സുകൾക്കുള്ള അവസരം മഹാരാജാസിൽ കുറവായിരുന്നു. തൊഴിലധിഷ്ഠിത കോഴ്സുകളും കുറവായിരുന്നു. കാലാകാലങ്ങളായി കോളേജ് അഭിമുഖീകരിച്ചിരുന്ന പ്രശ്നമായിരുന്നു അത്. നാലു വർഷ ബിരുദ സംവിധാനത്തിൽ പുതിയ കാലത്തെ അക്കാദമിക് താൽപര്യങ്ങളനുസരിച്ച് നിങ്ങളുടെ ബിരുദം എങ്ങനെ വേണം എന്ന് രൂപകല്പന ചെയ്യാൻ വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നുവെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ നാലു വർഷ ബിരുദ പഠനസംവിധാനം സൃഷ്ടിക്കും. പുതിയ തലമുറയിലെ കുട്ടികൾക്ക് കൂടുതൽ വിശാലമായ തൊഴിലവസരങ്ങളും ലഭിക്കുകയാണ്.






## സന്തോഷ് ടി. വർഗീസ്
**സാമ്പത്തികശാസ്ത്രവിഭാഗം മേധാവി, മഹാരാജാസ് കോളേജ്**

ബഹുവൈജ്ഞാനിക വിദ്യാഭ്യാസം അഥവാ മൾട്ടി ഡിസിപ്ലിനറി പഠനം സാധ്യമാകുന്നതാണ് നാലു വർഷ ബിരുദ കോഴ്സിന്റെ പ്രധാന സവിശേഷത.


ഡിഗ്രി പഠനം കഴിഞ്ഞവർക്ക് തൊഴിൽലഭ്യത കുറഞ്ഞ സാഹചര്യമാണുള്ളത്. പഠനത്തോടൊപ്പം തൊഴിൽനൈപുണ്യവും പകർന്നു നൽകുന്ന വിധത്തിലാണ് പുതിയ കോഴ്സിന്റെ രൂപകല്പന. എല്ലാ വിദ്യാർഥിയും മൂന്ന് ക്രെഡിറ്റ് വീതമുള്ള മൂന്ന് നൈപുണി കോഴ്സുകൾ നിർബന്ധമായും പഠിച്ചിരിക്കണം. തൊഴിൽ അന്വേഷിച്ചിറങ്ങുമ്പോൾ അതിന്റെ വ്യത്യാസം അനുഭവപ്പെടും. നേരത്തേ ഇംഗ്ലീഷ് ഭാഷ പഠിച്ചിറങ്ങുന്ന വിദ്യാർഥി ഒരു തൊഴിൽ നൈപുണിയും ആർജിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ ഇതിന് മാറ്റം വരികയാണ്. നൈപുണിയുടെ അഭാവം എന്ന ആക്ഷേപം വലിയൊരളവുവരെ പരിഹരിക്കാനാകും.


വൈജ്ഞാനികകേന്ദ്രമായി മാറാനുള്ള നിരന്തര ശ്രമങ്ങൾ കേരളത്തിൽ നടന്നുവരികയാണ്. ഇതിനു ശക്തി പകരുകയാണ് പുതിയ നാലു വർഷ ബിരുദം. കൂടുതൽ ആഴത്തിലുള്ള വായനയും പഠനവും ഗവേഷണവും ഉന്നത വിദ്യാഭ്യാസ മേഖലയെ സമ്പന്നമാക്കും. അറിവുൽപാദന ത്തിന്റെ നിലവാരവും വർധിക്കും. ■



പ്രൊഫ. ഡോ. സാബു തോമസ്
മുൻ വൈസ് ചാൻസിലർ, എം.ജി.യൂണിവേഴ്സിറ്റി

പ്രൊഫ. റിട്ട. പി.ഐ. ജോസഫ് ഇല്ലിക്കൻ
എസ്.ബി. കോളേജ് ചങ്ങനാശ്ശേരി





എഫ്‌വൈ.യു.ജി.പി. ഗവേഷണമികവ് ഉറപ്പാക്കാൻ സഹായിക്കത്തക്കവിധമാണ് സംവിധാനം ചെയ്തിരിക്കുന്നത്. സ്വതന്ത്രഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഒരു നവീനഗവേഷണ സംസ്കാരം വളർത്തും

2014-ൽ നമ്മുടെ ഗവേഷണരംഗം വിലയിരുത്താൻ സംസ്ഥാനസർക്കാർ നിയമിച്ച കമ്മിറ്റിയുടെയും ഉപസമിതികളുടെയും റിപ്പോർട്ടുകൾ കേരളത്തിൽ ശാസ്ത്രപഠനവും ഗവേഷണവും കൈവരിച്ച നേട്ടങ്ങൾ വിലയിരുത്താൻ നമുക്ക് ആശ്രയിക്കാവുന്ന ആധികാരികരേഖകൾ ആണ്. അതേവർഷം പുറത്തിറക്കിയ അഖിലേന്ത്യാ ഉന്നതവിദ്യാഭ്യാസ സർവേ റിപ്പോർട്ടും സഹായത്തിനുണ്ട്. നമ്മുടെ സർവകലാശാലകളെയും കോളേജുകളെയും ഗവേഷണകേന്ദ്രീകൃത അധ്യാപനസ്ഥാപനങ്ങളാക്കി മാറ്റുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെട്ട് അവയുടെ ഭരണസംവിധാനത്തിൽ പരിഷ്കാരങ്ങൾ കൊണ്ടുവരണമെന്ന് ഈ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചത് യഥാക്രമം കുസാറ്റ്, അമൃതാ വിശ്വവിദ്യാപീഠം, കേരള സർവകലാശാല, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി (SCTIMST), മഹാത്മാഗാന്ധി സർവകലാശാല, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാലിക്കറ്റ് എന്നിവയാണെന്ന്  ഈ റിപ്പോർട്ടുകൾ അന്ന് ചൂണ്ടിക്കാണിച്ചു.

# വളരും നവീനഗവേഷണ സംസ്കാരം



## ഗ്ലോബൽ റാങ്കിങ്ങിലെ സ്ഥാനം (2013-14)

2013-14-ൽ നടത്തിയ അഖിലേന്ത്യാ ഉന്നതവിദ്യാഭ്യാസ സർവേപ്രകാരം ഇന്ത്യയിലെ 717 സർവകലാശാലകളിൽ 18 എണ്ണമുള്ള കേരളം 19-ാം സ്ഥാനത്തായിരുന്നു. ഇന്ത്യയിലെ 36,812 കോളേജുകളിൽ 1225 കോളേജുകളുള്ള കേരളം 10-ാം സ്ഥാനത്താണ്. യോഗ്യതയുള്ള ജനസംഖ്യയുടെ (18-23 പ്രായവിഭാഗം) അടിസ്ഥാനത്തിൽ ഒരു ലക്ഷത്തിന് 36 കോളേജുകളുമായി കേരളം 6-ാം സ്ഥാനത്താണ്. ഇക്കാര്യത്തിൽ ദേശീയ ശരാശരി 26 മാത്രമുള്ളപ്പോൾ നമ്മുടെ 36 ഒരു നേട്ടംതന്നെയാണ്.

എന്നിരുന്നാലും ഉന്നവിദ്യാഭ്യാസ മേഖലയിലെ ഗവേഷണപ്രവർത്തനങ്ങൾ കണക്കിലെടുക്കുമ്പോൾ നമ്മുടെ നില അത്ര മെച്ചപ്പെട്ടതല്ല എന്ന് താഴെ വിവരിച്ചിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുന്നു.

2014 വരെ രജിസ്റ്റർ ചെയ്യപ്പെട്ട ഉന്നതവിദ്യാഭ്യാസമേഖലയിലെ 6,17,902 വിദ്യാർഥികളിൽ 3772 (0.61%) മാത്രമായിരുന്നു ഗവേഷണപഠനം നടത്തിക്കൊണ്ടിരുന്നത്. എങ്കിലും ഇത് 0.4% എന്ന ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ മികച്ചതായിരുന്നു. എന്നാലും 2014-ലെ ഗ്ലോബൽ റാങ്കിങ്ങിൽ (സ്കിമാഗോ ഇൻസ്റ്റിറ്റ്യൂഷൻസ് റാങ്കിങ്) 2713 സ്ഥാപനങ്ങളിൽ 156 (5.75%) മാത്രമായിരുന്നു ഇന്ത്യയിൽനിന്നുള്ള ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ. ഇവയിൽ കേരളത്തെ പ്രതിനിധീകരിച്ചത് ഏഴ് എണ്ണം മാത്രവും. ഗവേഷണഫലങ്ങളുടെയും ഗുണനിലവാരത്തിന്റെയും കാര്യത്തിൽ ദേശീയതലത്തിൽ ബെഞ്ച് മാർക്ക് ചെയ്യപ്പെട്ട ഈ സ്ഥാപനങ്ങൾ യഥാക്രമം അമൃത വിശ്വവിദ്യാപീഠം, കൊച്ചി ശാസ്ത്രസാങ്കേതികസർവകലാശാല, ശ്രീചിത്ര ((SCTIMST), മഹാത്മാഗാന്ധി സർവകലാശാല, കേരള സർവകലാശാല, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാലിക്കറ്റ് എന്നിവയായിരുന്നു.


## ഗവേഷണ സൗഹൃദനയങ്ങളുടെ ആവശ്യകത

കേരളത്തിൽ ഒരു ഗവേഷണ സൗഹൃദനയം കെട്ടിപ്പെടുക്കേണ്ടതായിട്ടുണ്ട് എന്നും അഖിലേന്ത്യാ ഉന്നതവിദ്യാഭ്യാസ സർവേ റിപ്പോർട്ട് സൂചിപ്പിച്ചു. മെഡിക്കൽ, എഞ്ചിനീയറിങ്, ശാസ്ത്ര-സാമൂഹികശാസ്ത്ര, വിദ്യാഭ്യാസമേഖലകളിലും ഡിജിറ്റൽ വിവരസാങ്കേതികവിദ്യാമേഖലകളിലുമുള്ള ബഹുവിധ പോരായ്മകൾ പരിഹരിച്ച് ഗവേഷണ നിലവാരം ഉയർത്തണം. ഇക്കാര്യങ്ങളിലെല്ലാം ശക്തമായ സർക്കാർ ഇടപെടൽ വേണമെന്ന്



ചിത്രം: എ.എസ്.ശരത്

എന്നാൽ 2014-നും 2024-നുമിടയിൽ അത്ഭുതാവഹമായ നേട്ടങ്ങൾ കൈവരിക്കുവാൻ കേരളത്തിലെ സർവകലാ ശാലകൾക്കായിട്ടുണ്ട് എന്ന് വിവിധ റേറ്റിങ് ഏജൻസികളുടെ പരിശോധനാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു




കമ്മറ്റി ശുപാർശ ചെയ്തു. ഓരോ അഞ്ച് വർഷവും കൂടുമ്പോഴും പുതിയ കമ്മറ്റികൾ രൂപീകരിച്ച് ഉന്നതവിദ്യാഭ്യാസ ഗവേഷണ മേഖലകളുടെ പോരായ്മകൾ പരിഹരിക്കേണ്ടതാണെന്നും കമ്മറ്റി അഭിപ്രായപ്പെടുകയുണ്ടായി.

ഭാഗ്യവശാൽ കേരളത്തിന് ഇന്ന് ശക്തമായ സ്ഥാപനഘടന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വഴിയും സംസ്ഥാന ശാസ്ത്രസാങ്കേതിക കൗൺസിൽ വഴിയും സംജാതമായിട്ടുണ്ട്. രണ്ടാമത്തെ കൗൺസിലിന് ഏഴ് ഗവേഷണ വികസനകേന്ദ്രങ്ങൾ ഉണ്ട്. ഗവേഷണമികവിന്റെയും ശാസ്ത്രീയമികവിന്റെയും കാര്യങ്ങൾ കേരളത്തിന് ആഗോളരംഗത്ത് ശ്രദ്ധേയമാകാൻ ഈ സ്ഥാപനങ്ങളെ യെല്ലാം നമ്മുടെ സർവകലാശാലകളും കോളേജുകളുമായി ഫലപ്രദമായി ബന്ധിപ്പിച്ചാൽ മതിയാവും. അതിനായി ശരിയായ മാർഗനിർദേശവും ആവശ്യമായ ധനസഹായവും ലഭ്യമാക്കിയാൽ വെല്ലൂരിലെ ക്രിസ്റ്റ്യൻ മെഡിക്കൽ കോളേജോ കോയമ്പത്തൂരിലെ പി.എസ്.ജി. കോളേജ് ഓഫ് ടെക്നോളജിയോ പോലെ നമ്മുടെ ഉന്നതവിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളെ മികവുറ്റതാക്കാൻ സാധിക്കും.

## മികച്ച പ്രകടനം

എന്നാൽ 2014-നും 2024-നുമിടയിൽ അത്ഭുതാവഹമായ നേട്ടങ്ങൾ കൈവരിക്കുവാൻ കേരളത്തിലെ സർവകലാശാലകൾക്കായിട്ടുണ്ട് എന്ന് വിവിധ റേറ്റിങ് ഏജൻസികളുടെ പരിശോധനാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ടൈംസ് ഹയർ എഡ്യുക്കേഷൻ സർവേ (THES) യുടെ 2023-ലെയും 2024-ലെയും റാങ്കിങ്ങിൽ ഏഷ്യയിൽ യഥാക്രമം




4-ഉം 3-ഉം റാങ്കുകൾ കരസ്ഥമാക്കിയത് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയാണ്. കൂടാതെ 18 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ലോകത്തിലെ 150 യൂണിവേഴ്സിറ്റികളുടെ റാങ്കിങ്ങിൽ ഈ യൂണിവേഴ്സിറ്റി മാത്രമാണ് കേരളത്തെ പ്രതിനിധീകരിച്ചത്. ആഗോള 'യങ്ങ്' യൂണിവേഴ്സിറ്റികളുടെ ടൈംസ് റാങ്കിങ്ങിൽ എംജി 81-ാം സ്ഥാനത്തും ഇന്ത്യൻ സർവകലാശാലകളുടെ കൂട്ടത്തിൽ ഒന്നാം സ്ഥാനത്തുമാണ്. 2024-ലെ വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ ഇന്ത്യൻ യൂണിവേഴ്സിറ്റികളിൽ 201-250 റാങ്കുകളിൽ ഇന്ത്യയിൽനിന്നും ഒന്നാം സ്ഥാനത്തുവന്നത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് മാത്രമാണ്. എന്നാൽ 501-600 റാങ്ക് പട്ടികയിൽ ഇന്ത്യയിൽ മഹാത്മാഗാന്ധി സർവകലാശാല ഒന്നാം സ്ഥാനത്തും കുസാറ്റ് രണ്ടാം സ്ഥാനത്തുമെത്തി. 2022-23-ൽ ഇന്ത്യയിലെ പോളിമർ സയൻസ് പഠനകേന്ദ്രങ്ങളിൽ, ഏറ്റവും മികച്ച സെന്ററായി യു.ജി.സി. തെരഞ്ഞെടുത്ത് ആദരിച്ചത് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയെ ആണ്. അതേവർഷം തന്നെ ടൈംസ് റേറ്റിങ്ങിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ലോകത്തിൽ
101- ാം സ്ഥാനവും 'ഗവേഷണമികവിനും സംരംഭകത്വവികസനത്തിനു മായുള്ള' കേന്ദ്ര സർക്കാർ അടൽ റാങ്കിങ്ങിൽ മൂന്നാം സ്ഥാനവും നേടി.

**പുതിയ എഫ്‌വൈയുജിപിയിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സംയോജനം വിപ്ളവകരമായ നടപടിയാണ്.**

## എഫ്‌വൈയുജിപി വരുമ്പോൾ

യു.ജി.സി.യുടെ അണ്ടർഗ്രാജ്വേറ്റ് കോഴ്സിന്റെ (FYUGP) രൂപവൽക്കരണം ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസ ഗവേഷണവികസനത്തിന് ഒരു പുതുയുഗം തുറന്നുകൊടുത്തിരിക്കുകയാണ്. കേരളസർക്കാർ 2021-ൽ തന്നെ ശ്യാം ബി മേനോൻ കമ്മീഷനെ (പ്രൊഫ. ഡോ. സാബു തോമസ് അതിൽ ഒരംഗമാണ്) നിയമിച്ചു. യു.ജി.സി.യുടെ എഫ്.വൈ.യു. ജി.പി.യെ വെല്ലുന്ന ഒരു പുതിയ സ്കീമിനാണ് കമ്മീഷൻ രൂപംകൊടുത്തത്. വ്യവസ്ഥാപിതമായ പഠനപദ്ധതി പരിഷ്കരണങ്ങളും ഗവേഷണമികവ് മെച്ചപ്പെടുത്തലുമാണ് ഈ പുതിയ പദ്ധതിയുടെ രണ്ടുവശങ്ങൾ.

യു.ജി.സി. പഠനപദ്ധതിയിൽ നിന്നും അല്പം വ്യതിചലിച്ച ഒരു പദ്ധതിയാണ് നമ്മുടെ 'എഫ്.വൈ.യു.ജി.പി.' യു.ജി. സി. പദ്ധതി വിദ്യാർഥികൾക്ക് ഓരോ വർഷാവസാനവും അതതു സർട്ടിഫിക്കേറ്റുമായി പുറത്തുപോകാൻ അവസരം നല്കുന്നു. എന്നാൽ നമ്മുടെ പദ്ധതിയിൽ മൂന്നാം വർഷാവസാനം ഡിഗ്രി സർട്ടിഫിക്കേറ്റുമായി മാത്രമേ, പഠനം നിറുത്തുവാൻ സാധിക്കുകയുള്ളൂ. കൂടുതൽ വ്യവസായ പ്രസക്തവും വിദ്യാർഥികേന്ദ്രീകൃതവുമായ ഒരു പാഠ്യപദ്ധതി പരിഷ്കരണമാണ് നമ്മൾ നടത്തിയിരിക്കുന്നത്.

പഠനപദ്ധതി പരിഷ്കരണത്തിന് ആക്കം കൂട്ടുന്നതിനുതകുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പുതിയ പദ്ധതിയുടെ ഭാഗമാണ്. കെ-ഫോൺ ഓപ്റ്റിക് നെറ്റ്‌വർക്ക് പോലുള്ള പദ്ധതികൾവഴി വിദ്യാഭ്യാസത്തിനായി പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അടിസ്ഥാനസൗകര്യങ്ങൾ (ലാബ്, ലൈബ്രറി മറ്റു) വികസിപ്പിക്കാനും നവീകരിക്കാനും നിലവിലുള്ളവ പുനരുദ്ധരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പരമ്പരാഗത മൂന്ന് വർഷ സമ്പ്രദായവുമായി താരതമ്യപ്പെടുത്തുമ്പോൾ പുതിയ പഠനരീതികൾ വിദ്യാർഥികൾക്ക് ആഴത്തിലുള്ള പഠനാനുഭവം നല്കുന്നു. പുതിയ എഫ്.വൈ.യു.ജി.പി.യിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സംയോജനം ഒരു വിപ്ലവകരമായ നടപടിയാണ്..

## ഗവേഷണ സഹകരണം

എഫ്.വൈ.യു.ജി.പി. ഗവേഷണമികവ് ഉറപ്പാക്കാൻ സഹായിക്കത്തക്കവിധമാണ് സംവിധാനം ചെയ്തിരിക്കുന്നത്. സ്ഥാപനങ്ങൾ തമ്മിലുള്ള ഗവേഷണ സഹകരണം പ്രോത്സാഹിപ്പിക്കൽ, എല്ലാ പഠനശാഖകളിലെയും

ഗവേഷണപദ്ധതികൾക്ക് ധനസഹായം നൽകൽ, അത്യാധുനീക ഗവേഷണപ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്ന ഗവേഷണസൗകര്യങ്ങളിലും ഉപകരണങ്ങളിലും നിക്ഷേപിക്കൽ, നല്ല കഴിവുള്ള വിദ്യാർഥികൾക്ക് വലിയ സ്കോളർഷിപ്പ് നൽകി വിദേശത്തേക്കുള്ള ഒഴുക്ക് തടയൽ, ആകർഷകമായ ഫെലോഷിപ്പുകളും ഫാക്കൽട്ടി എക്സ്ചേഞ്ച് പ്രോഗ്രാമുകളും സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നത്. ഇവയൊക്കെ ഗവേഷണ ഉൽപാദനത്തിന്റെ അളവും ഗുണവും വർധിപ്പിക്കാൻ സഹായിക്കുന്നവയാണ്.

പുതിയ പദ്ധതിയിലൂടെ വിദ്യാർഥികൾക്കു ലഭിക്കുന്ന നാലാം വർഷത്തെ പഠനം ഗവേഷണപദ്ധതിയും ഗവേഷണരീതിയും വിദ്യാർഥികളുടെ ഗവേഷണാഭിരുചി വർധിപ്പിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അവരുടെ അറിവ് വികസിപ്പിക്കുകയും ഒന്നിലധികം മേഖലകളിൽ പുതിയ ഗവേഷണതാൽപര്യങ്ങൾ ഉണർത്തുകയും തൊഴിൽസാധ്യതകൾ വർധിപ്പിക്കുകയും ചെയ്യും.

പുതിയ കരിക്കുലം (പാഠ്യപദ്ധതി) ബഹുദിശയിലുള്ള നൈപുണ്യവികസനവും ഇന്റേൺഷിപ്പും സംയോജിപ്പിക്കുന്നു. തന്മൂലം അത് പുതിയ ജോലിവിപണിക്കും ഗവേഷണകേന്ദ്രീകൃത കരിയറുകൾക്കും വേണ്ടി ബിരുദധാരികളെ തയ്യാറാക്കുന്നു. അതിന്റെ മറ്റൊരു ഗുണവശം നാലു വർഷഘടന കേരളത്തിലെ ബിരുദ സമ്പ്രദായത്തെ അന്താരാഷ്ട്രമാനദണ്ഡങ്ങളുമായി സമന്വയിപ്പിക്കുമെന്നതാണ്. ഇത് നമ്മുടെ വിദ്യാർഥികളുടെ വിദേശപഠനം സുഗമമാക്കും. മറ്റൊരു സവിശേഷത സാങ്കേതികവിദ്യാധിഷ്ഠിതമായ പഠനരീതികളാണ്. ഇത് പഠനം സുഗമമാക്കുകയും കൂടുതൽ ആകർഷകമായ പഠനപരിസ്ഥിതി വളർത്തുകയും ചെയ്യും.



സ്വതന്ത്രഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഒരു നവീനഗവേഷണ സംസ്കാരം വളർത്തും. വിദേശരാജ്യങ്ങളിലെപ്പോലെ ഇവിടെയും സർവകലാശാല-വ്യവസായബന്ധം ശക്തമാക്കും. പുതിയ ഗവേഷണ അവസരങ്ങൾക്കും പരിഹാരങ്ങൾക്കും വ്യവസായസ്ഥാപനങ്ങളുമായുള്ള സഹകരണം വഴിതുറക്കും.



നാലുവർഷ ബിരുദപരിപാടിയിലേക്കുള്ള മാറ്റം അധ്യാപന നിലവാരം ഉയർത്തും. കാരണം പുതിയ ഗവേഷണപദ്ധതികൾ നയിക്കുന്നതിന് അധ്യാപകരെ ഉണർത്തി ഉയർത്തേണ്ടിയിരിക്കുന്നു. ഇത് നമ്മുടെ ഗവേഷണഫലങ്ങളും അവയുടെ ഗുണനിലവാരവും വർധിപ്പിക്കും. കേരളത്തിൽ കൂടുതൽ ശക്തമായ ഗവേഷണ പരിസ്ഥിതി സംജാതമായാൽ കഴിവുള്ള വിദേശഗവേഷകർ നമ്മുടെ സർവകലാശാലകളിൽ ഓടിയെത്തും. ഇതിലൂടെ വളരെ ഉയർന്ന ഗവേഷണ ഉൽപാദനക്ഷമത കൈവരിക്കാൻ നമ്മുടെ ഗവേഷണസ്ഥാപനങ്ങൾക്കാവും. തത്ഫലമായി നമ്മുടെ സർവകലാശാലകളും സ്വയംഭരണ കോളേജുകളും കൂടുതൽ ശക്തമായ ഗവേഷണസൗകര്യങ്ങൾ സ്ഥാപിക്കാൻ നിർബന്ധിതരാകും. ദേശീയവും അന്തർദേശീയവുമായ ബിസിനസ് കോർപ്പറേഷനുകളിൽ നിന്നും ഗവേഷണ ഏജൻസികളിൽനിന്നും കൂടുതൽ ധനസഹായം ആകർഷിക്കാൻ ഈ സ്ഥാപനങ്ങൾക്കു സാധിക്കും. ഇതുവഴി കേരളത്തിൽ ഗവേഷണപ്രവർത്തനങ്ങൾ കൂടുതലായി പ്രോത്സാഹിപ്പിക്കപ്പെടും.■

>> ഡോ. വിനോദ്കുമാർ ജേക്കബ്
കൺവീനർ, സാങ്കേതികശാസ്ത്ര സർവകലാശാല സിൻഡിക്കേറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റി (അക്കാദമിക, പരീക്ഷാവിഷയങ്ങൾ)



കേരളത്തെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തിലൂന്നി പുരോഗമനകരവും അതിനൂതനവുമായ എഞ്ചിനീയറിങ്ങ് വിദ്യാഭ്യാസത്തിന് നാന്ദി കുറിക്കുകയാണ് എ പി ജെ അബ്ദുൽ കലാം സാങ്കേതികശാസ്ത്ര സർവകലാശാല.




സാങ്കേതികശാസ്ത്രസർവകലാശാലയിൽ ഐപിആർ സെന്ററിന്റേയും സ്റ്റാർട്ടപ്പ് സെല്ലിന്റേയും ഉദ്ഘാടനച്ചടങ്ങിൽ മന്ത്രി ഡോ.ആർ.ബിന്ദു

# പുതുകാലത്തിന്റെ സാങ്കേതിക ശാസ്ത്രപഠനം

സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി രൂപപ്പെടുത്തുന്നതിനും പുനഃസംഘടിപ്പിയ്ക്കുന്നതിനുമുള്ള കേരളസർക്കാരിന്റെ പ്രഖ്യാപിതനയത്തിന് ശക്തിപകരുന്ന ഒന്നാണ് പരിഷ്ക്കരിച്ച ബി ടെക് പാഠ്യപദ്ധതി. വ്യവസായ സഹകരണം, പ്രോജക്ട് അടിസ്ഥാനമാക്കിയുള്ള പഠനം, സാമൂഹിക പ്രസക്തിയുള്ള പ്രോജക്ടുകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് വഴി വിദ്യാർഥികൾക്ക് അവർ തെരഞ്ഞെടുത്ത മേഖലകളിൽ മികവ് പുലർത്തുന്നതിന് ആവശ്യമായ കഴിവുകളും അറിവും വികസിപ്പിക്കാൻ ഈ പാഠ്യപദ്ധതി സഹായിക്കും.

ബഹുമുഖ തൊഴിലുകൾക്കായി സജ്ജരാകുന്ന പുതുതലമുറ എഞ്ചിനീയർമാരെ വാർത്തെടുക്കുക എന്നതാണ് പാഠ്യപദ്ധതിയുടെ ലക്ഷ്യം. പഠനം സുഗമമാക്കുകയും പഠിക്കാൻ വിദ്യാർഥികളെ പ്രചോദിപ്പിക്കുന്നതുമാണ് പുതിയ പാഠ്യപദ്ധതി. ഡിജിറ്റൽ ടൂളുകൾ, സംരംഭകത്വവൈദഗ്ധ്യം, അന്താരാഷ്ട്ര മത്സരക്ഷമത എന്നിവയിൽ കൂടുതൽ ശ്രദ്ധ കൊടുക്കുന്ന പരിഷ്കരിച്ച സിലബസ് എഞ്ചിനീയറിങ്ങ് വിദ്യാഭ്യാസത്തിൽ വിപ്ലവകരമായ മാറ്റം വരുത്തും.

## അനന്തസാധ്യതകൾ ഉപയോഗിക്കാം

റോബോട്ടിക്സ്, ഐഒടി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡേറ്റ സയൻസ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ നൂതന സാങ്കേതികവിദ്യകളുടെ വരവോടെ അനന്തമായ സാധ്യതകളാണ് എഞ്ചിനീയറിങ്ങ് രംഗത്ത് ഇനി വരുന്ന നാളുകളിൽ ഉണ്ടാകാൻ പോകുന്നത്. അതിവേഗം മാറുന്ന സാങ്കേതികരംഗത്ത് മികവ് പുലർത്താനും പഠനശേഷം ജോലി സമ്പാദിക്കുക എന്ന ലക്ഷ്യത്തിനപ്പുറം സംരംഭകരായിത്തീരുവാനും വിദ്യാർഥികളെ സജ്ജരാക്കുക

# പരിഷ്കരിച്ച പാഠ്യപദ്ധതിയിലെ ശ്രദ്ധേയമായ മാറ്റങ്ങൾ

1. **വ്യാവസായിക സഹകരണം:** കേവലം തൊഴിലന്വേഷകർ എന്നതിലുപരി വിദ്യാർഥികളെ വ്യവസായസജ്ജരും തൊഴിൽ ദാതാക്കളും ആക്കുക എന്നതാണ് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി വ്യവസായമേഖലയുമായി കൈകോർക്കാനും സിലബസ് രൂപവൽക്കരണത്തിൽ അക്കാദമിക-വ്യവസായ പങ്കാളിത്തം ഉറപ്പാക്കാനും സർവകലാശാല ലക്ഷ്യമിടുന്നു.

2. **പ്രോജക്ട് അധിഷ്ഠിത പഠനം:** പരമ്പരാഗത ക്ലാസ്മുറി അധ്യാപനത്തിനുപരിയായി വിദ്യാർഥികൾ പ്രോജക്ടുകളിൽ ഏർപ്പെടുന്ന വിദ്യാഭ്യാസ രീതിയാണിത്. ഈ സമീപനം പ്രായോഗിക കഴിവുകൾ വികസിപ്പിക്കുന്നതിനും യഥാർഥ പ്രശ്നങ്ങളിൽ സൈദ്ധാന്തിക-പ്രായോഗിക അറിവ് നേടുന്നതിലും അവ ഉപയോഗിക്കുന്നതിലും സഹായിക്കുന്നു. നാസ്കോം , കെ-ഡിസ്ക് , കേരള സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയ സർക്കാർ-സർക്കാരിതര സംരംഭങ്ങളുടെ സഹായത്തോടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

3. **സാമൂഹിക പ്രസക്തിയുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുക:** കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക് ) പിന്തുണയോടെ സാമൂഹിക പ്രസക്തിയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. വിദ്യാർഥികളിൽ സാമൂഹിക ഉത്തരവാദിത്വബോധം വളർത്താനും സമൂഹത്തിന് പ്രയോജനപ്പെടുന്ന പ്രോജക്ടുകൾ വികസിപ്പിക്കാനും ഇതിലൂടെ കഴിയും.

4. **ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡേറ്റാ സയൻസ്:** നവീന സാങ്കേതികവിദ്യകളിൽ വിദ്യാർഥികൾക്ക് അവബോധം ഉറപ്പാക്കാൻ എല്ലാ പഠന ശാഖകളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡേറ്റാ സയൻസും ഉൾക്കൊള്ളിച്ചിരിക്കുന്നു.

5. **ഇന്റേൺഷിപ്പുകൾ:** വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ വ്യവസായമേഖലയിൽ പരിചയസമ്പത്ത് വർധിപ്പിക്കുവാൻ ഏറെ സഹായകമാണ് ഇന്റേൺഷിപ്പുകൾ. ഏഴ് എട്ട് സെമെസ്റ്ററുകളിൽ ആറ് മാസത്തെ ഇന്റേൺഷിപ്പിന് വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നു..

6. **വിദ്യാർഥികളിലെ 'ഡൈവേഴ്സിറ്റി':** പുതിയ പാഠ്യപദ്ധതിയിലെ 'ചലഞ്ച് കോഴ്സുകൾ' പാഠ്യവിഷയങ്ങൾ പഠിക്കാതെ തന്നെ അക്കാദമിക് ക്രെഡിറ്റുകൾ നേടുന്നതിന് വിദ്യാർഥികളെ സഹായിക്കുന്നു.. ഇങ്ങനെ ചലഞ്ച് കോഴ്സുകളിലൂടെ ബിടെക് പൂർത്തിയാക്കാൻ 170 ക്രെഡിറ്റുകൾ നേടുന്ന വിദ്യാർഥിക്ക് അവസാന രണ്ട് സെമെസ്റ്ററുകളിൽ ഒന്ന് ഇന്റേൺഷിപ്പിനായി ഉപയോഗിക്കാം.

7. **സംരംഭകത്വത്തിലും ബൗദ്ധിക സ്വത്തവകാശത്തിലും കോഴ്സുകൾ:** കേരള സ്റ്റാർട്ടപ്പ് മിഷന്റെ പിന്തുണയോടെ സംരംഭകത്വം, ഐ.പി.ആർ എന്നിവയെക്കുറിച്ചുള്ള കോഴ്സുകൾ വിദ്യാർഥികളെ തൊഴിലന്വേഷകർ എന്നതിലുപരി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ പ്രാപ്തിയുള്ളവരാക്കുന്നു.

8. **സംരംഭകത്വത്തിൽ മൈനർ:** സംരംഭകത്വത്തിൽ കൂടുതൽ അറിവ് വേണ്ട വിദ്യാർഥികൾക്ക് അത് 'മൈനർ' വിഷയമായി എടുത്തുപഠിക്കാനുള്ള ഓപ്ഷനും നല്കുന്നു.

9. **വർധിപ്പിച്ച ഐച്ഛിക വിഷയങ്ങൾ:** വിദ്യാർഥികൾക്ക് താൽപര്യമനുസരിച്ച് കൂടുതൽ ഐച്ഛിക വിഷയങ്ങൾ തെരഞ്ഞെടുക്കാനുള്ള അവസരം.

10. **കണക്കിലുണ്ട് കാര്യം:** മുൻകാലങ്ങളിൽ എല്ലാ എഞ്ചിനീയറിങ്ങ് പ്രോഗ്രാമുകളിലും ഫിസിക്സ്, മാത്ത്സ്, കെമിസ്ട്രി തുടങ്ങിയ അടിസ്ഥാന വിഷയങ്ങൾക്ക് ഒരേ സിലബസാണ് പഠിപ്പിച്ചിരുന്നതെങ്കിൽ പുതിയ പാഠ്യപദ്ധതിയിൽ, ഈ വിഷയങ്ങൾ വിദ്യാർഥികൾ തെരഞ്ഞെടുക്കുന്ന കോഴ്സിന് അനുസൃതമായ പ്രസക്തിയോടെയായിരിക്കും പഠിക്കുന്നത്.

എന്നീ ലക്ഷ്യങ്ങളാണ് പുതിയ പാഠ്യപദ്ധതിയിലൂടെ കൈവരിക്കാൻ സർവകലാശാല ഉദ്ദേശിക്കുന്നത്. പുതിയ സാങ്കേതികമുന്നേറ്റങ്ങളിൽ വിദ്യാർഥികളുടെ പ്രാവീണ്യം ഉറപ്പാക്കാൻ പുതുതലമുറ കോഴ്സുകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡേറ്റാ സയൻസ് എന്നിവ എല്ലാ പഠനശാഖകളിലും പാഠ്യവിഷയമാണ്. ഉള്ളടക്കത്തിലെ അമിതഭാരം ഒഴിവാക്കി വിഷയത്തെക്കുറിച്ച് ആഴത്തിലുള്ള വിജ്ഞാനം പഠിതാക്കളിൽ ഉണ്ടാക്കാനുള്ള ശ്രമവും പുതിയ പാഠ്യപദ്ധതിയിൽ ഉണ്ട്.

## അധ്യാപകർക്കും പഠനം

നൂതന എഞ്ചിനീയറിങ്ങ് മേഖലകൾ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കുമ്പോൾ അധ്യാപകർ ഈ വിഷയങ്ങൾ പഠിപ്പിക്കാൻ സജ്ജരാണ് എന്ന് ഉറപ്പാക്കാൻ സർവകലാശാല ആദ്യം ചെയ്യുന്നത് ഈ വിഷയങ്ങളിൽ അധ്യാപകർക്ക് പരിശീലനം കൊടുക്കുക എന്നതാണ്. സർവകലാശാലയിലെ മാനവവിഭവശേഷി വികസനകേന്ദ്രം വഴിയാണ് അധ്യാപകർക്ക് പരിശീലനം നൽകുന്നത്.

## സംരംഭകത്വ വികസനം, സ്റ്റാർട്ടപ്പ് സെൽ

അഫിലിയേറ്റഡ് കോളേജുകളുടെ പിന്തുണയോടെ 100 ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററുകൾ സ്ഥാപിക്കുക, പ്രതിവർഷം കുറഞ്ഞത് 500 സ്റ്റാർട്ടപ്പുകൾ സൃഷ്ടിക്കുക, പ്രതിവർഷം 10 കോടി രൂപയുടെ വിപണിയുണ്ടാക്കുക, വിദ്യാർഥികളുടെ പ്രോജക്ടുകൾ വിപണിയിൽ വിൽക്കാവുന്ന ഉൽപന്നങ്ങളാക്കി മാറ്റുക, സാങ്കേതികതയുള്ള സ്റ്റാർട്ടപ്പുകൾക്കായി വെഞ്ചർ ക്യാപിറ്റൽ ഫണ്ടിങ്ങ് സൗകര്യമൊരുക്കുക, ഉൽപന്ന വികസന പ്രക്രിയയ്ക്കായി വിവിധ കോളേജുകളിലും വ്യവസായങ്ങളിലുമുള്ള ആർ &ഡി പിന്തുണാ സംവിധാനം 'നോ ലോസ് നോ പ്രാഫിറ്റ്' അടിസ്ഥാനത്തിൽ ബന്ധിപ്പിക്കുക എന്നിവയാണ് സ്റ്റാർട്ടപ്പ് സെല്ലിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ.

ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ വിപുലമായ പദ്ധതികൾക്കാണ് സർവകലാശാല രൂപം കൊടുത്തിരിക്കുന്നത്. സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക പിന്തുണ ഉറപ്പാക്കാൻ സ്റ്റാർട്ടപ്പ് ഗ്രാന്റുകൾ, ഇൻക്യുബേറ്റർ റാങ്കിങ്ങ് ഫ്രെയിംവർക്ക്, പലിശരഹിത വായ്പകൾ, ഇൻക്യുബേറ്റർ മാനേജർമാർക്കും സംരംഭകരംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന വനിതാ അധ്യാപകർക്കും ഐ.ഐ.ഐ.എം ബംഗളൂരുവിലെ അഞ്ചുദിവസത്തെ റെസിഡൻഷ്യൽ പ്രോഗ്രാം, തിരഞ്ഞെടുത്ത 80 സ്റ്റാർട്ടപ്പുകൾക്ക് ഒരു വർഷത്തേക്ക് ഓരോ മാസവും 50,000 രൂപയുടെ ഫെലോഷിപ്പ്, കോളേജുകളിൽ നിന്ന് സ്റ്റാർട്ടപ്പ് ഫൗണ്ടർമാർക്ക് ഹാർവാർഡ്, സ്റ്റാൻഫോർഡ് തുടങ്ങിയ അന്താരാഷ്ട്ര വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഇൻക്യുബേറ്റർ സന്ദർശനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റാർട്ടപ്പ് ഫൗണ്ടേഴ്സ് എക്സ്ചേഞ്ച് പ്രോഗ്രാം, ബൂട്ട്ക്യാമ്പുകൾ എന്നിവയാണ് അവയിൽ ചിലത്.

കൂടാതെ ബൗദ്ധികസ്വത്തവകാശത്തെക്കുറിച്ച് അവബോധവും ബൗദ്ധിക സ്വത്തവകാശങ്ങളുടെ ഉടമസ്ഥതാനിയന്ത്രണവും സംയോജനവും കാര്യക്ഷമമാക്കുന്നതിനുമായി ഐ പി ആർ സെന്ററും തുടങ്ങുന്നു. ■

ശ്രീലത ആർ.എസ്
അഡ്മിനിസ്‌ട്രേറ്റീവ് ഓഫീസർ, സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ

> സിവിൽ സർവീസ് പരീക്ഷയുടെ പരിശീലനത്തിന് ഒരുകാലത്ത് ഡൽഹി അടക്കമുള്ള മെട്രോനഗരങ്ങളിലെ കോച്ചിംഗ് സെന്ററുകളെ ആശ്രയിച്ചിരുന്ന മലയാളികൾ, കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയെ ഇപ്പോൾ ആശാകേന്ദ്രമായി കാണുന്നു.




# അഭിമാന അക്കാഡമി

സിവിൽ സർവീസ് പരീക്ഷകളിൽ കേരളത്തിന്റെ പ്രാതിനിധ്യം കുറഞ്ഞിരുന്ന സാഹചര്യത്തിലാണ് 2005-ൽ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമി സർക്കാർ സ്ഥാപിച്ചത്. തുടക്കത്തിൽ ആറ് പേരെ സിവിൽ സർവീസിൽ എത്തിച്ച ഈ കേന്ദ്രം നാളിതുവരെ 500-ഓളം പേരെ വിവിധ കേഡറുകളിലായി സിവിൽസർവീസിലേയ്ക്ക് എത്തിച്ചു. യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന സിവിൽ സർവീസ് പരീക്ഷയുടെ പരിശീലനത്തിന് ഒരുകാലത്ത് ഡൽഹി അടക്കമുള്ള മെട്രോനഗരങ്ങളിലെ കോച്ചിംഗ് സെന്ററുകളെ ആശ്രയിച്ചിരുന്ന മലയാളികൾ, കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയെ ഇപ്പോൾ ആശാകേന്ദ്രമായി കാണുന്നു.

## സവിശേഷതകൾ

പരിചയസമ്പന്നരും പ്രഗത്ഭരുമായ ഫാക്കൽറ്റികൾ, ഗവേഷണ വിഭാഗം, അച്ചടക്കത്തോടും കൃത്യനിഷ്ഠയോടുമുള്ള പഠനക്രമം, വിവിധ വിഷയങ്ങളിൽ അറിവു പകരുന്ന നാൽപതോളം ആനുകാലികങ്ങൾ, മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ദിനപത്രങ്ങൾ, ബൃഹത്തായ പുസ്തകശേഖരവുമുള്ള ലൈബ്രറി, മികച്ച രീതിയിലുള്ള ടെസ്റ്റ് സീരീസ് എന്നിവ അക്കാഡമിയുടെ സവിശേഷതകളാണ്.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, പൊന്നാനി, കണ്ണൂർ എന്നീ ജില്ലകളിൽ പ്രധാന കോഴ്സായ പ്രിലിംസ് കം മെയിൻസ് കോഴ്സിന്റെ പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ സെന്റർ ഫോർ എക്സലൻസിലാണ് കല്ല്യാശ്ശേരിയിലെ അക്കാഡമിയുടെ സെന്റർ പ്രവർത്തിക്കുന്നത്. ഇവിടെ 51% സീറ്റുകൾ പട്ടി കജാതി വിദ്യാർഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ, പൊന്നാനിയിലുള്ള അക്കാഡമിയിലെ സെന്ററായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസിൽ 50% സീറ്റുകൾ മുസ്ലീം ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർഥികൾക്കായും 10% സീറ്റുകൾ പട്ടികജാതി/പട്ടികവർഗ

വിദ്യാർഥികൾക്കായും സംവരണം ചെയ്തിട്ടുണ്ട്. മറ്റ് കേന്ദ്രങ്ങളിലും 10% സീറ്റുകൾ പട്ടിക ജാതി/വർഗ വിദ്യാർഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.പട്ടികജാതി/പട്ടിക വർഗ സീറ്റിലേക്കുള്ള പ്രവേശനം പട്ടികജാതി വകുപ്പിന്റെ ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി മുഖേനയാണ് നടത്തിവരുന്നത്.

പ്രിലിംസ് കം മെയിൻസ് കോഴ്സിന് പഠിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 വിദ്യാർഥികൾക്ക് അവർ ഒടുക്കിയ ഫീസ് റീ ഇംബേഴ്സ് ചെയ്യുന്നതാണ്. ബി.പി.എൽ വിഭാഗപ്പെടുന്ന വിദ്യാർഥികൾക്ക് ഫീസ് തവണകളായി (instalment) അടയ്ക്കുന്നതിനുള്ള സൗകര്യവുമുണ്ട്.

## പരിശീലന പദ്ധതികൾ

**a) സിവിൽ സർവീസ് പ്രിലിമിനറി കം മെയിൻസ് കോഴ്സ് (PCM)**

ഓരോ വർഷവും ജൂണിലാണ് പ്രിലിംസ് കം മെയിൻസ് ബാച്ചുകൾ ആരംഭിക്കുന്നത്. അക്കാഡമി നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. കോഴ്സ് ഫീസ് 40,000 രൂപ +18% GST.

ഉൾപ്പെടെയുള്ളവർക്കും, നിലവിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർഥികൾക്കും ഈ കോഴ്സിനു ചേരാം. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, പാലക്കാട്, പൊന്നാനി, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവയാണ് പരിശീലന കേന്ദ്രങ്ങൾ. രണ്ടാം ശനി, ഞായർ, മറ്റ് പൊതു അവധി ദിവസങ്ങളിലുമാണ് ക്ലാസുകൾ നടത്തുന്നത്. ഫീസ് 40,000 രൂപ+18% gst). ബിരുദ/ബിരുദാനന്തര വിദ്യാർഥി കൾക്ക് ഫീസ് 30,000 രൂപ +18%GST

ബിരുദ/ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾ ഒരു അംഗീകൃത സ്ഥാപനത്തിൽ റഗുലറായി പഠിക്കുന്നു

**പ്രിലിംസ് കം മെയിൻസ് കോഴ്സിന് പഠിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 വിദ്യാർഥികൾക്ക് അവർ ഒടുക്കിയ ഫീസ് റീ ഇംബേഴ്സ് ചെയ്യും**

ഹൈസ്കൂളിൽപഠിക്കുന്ന കുട്ടികൾക്ക് ഭാവിയിൽ സിവിൽ സർവീസ് പോലുള്ള മത്സര പരീക്ഷകൾ ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര ശേഷി വികസനത്തിന് പ്രത്യേകപാഠ്യപദ്ധതി തയ്യാറാക്കി നടത്തുന്ന കോഴ്സാണ്. ഇംഗ്ലീഷിനും മാതൃഭാഷയ്ക്കും പ്രത്യേക ഊന്നൽ നൽകി ഇതര വിഷയങ്ങളിൽ സാമാന്യമായ അവബോധം ഈ കോഴ്സിലൂടെ പ്രദാനം ചെയ്യുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ചെങ്ങന്നൂർ, ആലുവ, തൃശ്ശൂർ പാലക്കാട്, പൊന്നാനി, കോഴിക്കോട്, കല്ല്യാശ്ശേരി, കാസർഗോഡ് എന്നിവയാണ് പരിശീലന കേന്ദ്ര ങ്ങൾ. ഫീസ്, 3,000 രൂപ +18% gst.

**f) ഓൺലൈൻ കോഴ്സുകൾ**

പ്രിലിംസ് കം മെയിൻസ് (വീക്കെന്റ്), ടാലന്റ് ഡെവലപ്മെന്റ് കോഴ്സ്, സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് എന്നിവയിൽ ഓൺലൈൻ ക്ലാസ്സുകളും നൽകുന്നുണ്ട്.

## മെയിൻ പരീക്ഷ

സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷ വിജയിക്കുന്നവർക്ക് അക്കാഡമി മെയിൻ പരീക്ഷയ്ക്ക് സൗജന്യ പരിശീലനം



സിവിൽ സർവീസ് വിജയികൾക്കായുള്ള അനുമോദനയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ

**b) ഐച്ഛികവിഷയങ്ങൾ (Optional Subjects)**

ഐച്ഛിക വിഷയങ്ങളുടെ ക്ലാസ് എല്ലാ വർഷവും സെപ്റ്റംബറിലാണ് ആരം ഭിക്കുന്നത്. പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, സോഷ്യോളജി, ജോഗ്രഫി, മലയാളം, പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ വിഷയങ്ങളിലാണ് ക്ലാസ്സുകൾ. ഫീസ് 10,000 രൂപ +18% GST.

**c) വാരാന്ത്യ സിവിൽ സർവീസ് പ്രിലിമിനറി കം മെയിൻസ് കോഴ്സ് (Weekend PCM)**

PCM റഗുലർ കോഴ്സിന് പഠിക്കാൻ കഴിയാത്ത വർക്കിംഗ് പ്രൊഫഷണൽസ് എന്ന് തെളിയിക്കുന്ന കോഴ്സ് സർട്ടിഫിക്കറ്റ് സ്ഥാപന മേധാവിയിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്.

**d) സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ്**

പ്ലസ് വൺ, പ്ലസ് ടു വിദ്യാർഥികൾക്ക് ഈ കോഴ്സിൽ പരിശീലനം നേടാം. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ചെങ്ങന്നൂർ, കോഴിക്കോട്, ആലുവ, തൃശ്ശൂർ പാലക്കാട്, പൊന്നാനി, കല്ല്യാശ്ശേരി, കാസർഗോഡ് എന്നിവയാണ് പരിശീലന കേന്ദ്രങ്ങൾ. ഫീസ്, 5,000 രൂപ +18% gst

**e) ടാലന്റ് ഡെവലപ്മെന്റ് കോഴ്സ്**

നൽകുന്നുണ്ട്. അക്കാഡമിയുടെ അഡോപ്ഷൻ സ്കീം പ്രകാരം മെയിൻ പരീക്ഷ വിജയികളാകുന്നവർക്ക് അഭിമുഖപരിശീലനവും, ഡൽഹിയിൽ യു.പി.എസ്.സിയുടെ അഭിമുഖത്തിൽ പങ്കെടുക്കുന്നതിനും തിരികെ എത്താനുമുള്ള വിമാനയാത്രാ സൗകര്യവും കൂടാതെ കേരള ഹൗസിൽ താമസവും ഭക്ഷണ സൗകര്യവും സൗജന്യമായി നൽകിവരുന്നു.■

കൂടുതൽ വിവരങ്ങൾക്ക്:
https://kscsa.org
info.ccek@gmail.com
directorccek@gmail.com
0471-2313065, 2311654, 8281098863, 8281098864

>> സുനുകുമാർ കെ വി
പബ്ലിക് റിലേഷൻസ് ഓഫിസർ, കേരള പബ്ലിക് സർവീസ് കമ്മിഷൻ

"പി.എസ്.സി വഴിയുള്ള നിയമനങ്ങളിൽ രാജ്യത്ത് കേരളം ഒന്നാമത്

# നിയമനങ്ങളിലെ കേരളമാതൃക

രാജ്യത്ത് ഏറ്റവും അധികം പബ്ലിക് സർവീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങൾ നടത്തിയ സംസ്ഥാനമായി കേരളം. 21 സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനുകളുടെ പട്ടിക പരിശോധിച്ചതിൽ വിവിധ സംസ്ഥാനങ്ങളിലായി നടന്ന നിയമന ശുപാർശകളുടെ 56% കേരളത്തിലാണെന്ന് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ തന്നെ സാക്ഷ്യപ്പെടുത്തുന്നു.

ഏറ്റവും ഒടുവിൽ യു.പി.എസ്.സി പ്രസിദ്ധീകരിച്ച 86-മത് ന്യൂസ് ലെറ്ററിൽ 2023 ജൂലായ് മുതൽ ഡിസംബർ വരെയുള്ള ആറുമാസ കാലയളവിൽ എല്ലാ സംസ്ഥാനങ്ങളിലുമായി ആകെ 33,816 പേർക്കാണ് പി എസ് സി വഴി നിയമന ശുപാർശ നൽകിയിട്ടുള്ളത്. ഇതിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി നിയമന ശുപാർശ ചെയ്തത് 18,964 ആണ്. യു.പി. എസ്.സി രാജ്യത്താകമാനമായി 4789 പേർക്ക് നിയമന ശുപാർശ നൽകി. 4,55,400 ഉദ്യോഗാർഥികൾ പങ്കെടുത്ത ഏഴ് പരീക്ഷകളും നടത്തി.

## അപേക്ഷകളിൽ ഒന്നാമത്

വിവിധ തസ്തികകളിലേക്ക് ലഭിച്ച അപേക്ഷകളുടെ കണക്കിലും കേരളം മുൻപന്തിയിലാണ്. കേരളത്തിൽ 56,76,739 അപേക്ഷകൾ ആറുമാസത്തിനിടയിൽ ലഭിച്ചപ്പോൾ ആന്ധ്രപ്രദേശ് 8,64,529, ബീഹാർ 7,32, 478, ഗുജറാത്ത് 2,73,788 , കർണ്ണാടക 15821, ഒഡിഷ 2,45013,രാജസ്ഥാൻ 75782, യു.പി. 1,10,325. എന്ന വിധത്തിലാണ് അപേക്ഷകൾ ലഭിച്ചത്.

യു.പി.എസ്.സിയുടെ 85-ാം ന്യൂസ് ലെറ്ററിലെ കണക്കുകൾ കൂടി ചേർത്ത് നോക്കിയാൽ 2023 ൽ രാജ്യത്താകെ ആകെ 62,580 പേർക്ക് നിയമന ശുപാർശ ചെയ്തിട്ടുണ്ട്. അതിൽ 54.5% (34,110) കേരള പി എസ് സി വഴിയാണ്. ഒഡിഷ 10.9%, ഉത്തർപ്രദേശ്: 6.5 % , മഹാരാഷ്ട്ര:6.31%, രാജസ്ഥാൻ : 4.9%, മധ്യപ്രദേശ്: 3.4 % , ഗുജറാത്ത് 2.7% എന്നിങ്ങനെയാണ് മറ്റ സംസ്ഥാനങ്ങളുടെ പ്രകടനം.

ലാസ്റ്റ് ഗ്രേഡ് മുതൽ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസ് വരെയുള്ള ആയിരത്തി എണ്ണൂറോളം തസ്തികകളിലേക്കാണ് കേരള പി.എസ് .സി തെരഞ്ഞെടുപ്പ് നടത്തുന്നത്. നിലവിൽ 66, 84 ,912 ഉദ്യോഗാർഥികൾ കേരള പി എസ് സി യിൽ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഓരോ വർഷവും വിവിധ തസ്തികകളിലേക്ക് ഒരു കോടിയിലധികം അപേക്ഷകൾ ലഭിക്കുന്നു.

കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ച അപേക്ഷകൾ ഇപ്രകാരമാണ് .

2021 : 1,06, 61,690

2022 : 1,05,83963

2023: 1,02,95,885

പ്രതിവർഷം ആയിരത്തി അഞ്ഞൂറിലധികം പരീക്ഷകൾ നടക്കുന്നു. അമ്പതിനായിരത്തോളം ഉദ്യോഗാർഥികളെ മുഖാമുഖത്തിന് ക്ഷണിക്കുന്നു. ഓരോ വർഷവും ശരാശരി ആയിരം റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നു.

## രാജ്യത്തിനു മാതൃക

സിവിൽ സർവീസും പബ്ലിക് സർവീസ് കമ്മിഷനും തമ്മിലുള്ള ബന്ധം ഭരണഘടനയിൽ തന്നെ വിശദമായി സൂചിപ്പിച്ചിട്ടുള്ളതാണ്. ഭരണഘടനയുടെ അനുഛേദം പതിനാലിൽ ആർട്ടിക്കിൾ 315 മുതൽ 323 വരെ പ്രതിപാദിക്കുന്നത് പബ്ലിക് സർവീസ് കമ്മീഷന്റെ ഘടനയും






## വിശ്വാസ്യതയും കാര്യക്ഷമതയും

സർവീസ് വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്ന ചുമതല കൂടി പി.എസ്.സി ക്കാണ്. ഇക്കാര്യത്തിലും കേരളാ പി എസ് സി മറ്റേതൊരു സംസ്ഥാന പി.എസ്.സി യേക്കാളും ഭാരിച്ച ചുമതലയാണ് നിർവഹിക്കുന്നത്. കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിലും നൂതനമായ സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിലും കേരള പി. എസ്. സി മുന്നിലാണ്. വാർഷിക പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ച് മുൻ വർഷങ്ങളിലെ എല്ലാ വിജ്ഞാപനങ്ങളുടെയും പരീക്ഷ സമയബന്ധിതമായി നടത്തുന്നു. ഓരോ തസ്തികയുടേയും ജോലി സ്വഭാവമനുസരിച്ച് വിശദമായ സിലബസ് മുൻകൂട്ടി ഉദ്യോഗാർഥികൾക്ക് ലഭ്യമാക്കുന്നു.

**കേരളത്തിൽ 3.5 കോടിയാണ് ജനസംഖ്യ. സർക്കാർ ജീവനക്കാരുടെ എണ്ണം 5. 20 ലക്ഷവും. എയിഡഡ് സ്കൂൾ നിയമനം മാറ്റി നിർത്തിയാൽ പി. എസ്. സി. വഴി നിയമിതരായവർ 3 .5 ലക്ഷമാണ്.**

ചുമതലയുമാണ്. സിവിൽ സർവീസിലേക്കും ഭരണനിർവഹണ വിഭാഗങ്ങളിലേക്കും ഉദ്യോഗസ്ഥരെ നിയമിക്കുന്നതിൽ പബ്ലിക് സർവീസ് കമ്മിഷനുകളല്ലാതെ മറ്റൊരു സംവിധാനമുണ്ടാകുന്നത് ഭരണഘടനാവിരുദ്ധമാണ്. പല സംസ്ഥാനങ്ങളും നിയമനിർമ്മാണങ്ങളിലൂടെ വിവിധ റിക്രൂട്ട്മെന്റ് ബോർഡുകൾ രൂപികരിച്ചാണ് വിവിധ വകുപ്പുകളിലേക്ക് തെരഞ്ഞെടുപ്പുകൾ നടത്തുന്നത്. അതുവഴി നിയമിക്കപ്പെടുന്നതിൽ നല്ലൊരുപങ്കം താൽക്കാലിക, കരാർ നിയമനങ്ങളാണ്. കേരള പി.എസ്.സി രാജ്യ ത്തിനു തന്നെ മാതൃകയാകുന്നത് ഈ പശ്ചാത്തലത്തിൽ കൂടിയാണ്.

ഒരു സംസ്ഥാനത്തെ ജനസംഖ്യയും സിവിൽ സർവീസും തമ്മിൽ ബന്ധമുണ്ട്. കേരളത്തിൽ 3.5 കോടിയാണ് ജനസംഖ്യ. സർക്കാർ ജീവനക്കാരുടെ എണ്ണം 5. 20 ലക്ഷവും. എയിഡഡ് സ്കൂൾ നിയമനം മാറ്റി നിർത്തിയാൽ പി. എസ്. സി. വഴി നിയമിതരായവർ 3 .5 ലക്ഷമാണ്. ഇവയെല്ലാം സ്ഥിരനിയമനങ്ങളാണ്. മറ്റ സംസ്ഥാനങ്ങളിലെ ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ ഈ അനുപാതം എവിടേയും കാണില്ല. കേരള പി. എസ്. സി വഴി താൽകാലിക, കരാർ നിയമനങ്ങളില്ല. ഓരോ വകുപ്പിലേയും അനുവദനീയമായ തസ്തികകളിലേക്ക് അഥവാ പി.എസ്. സി. വഴി നിയമനത്തിന് വിട്ടുകൊടുത്ത സ്ഥിരം തസ്തികകളിലേക്കാണ് റിക്രൂട്ട്മെന്റ് നടത്തുന്നത്. എന്നാൽ മറ്റ പല സംസ്ഥാന പി.എസ്.സികളും സ്ഥിര ഒഴിവുകളിലേക്ക മാത്രമല്ല; താൽക്കാലിക ഒഴിവുകളിലേക്കും വിജ്ഞാപനമിറക്കി തെരഞ്ഞെടുപ്പ് നടത്തുന്നു. കേരള പി.എസ്.സിയുടെ വിപുലമായ റിക്രൂട്ട്മെന്റ് രീതികൾ മറ്റിടങ്ങളിൽ കാണാനാവില്ല. പ്രത്യേകിച്ച് സംവരണ വിഷയങ്ങളിൽ. പട്ടികജാതി, പട്ടിക വർഗം, ഒ.ബി.സി എന്നിങ്ങിനെയാണ് മറ്റ സംസ്ഥാനങ്ങളിൽ സംവരണമെങ്കിൽ കേരളത്തിൽ മറ്റ പിന്നാക്ക വിഭാഗങ്ങളെ അവരിൽ തന്നെ ചില വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പരിഗണിച്ച് സംവരണം നീതിപൂർവകമാക്കുകയാണ് ചെയ്യുന്നത്.

പരീക്ഷ കഴിഞ്ഞയുടൻ ഉത്തരസൂചിക പ്രസിദ്ധീകരിച്ച് പരാതികളുണ്ടെങ്കിൽ സമർപ്പിക്കുവാനുള്ള അവസരം നൽകുന്നു. പരീക്ഷകളുടെ മാർക്ക് ഉദ്യോഗാർഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കുന്നു. പി. എസ്. സി വഴി ലഭ്യമാക്കുന്ന എല്ലാ സേവനങ്ങൾക്കും പ്രൊഫൈൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനുള്ള സംവിധാനവുമൊരുക്കിയിട്ടുണ്ട്. പരീക്ഷാകേന്ദ്രങ്ങളിലെ ആൾമാറാട്ടം കണ്ടെത്തുന്നതിന് പരീക്ഷാകേന്ദ്രങ്ങളിൽ ബയോമെട്രിക് പരിശോധനയും ഏർപ്പെടുത്തി.

സ്ഥാപനത്തിന്റെ വിശ്വാസ്യതയും കാര്യക്ഷമതയും ഉറപ്പാക്കുവാനുള്ള ഇത്തരം പരിഷ്കാരങ്ങളെല്ലാം യു.പി.എസ്.സി, മറ്റ സംസ്ഥാന പി.എസ്.സികൾ എന്നിവ മാതൃകയാക്കുന്നുവെന്നതും കേരളത്തെ സംബന്ധിച്ച് ഏറെ അഭിമാനകരമാണ്. സർക്കാർ സർവീസിലേക്ക് പി.എസ്.സി വഴി നിയമനം എന്ന പൊതു റിക്രൂട്ട്മെന്റ് നയം രാജ്യത്ത് കേരളത്തിൽ മാത്രമാണ് പ്രാവർത്തികമാകുന്നത്. ■



പരിസ്ഥിതി >>

എൻ എസ് അരുൺകുമാർ
ഗവേഷകൻ, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്

നാട്ടിൻപുറങ്ങളിൽ ഒരുകാലത്ത് സാധാരണമായ 'നാറ്റപ്പൂച്ചെടി'കൾക്ക് വലിയൊരളവിൽ കാർഷികവിളകളെ കാട്ടാനശല്യത്തിൽ നിന്നും സംരക്ഷിക്കാൻ കഴിയുമെന്ന് പഠനങ്ങൾ

# കാട്ടാനയെ അകറ്റാൻ നാറ്റപ്പൂച്ചെടികൾ

എലിഫസ് മാക്സിമസ് (Elephas maximus) എന്ന ശാസ്ത്രീയനാമമുള്ള ഏഷ്യൻ ആനകളിലെ ഒരിനമാണ് കേരളത്തിൽ കാണുന്നത്. ഏകദേശം 13 ഏഷ്യൻരാജ്യങ്ങളിലെ സാന്നിധ്യം. കാർഷികയിടങ്ങളുമായി വളരെ അടുത്ത് കിടക്കുന്ന ആവാസവ്യവസ്ഥയിലാണ് ഇവയിൽ പകുതിയോളം കഴിയുന്നത്. ഇന്ത്യയിൽ നെല്ല്, ഗോതമ്പ്, ചോളം എന്നിവ കൃഷി ചെയ്യുന്ന സ്ഥലങ്ങളോട് അതിർത്തി പങ്കിടുന്ന തരത്തിലാണ് ഇവയുടെ നിലനിൽപ്പ്. ഇക്കാരണത്താൽ ഇവിടങ്ങളിൽ നിന്നും വിളവെടുക്കുന്ന ധാന്യങ്ങളുടെ രുചി, മണം എന്നിവയെക്കുറിച്ച് ഇവയ്ക്ക് നൂറ്റാണ്ടുകൾ പഴക്കമുള്ള ധാരണയും പരിചയവുമുണ്ട്. ആനകൾ സാമൂഹികജീവികളായതിനാൽ ഭക്ഷണസ്രോതസ്സുകൾ സംബന്ധമായ ഇത്തരം അറിവുകൾ തലമുറകളിൽ നിന്നും തലമുറകളിലേക്ക് പകർത്തപ്പെടുന്നു. ഫലമോ വിളനാശവും. ഇന്ത്യയിൽ മാത്രമല്ല, നേപ്പാൾ, ശ്രീലങ്ക, ഇൻഡോനേഷ്യ എന്നിവിടങ്ങളിലും ആനകൾ മൂലമുള്ള കൃഷിനാശം തുടർക്കഥയാണ്. എലി പോലെയുള്ള ക്ഷുദ്രജീവികൾ, കീടങ്ങൾ, സൂക്ഷ്മജീവികൾ എന്നിവയുടെ ആക്രമണത്തെ ചെറുക്കാൻ കീടനാശികൾ ഉൾപ്പെടെയുള്ള പ്രതിരോധമാർഗങ്ങൾ ഇന്നുണ്ട്. പക്ഷേ, ആനകളുടെ കാര്യത്തിൽ കാര്യക്ഷമവും ചെലവുകുറഞ്ഞതുമായ നിയന്ത്രണമാർഗങ്ങൾ ഇനിയും പ്രയോഗതലത്തിൽ എത്തിയിട്ടില്ല. എന്നാൽ പ്രതിരോധമാർഗങ്ങൾ നിലവിലില്ല എന്ന് ഇതിനർഥമില്ല. ഇതു സംബന്ധമായി നടന്നിട്ടുള്ള ഗവേഷണഫലങ്ങൾ പരീക്ഷിച്ചുനോക്കുവാൻപോലും ആരും തയ്യാറാവുന്നില്ല എന്നതാണ് പ്രശ്നം. പലപ്പോഴും ശല്യക്കാരെന്ന് മുദ്രകുത്തപ്പെടുന്ന കാട്ടാനയെ വളരെ ക്രൂരമായ രീതിയിൽത്തന്നെ നീക്കംചെയ്യുന്ന തരത്തിലുള്ള നടപടികളാണ് അരങ്ങേറുന്നത്. ഇതിനിടെ മുറിവുപറ്റുന്ന കാട്ടാനകൾ ചത്തുപോവുന്ന സംഭവങ്ങളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് കാട്ടാനശല്യം ദൂരീകരിക്കുന്നതിനുള്ള അതിലളിതവും എന്നാൽ അതീവശാസ്ത്രീയവുമായ ചില നൂതനമാർഗങ്ങൾ ശ്രദ്ധേയമാവുന്നത്.

ആന ഒരു സസ്തനിയാണ്. ചെടികളിലെ ഇലകൾ പുറപ്പെടുവിക്കുന്ന ഗന്ധങ്ങളെ അടിസ്ഥാനമാക്കി സസ്യാഹാരികളായ സസ്തനികൾ അവ ഭക്ഷ്യയോഗ്യമാണോ എന്ന് തീരുമാനിക്കുന്നത്. ചെടികൾ ഇത്തരം ഗന്ധവാഹികളായ രാസസംയുക്തങ്ങൾ പുറപ്പെടുവിക്കുന്നത് അവ തമ്മിലുള്ള ആശയവിനിമയത്തിനായും ശത്രുജീവികളെ അകറ്റുന്നതിനുമാണ്. ഇതിൽ ചിലത് ജീവഹാനി വരുത്തുന്ന തരത്തിൽ വിഷകരമായിരിക്കും. മറ്റു ചിലത് വായിൽ നീറ്റലുണ്ടാക്കുന്നതോ ഛർദ്ദിയുണ്ടാക്കുന്നതോ ആയിരിക്കും. ഇക്കാരണത്താൽ ബുദ്ധിശക്തിയിൽ മുന്നോക്കമായ ആനകൾ ഇത്തരം അപകടങ്ങളിൽ പെടാതെ ശ്രദ്ധിക്കും. ഒരു മനുഷ്യന് തിരിച്ചറിയാൻ കഴിയുന്നതിന്റെ ആയിരത്തിലൊരംശം മാത്രമുള്ള ഗന്ധസാന്നിധ്യം പോലും ആനകൾ തിരിച്ചറിയും. ചെടികളിൽ നിന്നും പുറത്തുവരുന്ന ഗന്ധസംയുക്തങ്ങൾ ഇലകളിലെ സുഷിരങ്ങൾ വഴിയാവും വായുവിൽ കലരുന്നത്. ചില ചെടികൾക്ക് രൂക്ഷഗന്ധമുള്ളത് അവയിൽ നിന്നും പുറത്തുവരുന്ന ഗന്ധസംയുക്തങ്ങളുടെ അളവ് ഏറി നിൽക്കുന്നതിനാലോ അവയിൽ നിന്നുള്ള



ഗന്ധസംയുക്തങ്ങളുടെ പ്രത്യേകസ്വഭാവം കാരണമോ ആയിരിക്കും. ഇലകളിൽ നിന്നുള്ള ഗന്ധസംയുക്തങ്ങൾ പ്രധാനമായും രണ്ടു വിഭാഗത്തിൽപ്പെടുന്നു: ആലിഫാറ്റിക്കു (Aliphatics)കളും ടെർപ്പിനോയിഡു (Terpenoids) കളും. ഇവയിൽ ടെർപ്പിനോയിഡുകൾ രണ്ടു തരമുണ്ട്: മോണോടെർപ്പീനു (Monoterpenes)കളും സെസ്ക്വിടെർപ്പീനു (Sesquiterpenes) കളും. ഇവ ആനയുൾപ്പെടുന്ന സസ്തനജീവികളുടെ ഭക്ഷണശീലങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു എന്നത് സംബന്ധിച്ചുള്ള ഗവേഷണഫലങ്ങൾ പൂർണ്ണമായും പുറത്തുവന്നിട്ടില്ല.

ആനകൾ അവയുടെ ഇഷ്ടഭക്ഷണം എവിടെയുണ്ട് എന്ന് വളരെ ദൂരെനിന്നേ മനസിലാക്കാറുണ്ട്. കണ്ണിൽപ്പെടുന്ന അകലത്തിനും വളരെ ദൂരെ ആയിരിക്കുമ്പോഴേ എന്താണവിടെയുള്ളതെന്ന് അവ തിരിച്ചറിഞ്ഞുകഴിഞ്ഞിട്ടുണ്ടാവും. കാറ്റിന്റെ ദിശ ചിലപ്പോൾ ഇത്തരം ഗന്ധസൂചകങ്ങളെ അതിലും അകലേക്ക് എത്തിച്ചുവെന്ന് വരാം. പ്രകാശത്തിന്റെ അളവ്, ദൈനംദിന താപനില എന്നീ ഘടകങ്ങളും ഗന്ധങ്ങളുടെ പകർച്ചയെ സ്വാധീനിക്കാം. ഒരു പ്രത്യേക ചെടി ഒറ്റപ്പെട്ടു കാണപ്പെടുന്നതിനെക്കാൾ കൂട്ടമായി കാണപ്പെടുമ്പോഴാണ് ആനകൾ അവയെ തിരഞ്ഞെടുക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നത്. ഭക്ഷണം തേടിയുള്ള അലച്ചിൽ ഒഴിവാക്കി ഒരിടത്തു തന്നെ പരമാവധി കഴിക്കുക എന്ന ലക്ഷ്യമാണ് ഇതിനു പിന്നിൽ. ശാരീരികോർജം പരമാവധി ദുർവ്യയം ചെയ്യാതെ സൂക്ഷിക്കാൻ ആനകൾ ശ്രദ്ധിക്കാറുണ്ട്. ഇക്കാര്യങ്ങളിൽ ഏഷ്യൻ ആനകളും ആഫ്രിക്കൻ ആനകളും ഒരുപോലെയാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ആനകളുടെ വലിയ ശരീരം അവയ്ക്ക് നിശ്ചിതമായ പോഷകാംശങ്ങൾ നിറഞ്ഞ ഭക്ഷണം കഴിക്കാൻ പ്രേരകമാവുന്നു. ഒരു ദിവസം തന്നെ അവ വ്യത്യസ്തമായ ഭക്ഷണസ്രോതസ്സുകളെ ആശ്രയിക്കാൻ ശ്രദ്ധിക്കാറുണ്ട്. ഇതിനായി തുടർച്ചയായ സഞ്ചാരം ആവശ്യമായി വരുന്നു. ഇതിനായി ഊർജം ചിലവഴിക്കേണ്ടി വരുമെന്നതിനാൽ എല്ലാം അടുത്തടുത്ത് ലഭ്യമാവുന്ന ഇടങ്ങളെയാണ് ആനകൾ സാധാരണയായി തിരഞ്ഞെടുക്കുന്നത്. ഇത്തരം ഇടങ്ങൾ ഒറ്റയാൻമാർക്ക് അപ്രാപ്യമാവുന്ന തരത്തിൽ അവിടെ ആനക്കൂട്ടം നിലയുറപ്പിച്ചിരുന്നാൽ അവ പുതിയ ഭക്ഷ്യഇടങ്ങൾ തേടാൻ നിർബന്ധിതമാവും. അങ്ങനെയാണ് ഇത് കാട്ടാനശല്യത്തെ കൂടുതൽ ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തിലേക്ക് നയിക്കുന്നത്.

## ഇഷ്ടമില്ലാത്ത ഗന്ധങ്ങൾ

സസ്യാധിഷ്ഠിതമായ ഭക്ഷണസ്രോതസ്സുകൾ ഏറെയില്ലാത്ത സ്ഥലങ്ങളിലും ആനകൾ എത്താറുണ്ട്. ഇത് വലിയ ഭക്ഷണശേഖരങ്ങൾ നിലനിൽക്കുന്ന സ്ഥലങ്ങളിലേക്കുള്ള ദീർഘയാത്രക്കിടയിലുള്ള ഇടത്താവളങ്ങൾ എന്ന നിലയ്ക്കായിരിക്കും. ഇവിടെ നിന്നും ഊർജം സംഭരിച്ച് അത് പിന്നെയുമുള്ള യാത്രക്കായി ചിലവഴിക്കും. സാധാരണയായി ഇത്തരം ഇടത്താവളങ്ങളിലായിരിക്കും കൃഷിയിടങ്ങൾ ഉൾപ്പെടുന്നത്. കാട്ടിലാണെങ്കിൽപ്പോലും ആനകൾ സഞ്ചരിക്കുന്ന ഇടങ്ങളിൽ വളർന്നുനിൽക്കുന്ന ചെടികൾ പോഷകഘടകങ്ങൾക്ക് വിരുദ്ധമായ സ്വഭാവങ്ങളുള്ള ജൈവസംയുക്തങ്ങളെ ഉൽപാദിപ്പിക്കാറുണ്ട്. ഇതേ ചെടികളിൽ മതിയായ അളവിൽ പോഷകഘടകങ്ങൾ ഉണ്ടായാലും അവയുടെ ഗുണം ഇല്ലായ്മ ചെയ്യുന്ന തരത്തിലുള്ളവയാവും ഈ സംയുക്തങ്ങൾ. ഇവ ശരീരത്തിലേക്ക് കടന്നാൽ കോശങ്ങളുടെ നാശം മുതൽ അവയവങ്ങളുടെ തകർച്ച വരെ സംഭവിക്കാം. ഇത്തരം ജൈവസംയുക്തങ്ങൾ അന്നജം പോലെയുള്ള പ്രാഥമിക ഉൽപന്നങ്ങൾ ആയിരിക്കില്ല. ദ്വിതീയതലത്തിൽ, മറ്റെന്തിലും ജൈവമാറ്റങ്ങളുടെ ഉൽപ്പന്നമായോ ഉപോൽപന്നമായോ ആയിരിക്കും ഇവ സൃഷ്ടിക്കപ്പെടുന്നത്.



വായിലെ ഉമിനീർ ഗ്രന്ഥിയുടെ പ്രവർത്തനത്തെത്തന്നെ ഇവയിൽ പലതും സ്വാധീനിക്കാറുണ്ട്. ഇവയുടെ ആഗിരണം തടയാൻ കഴിയുന്ന ജൈവഘടകങ്ങളേയും ഇവ നിഷ്ക്രിയമാക്കിയെന്നു വരാം. ശരീരത്തിലേക്ക് കടക്കുന്ന വിഷസംയുക്തങ്ങളെ വിഷം കുറഞ്ഞ മറ്റു രൂപങ്ങളിലേക്ക് മാറ്റാൻ കഴിയുന്ന ശാരീരികസംവിധാനങ്ങളേയും ഇവയ്ക്ക് ചിലപ്പോൾ നിശ്ചേഷ്ടമാക്കാൻ കഴിയും. ഇക്കാരണത്താൽ യാദൃച്ഛികമായി ഇത്തരം വിഷസസ്യങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെട്ടു പോയാലും അവ തുടർന്നു കഴിക്കുന്നത് നിറുത്താൻ ആനകൾ ശ്രദ്ധിക്കാറുണ്ട്. മാത്രമല്ല, ഒരിക്കൽ അപകടം പിണഞ്ഞാൽ ആ ചെടി ഏതെന്ന് ആയുസ്സുമുഴുവനും ഓർമിച്ചുവയ്ക്കാനും അവയ്ക്ക് കഴിയും. പോസ്റ്റ്ഇൻജെസ്റ്റീവ് ഫീഡ്ബാക്ക് (Post-ingestive Feedback) എന്നാണ് ഈ പെരുമാറ്റം ശാസ്ത്രീയമായി അറിയപ്പെടുന്നത്.

ഒരു ചെടി ആദ്യമായി ആഹരിക്കുന്നതിനു മുമ്പുതന്നെ അവ അപകടം വരുത്തുന്നതാണോ എന്ന് തിരിച്ചറിയാനും ഒഴിവാക്കാനും ആനകൾക്ക് കഴിയും. പ്രീ ഇൻജെസ്റ്റീവ് ക്യൂസ് (Pre-ingestive Cues) എന്നറിയപ്പെടുന്ന സൂചകങ്ങളെ ഉപയോഗിച്ചാണ് ഇത് സാധിക്കുന്നത്. ഇത്തരം അപായസൂചകങ്ങളിൽ പ്രധാനപ്പെട്ടതാണ് ഗന്ധം. ഇതിനുശേഷം മാത്രമേ ആകൃതിയും ആദ്യരുചിയും നൽകുന്ന സൂചനകൾ വരുന്നുള്ളൂ. ഗന്ധം കൊണ്ടുള്ള തിരിച്ചറിയലിന് അപകടസാധ്യത പരമാവധി കുറയ്ക്കാൻ കഴിയുന്നതുകൊണ്ടാണ് ആനകൾ അത് തെരഞ്ഞെടുക്കുന്നത്. പരിചയമില്ലാത്ത പുതിയൊരിടത്തിലൂടെ കടന്നുപോവുമ്പോൾ ഗന്ധസാന്നിധ്യങ്ങളെക്കുറിച്ച് അവ കൂടുതൽ ബോധവാൻമാരായിരിക്കും. ചെടികളിൽ കാണുന്ന ജൈവസംയുക്തങ്ങളിൽ ഒരൊറ്റ വിഭാഗത്തിൽപ്പെടുന്ന ജൈവസംയുക്തങ്ങളാണ് ആനകൾക്കുള്ള അപായസൂചകങ്ങളായി പ്രവർത്തിക്കുന്നത് എന്നാണ് ഇത് സംബന്ധമായി നടന്ന ഗവേഷണങ്ങൾ പറയുന്നത്. മോണോടെർപീനുകൾ എന്നറിയപ്പെടുന്ന ഇവ ബാഷ്പീകരണശേഷിയുള്ളവ ആയതിനാൽ അവയ്ക്ക് വായുവിലേക്ക് പടരാൻ കഴിയും. മോണോടെർപീനുകൾ വർധിച്ച അളവിൽ അടങ്ങിയിരിക്കുന്നതോ പുറത്തുവിടുന്നതോ ആയ ചെടികളെ ആനകൾ മുൻപിൻ ചിന്തകളില്ലാതെ ഒഴിവാക്കും. ഒരു ഗവേഷണം, ചിലതരം മോണോടെർപീനുകളുടെ സാന്നിധ്യം 30%ത്തിൽ താഴെ ആയിരിക്കുമ്പോഴും ആനകൾ അവയെ ഒഴിവാക്കുന്നതായി കണ്ടെത്തുകയുണ്ടായി. ഇവ അടങ്ങുന്ന ചെടികൾ ഇടകലർന്നു കാണപ്പെടുകയാണെങ്കിലും ആനകൾ ആ സ്ഥലം ഒഴിവാക്കുന്നതായാണ് കാണപ്പെട്ടത്. വിഷപദാർഥങ്ങളെ നിർവീര്യമാക്കാനുള്ള ശക്തമായ ഉപാചയസംവിധാനങ്ങൾ ആനകൾക്കുണ്ടെങ്കിലും ചെറിയ അളവിൽപ്പോലും ഇവ ഉള്ളിലെത്തിക്കാൻ ആനകൾ താൽപര്യം കാണിക്കാറില്ലെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു.

ഇവിടെ വ്യക്തമാവുന്ന കാര്യം, ആനകൾ ഒരു ചെടി ഭക്ഷ്യയോഗ്യമാണോ എന്ന് തീരുമാനിക്കുന്നതിൽ ആ ചെടിയുടെ രൂപത്തെക്കാൾ ഗന്ധത്തെ ആശ്രയിക്കുന്നു എന്നതാണ്. ഗന്ധം ഉപയോഗിച്ച് തിരിച്ചറിയൽ നടത്തുന്ന പ്രക്രിയയിൽ പക്ഷേ, ഏത് ചെടി എന്നുള്ളതല്ല പ്രസക്തമാവുന്നത്, അതിന്റെ ഗന്ധകാരണമാവുന്ന ജൈവസംയുക്തം ഏതാണെന്നാണ് അവ പരിശോധിക്കുന്നത്. ഇത് വളരെ സൂക്ഷ്മമായ തലത്തിൽ നടത്തുന്ന ഒരു രാസവിശകലനം ആണെന്നും നേരത്തെ സൂചിപ്പിച്ചുവല്ലോ. ഉദാഹരണമായി, ബീറ്റാപൈനീൻ (ßpinene) അടങ്ങുന്ന ചെടികളെ ഒഴിവാക്കുന്ന ആനകൾ അതേ ജൈവസംയുക്തത്തിന്റെ തന്നെ ആൽഫാ പ്രതിരൂപം (apinene)

ആനകൾ വിഷമുള്ളവയായി മനസിലാക്കിയിട്ടുള്ള മോണോടെർപീനുകൾ ഏതൊക്കെയാണെന്ന് നോക്കാം. ബീറ്റാപൈനീൻ (ßpinene), ലിനലൂൾ (linalool), ലിമോണീൻ (limonene), ഒസിമീൻ (ocimene), സാബിനീൻ (sabinene), ടെർപ്പിനോലീൻ (terpinolene), ഗാമാടെർപ്പിനീൻ (?pterpinene), ആൽഫാടെർപ്പിനിയോൾ (apterpineol) എന്നിവയാണ് ചില ഉദാഹരണങ്ങൾ. ഇവയുടെ സാന്നിധ്യം ചെടികളിൽ നിന്നും പ്രസരിപ്പിക്കുന്ന ഗന്ധം മനുഷ്യനും അനുഭവവേദ്യമാവുന്ന തരത്തിൽ ശക്തമാണ്. ഇവയുടെ സാന്ദ്രത 30% ആയാൽപ്പോലും അത് ആനകളിൽ വിഷം ഉള്ളിൽചെന്നാലെന്നതുപോലെയുള്ള പ്രതികരണങ്ങളുണ്ടാക്കും. ഒരിക്കൽ ഭക്ഷണത്തിനൊപ്പം ഉള്ളിലെത്തിയാൽ ആനകൾ അതിന്റെ പ്രതിപ്രവർത്തനങ്ങൾ ഓർമ്മിക്കും. ടെർപ്പിനോലീൻ, ആൽഫാടെർപ്പിനിയോൾ എന്നിവ ഉള്ളിലെത്തിയാൽ കരൾ, വൃക്കകൾ, ശ്വാസകോശം, നാഡി എന്നിവയിലെ കോശങ്ങൾ നശിക്കുന്നതിനിടയാക്കും. ആനകളിൽ മാത്രമല്ല, സസ്തനജീവികളി ലെല്ലാം ഇവ ഇത്തരം ദോഷഫലങ്ങളാണുളവാക്കുക. കോശങ്ങളെ പൊതിഞ്ഞു കാണപ്പെടുന്ന സ്തരം പൊട്ടിപ്പോവുന്നതിലൂടെയാണ് കോശങ്ങൾ നശിക്കുന്നത്. ഇക്കാരണത്താൽ ഇവയുടെ സാന്നിധ്യം ഗന്ധത്താൽ തിരിച്ചറിഞ്ഞ് ആനകൾ അവയെ ഒഴിവാക്കും. അതേസമയം, ഈ തിരഞ്ഞെടുക്കലും ഒഴിവാക്കലും വളരെ സൂക്ഷ്മതലത്തിൽ നടപ്പിലാക്കപ്പെടുന്നതുമാണ്. ഉദാഹരണമായി, ബീറ്റാപൈനീൻ അടങ്ങുന്ന ചെടികളെ ഒഴിവാക്കുന്ന ആനകൾ അതേ ജൈവസംയുക്തത്തിന്റെ തന്നെ ആൽഫാ പ്രതിരൂപം (apinene) അടങ്ങുന്ന ചെടികളെ ഒഴിവാക്കുന്നില്ല. ഇവയുടെ വിഷകരമായ പ്രതിപ്രവർത്തനശേഷി കുറവായതാണ് കാരണം.



അടങ്ങുന്ന ചെടികളെ ഒഴിവാക്കുന്നില്ല. മാത്രമല്ല, ബീറ്റാപൈനീൻ അടങ്ങുന്ന ഏത് ചെടിയായാലും ആനകൾ അതിനെ ഒഴിവാക്കും. അതുപോലെ തന്നെയാണ് ലിനലൂൾ (linalool), ലിമോണീൻ (limonene), ഒസിമീൻ (ocimene), സാബിനീൻ (sabinene), ടെർപ്പിനോലീൻ (terpinolene), ഗാമാടെർപ്പിനീൻ (?pterpinene), ആൽഫാടെർപ്പിനിയോൾ (apterpineol) എന്നിവയുടെ കാര്യവും. ഇത് കാട്ടാനനിയന്ത്രണത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്ന ഒന്നാണ്. മുൻപറഞ്ഞ ഈ സംയുക്തങ്ങൾ അടങ്ങിയിരിക്കുന്ന, ഗന്ധവാഹികളായ ചെടികൾ തെരഞ്ഞെടുത്ത് അവയുപയോഗിച്ച് ജൈവവേലികൾ നിർമ്മിക്കുകയോ കാർഷികവിളകളുമായി ഇടകലർത്തി നടുകയോ ചെയ്യാം. കാട്ടുതേനീച്ചകളെ ഉപയോഗിച്ച് കാട്ടാനകളെ നിയന്ത്രിക്കുന്നതിനെക്കാൾ ഈ മാർഗം ഫലപ്രദമാണെന്ന് അടുത്ത കാലത്തായി നടന്ന ചില ഗവേഷണപഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

## തേനിയിലെ പഠനം

കാട്ടാനശല്യം കുറയ്ക്കുന്നതിനായുള്ള വ്യത്യസ്തമാർഗങ്ങൾ പരീക്ഷിക്കുന്നതിനായി തമിഴ്നാട്ടിലെ തേനി ഫോറസ്റ്റ് ഡിവിഷനിൽ ഒരു പഠനം നടക്കുകയുണ്ടായി. ഏഷ്യൻ എലിഫന്റ് റിസർച്ച് ആന്റ് കൺസർവേഷൻ സെന്ററും ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിനു കീഴിലുള്ള സെന്റർ ഫോർ ഇക്കോളജിക്കൽ സയൻസസുമാണ് പഠനം നടത്തിയത്. അതിലവർ കണ്ടെത്തിയത്, നാട്ടിൻപുറങ്ങളിൽ ഒരുകാലത്ത് സാധാരണമായ 'നാറ്റപ്പൂച്ചെടി'കൾക്ക് വലിയൊരളവിൽ കാർഷികവിളകളെ കാട്ടാനശല്യത്തിൽ നിന്നും സംരക്ഷിക്കാൻ കഴിയുമെന്നാണ്. ലന്റാന ക്യാമെറ (Lantana camera) എന്നാണ് രൂക്ഷഗന്ധമുള്ള ഈ ചെടിയുടെ പേര്. കമ്മൽപ്പൂവ് എന്നും വിളിപ്പേരുള്ള ഇത് പണ്ടുകാലത്ത് വേലിപ്പടർപ്പുകളിൽ സാധാരണമായിരുന്നു. കല്ലുകളോ കോൺക്രീറ്റ് ബ്ലോക്കുകളോ നിരത്തിയശേഷം അവയ്ക്കിടയിൽ 'നാറ്റപ്പൂച്ചെടി'കൾ നടുകയായിരുന്നു രീതി. രണ്ടുമീറ്റർ ഉയരത്തിലുള്ള 'റബിൾ വാളു'കൾക്കിടയിലാണ് ചെടികൾ നടുക. മതിലിന്റെ താഴ്വശത്തെ വീതിയും രണ്ടു മീറ്റർ ആയിരിക്കണം. മുകളിലേക്കെത്തുമ്പോൾ ഒന്നര മീറ്റർ മതിയാവും. വൈദ്യുതവേലികളെക്കാൾ ഇവ ഫലപ്രദമാണെന്നാണ് കണ്ടത്. കാരണം വൈദ്യുതവേലികളോ മറ്റുതരത്തിലുള്ള തടസങ്ങളോ കാർഷികവിളകളിൽ നിന്നുമുള്ള ഗന്ധത്തെ തടയുന്നില്ല. എന്നാൽ നാറ്റപ്പൂച്ചെടികൾ ഉണ്ടെങ്കിൽ അവ 'ഗന്ധരോധി'കളായി പ്രവർത്തിക്കും. ഇവയുടെ രൂക്ഷമായ ഗന്ധത്തിൽ നിന്നും കാർഷികവിളകളുടെ ഗന്ധം



വേർതിരിച്ചറിയാനുള്ള ശേഷി ആനകൾക്കില്ല. 'റബിൾ വാൾ' മുന്നോട്ടുള്ള ഗതിയെ നിരുത്സാഹപ്പെടുത്തുകയും ചെയ്യും.

എൻ.ഭാസ്കരൻ, ജി.കണ്ണൻ, യു.അൻപരശൻ എന്നിവർ ചേർന്ന് നടത്തിയ വിശദമായ പഠനത്തിന്റെ റിപ്പോർട്ട് തമിഴ്നാട് വനം വകുപ്പിനാണ് സമർപ്പിച്ചിട്ടുള്ളത്. ഇനി ഇതിന്റെ പിന്നിലുള്ള ശാസ്ത്രീയത കൂടി പരിശോധിക്കാം. ആനകൾ ഗന്ധത്തിലൂടെ തിരിച്ചറിഞ്ഞ് ഒഴിവാക്കുന്നു എന്ന് വിവിധങ്ങളായ ഗവേഷണപഠനങ്ങൾ തെളിയിച്ചിട്ടുള്ള ലിനലൂൾ (linalool), ലിമോണീൻ (limonene), ആൽഫാടെർപ്പിനിയോൾ (apterpineol), ഗാമാടെർപ്പിനീൻ (?pterpinene), സാബിനീൻ (sabinene), ടെർപ്പിനോലീൻ (terpinolene) എന്നിവ നാറ്റപ്പൂച്ചെടിയിലുണ്ട്. ആനകൾക്ക് ഹിതകരമല്ലാത്ത ഇത്രയും ഗന്ധസംയുക്തങ്ങൾ ഒരൊറ്റ ചെടിയിൽ ഒരുമിച്ചുകാണുന്നത് അതിന്റെ ഗുണപരത വർധിപ്പിക്കുന്നു. അതിശയകരമായ കാര്യം കേരളത്തിലെ വനങ്ങളിൽ ഇതിനെ ഒരു ശല്യമായാണ് കണക്കാക്കുന്നതെന്നാണ്. ഇത് നമ്മുടെ നാട്ടിലെ സസ്യമല്ലാത്തതാണ് കാരണം. തെക്കേ അമേരിക്കയിലും മധ്യ അമേരിക്കയിലും മാത്രമായിരുന്നു ഇവ കാണപ്പെട്ടിരുന്നത്. ഡച്ചുകാരാണ് ഇതിനെ യൂറോപ്പിലേക്ക് കൊണ്ടുവന്നത്. അവിടെ നിന്നും വൈകാതെ ഇത് ഏഷ്യയിലുടനീളം പടർന്നു. 1809ലാണ് ഒരു ഉദ്യാനസസ്യമെന്നനിലയിൽ കൽക്കട്ടയിലെ ഇന്ത്യൻ ബൊട്ടാണിക് ഗാർഡനിലേക്കെത്തിക്കപ്പെടുന്നത്. ഇവിടെ നിന്നും ഇന്ത്യയിലുടനീളം പടർന്നു. ഇന്ന് ഇന്ത്യയിലെ നാട്ടുപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന കാടുകളിൽപ്പോലും ഇവ ഒരു 'അധിനിവേശസസ്യ'(Invasive plant) മായി വളരുന്നു. മുതുമല ടൈഗർ റിസർവിൽ നടന്ന പഠനത്തിൽ ഇവ വളരുന്ന ഇടങ്ങൾ ആനകൾ ഒഴിവാക്കുന്നതായി കണ്ടെത്തുകയുണ്ടായി. അതിനാൽ കാട്ടാനശല്യം ദൂരീകരിക്കുന്നതിനുള്ള ഉപാധികളിലൊന്നായി നാറ്റപ്പൂച്ചെടി പരീക്ഷിക്കാവുന്നതാണ്.■



### ആധാരപഠനങ്ങൾ

Baskaran, N. et al., 2006. Resolving human elephant conflict in Theni Forest Division, Tamil Nadu, Southern India. Report to Theni Forest Division. Asian Elephant Research and Conservation Centre, a Division of Asian Nature Conservation Foundation, Centre for Ecological Sciences, Indian Institute of Science Bangalore, India.

Gross, Eva M. et al., 2017. The potential of medicinal and aromatic plants (MAPs) to reduce crop damages by Asian Elephants (Elephas maximus). Crop Protection 100, 29-37.

Khan, Merajuddin et al., 2016. Characterization of leaves and flowers volatile constituents of Lantana camara growing in central region of Saudi Arabia. Arabian Journal of Chemistry 9, 764-774.

വൈക്കം മുഹമ്മദ് ബഷീറിന്റെ
ബാല്യകാലസഖിയ്ക്ക് എൺപത്



# 'കളിക്കൂട്ടുകാരി'യ്ക്ക് ഇന്നും പ്രണയച്ചെറുപ്പം

ഇപ്പോഴും എല്ലാവരിലും കുട്ടിക്കാലമുള്ളതുപോലെ എന്നും ബാല്യമാണ് ബാല്യകാലസഖിയ്ക്ക്. വായിക്കുമ്പോഴൊക്കെയും വായനക്കാരെ കുട്ടികളാക്കുന്ന ഈ മാന്ത്രികനോവലിന് 80 വയസ്സായിരിക്കുന്നു.

ജീവിതത്തിൽ നിന്നു വലിച്ച് ചീന്തിയ ഏടായതിനാൽ വക്കിൽ രക്തം പൊടിഞ്ഞ കളിക്കൂട്ടുകാരിയുടെ കഥ വിവിധ ഭാഷകളിലെ പരസഹസ്രം കുട്ടികളെ വിസ്മയത്തിലാക്കിയിട്ടുണ്ട്. പലരേയും വായനാലോകത്തേക്ക് കൈപിടിച്ച് നടത്തിച്ചതും ബാല്യകാലസഖിയാണ്. ഒമ്പത് വയസ്സുകാരനായ മജീദും ഏഴ് വയസുകാരിയായ സുഹ്റയും പരിചിതരാകുന്നതിന് മുമ്പേ ബദ്ധശത്രുക്കളായിരുന്നു എന്നതാണ് രസകരം. അവരെ ആദ്യം വൈരികളാക്കിയതും പിന്നീട് അടുപ്പിച്ചതും സുഹ്റയുടെ വീട്ടിനടുത്തുള്ള തൈമാവിലെ മധുരമൂറുന്ന മാമ്പഴങ്ങളായിരുന്നു. മാങ്ങാക്കൊതിച്ചിയായിരുന്ന സുഹറയ്ക്ക് മജീദ് മാങ്ങ പറിച്ചു കൊടുക്കുന്നതോടെ അവർ കളിക്കൂട്ടുകാരാവുന്നു. പിന്നീടിത് പ്രണയവും.

മജീദും സുഹറയും പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലം. പഠനത്തിൽ പിന്നിലായ മജീദിനോട് ഒന്നും ഒന്നും കൂട്ടിയാൽ എത്രയാടാ എന്ന മാഷിന്റെ ചോദ്യം. ഉടനടി ഉത്തരം ഇമ്മിണി ബല്യ ഒന്ന്. കണക്കിലെ ആ പുതിയ തത്വം കണ്ടെത്തിയതിന് അന്ന് മുഴുവൻ മജീദിനെ ബെഞ്ചിൽ കയറ്റി നിർത്തി. എത്ര ആലോചിച്ചിട്ടും അതിലെ തെറ്റ് മജീദിന് പിടികിട്ടിയില്ല. മലയാളികൾ മാത്രമല്ല, മൊഴിമാറ്റം ചെയ്ത് ബാല്യകാലസഖി വായിച്ചവരെല്ലാം ബഷീർ പഠിപ്പിച്ചത് ജീവിതഗണിതമാണെന്ന് തിരിച്ചറിഞ്ഞു. മിടുക്കിയായിട്ടും ദാരിദ്ര്യം മൂലം തുടർന്ന് പഠിക്കാനാവാത്ത സുഹറ അക്കാലത്തെ ജീവിതസാഹചര്യത്തിന്റെ പ്രതീകമായിരുന്നു.

## മുസ്ലിം സമൂഹജീവിതം

അന്നുവരെ സാഹിത്യത്തിന് അജ്ഞാതമായിരുന്ന മുസ്ലിം സമൂഹത്തിന്റെ ജീവിതം ഹൃദ്യമായ രീതിയിൽ അവവതരിപ്പിച്ചു എന്നതും ഈ നോവലിനെ ജനപ്രിയമാക്കി. പെൺകുട്ടികളുടെ തിരണ്ടുകല്യാണം പല കഥകളിലും വിഷയമായിട്ടുണ്ട് . പക്ഷെ, ആദ്യമായാണ് മാർക്കക്കല്യാണം സാഹിത്യത്തിൽ പ്രതിപാദനവിഷയമാകുന്നത്. അങ്ങിനെ ആ വലിയ സംഭവങ്ങൾ ഒരേ സമയത്ത് തന്നെ നടന്നു. സുഹറയുടെ കാതുകുത്ത് കല്യാണവും മജീദിന്റെ മാർക്കം കല്യാണവും. ഉണങ്ങിയ പാള മുറിക്കുന്നത് പോലെ ഒരനുഭൂതി എന്നാണ് മജീദിന് അതിനെക്കുറിച്ച് തോന്നിയത്. പണക്കാരനായതിനാൽ മജീദിന്റെ ചടങ്ങ് ഒരു സംഭവമായിരുന്നു. സുഹ്റയുടെത് അടുത്ത ആളുകൾ മാത്രം പങ്കെടുത്ത ഒരു ചെറിയ ചടങ്ങും. സുഹറയും മജീദും അക്കൊല്ലം ജയിച്ചു. എന്നാൽ സുഹറയുടെ ബാപ്പയുടെ അകാലമരണം പട്ടണത്തിൽ പോയി പഠിക്കാനുള്ള സുഹറയുടെ സ്വപ്നം തകർത്തു. പട്ടണത്തിലെ സ്കൂളിൽ ചേർന്ന മജീദ് സുഹ്റയെയും സ്കൂളിൽ ചേർക്കാൻ തന്റെ ബാപ്പയോട് അപേക്ഷിച്ചുവെങ്കിലും അദ്ദേഹം അത് നിഷ്ക്കരുണം നിരാകരിച്ചു.

കാലിൽ വിഷക്കല്ല് കൊണ്ട് കിടപ്പിലായ മജീദിനെ ശുശ്രൂഷിക്കാൻ എത്തിയ സുഹ്റയിൽ നിന്ന് മജീദ് ആദ്യചുംബനത്തിന്റെ രുചി നുണഞ്ഞു. സുഹ്റ മജീദിനെയും മജീദ് സുഹ്റയെയും സ്നേഹിക്കുന്നുണ്ട്. പക്ഷെ ബാപ്പയുമായുണ്ടായ ഉരസലിൽ വ്രണിതഹൃദയനായി മജീദ് നാടുവിട്ടു. എവിടെയൊക്കെയോ അലഞ്ഞുതിരിഞ്ഞു. എട്ടോ പത്തോ വർഷക്കാലം. ആരുമായും കത്തിടപാടു പോലും അവൻ നടത്തിയില്ല . ആരെങ്കിലും അന്വേഷിച്ച് വന്നാലോ എന്നതായിരുന്നു കാരണം. പണം സമ്പാദിക്കണം എന്ന മോഹമേ അവനില്ലായിരുന്നു. കാണുക, അറിയുക. അതായിരുന്നു ലക്ഷ്യം. ഒരുപാടു അലഞ്ഞുതിരിഞ്ഞപ്പോൾ ജീവിതത്തിന്റെ നിരർഥകത ബോധ്യപ്പെട്ട് വിഷാദാത്മകനായി മജീദ് നാട്ടിലേക്ക് തിരിച്ചുവന്നു. സുഹ്റയെ വിവാഹം കഴിച്ച് ശിഷ്ടജീവിതം കഴിച്ചുകൂട്ടുകയായിരുന്നു ലക്ഷ്യം. എന്നാൽ അവനെ കാത്തിരുന്നത് ദുരിതങ്ങളായിരുന്നു. കച്ചവടത്തിൽ എല്ലാം നഷ്ടപ്പെട്ട വൃദ്ധരായ മാതാപിതാക്കൾ, വിവാഹപ്രായം കഴിഞ്ഞ സഹോദരികൾ, എല്ലാറ്റിനും ഉപരി വിവാഹിതയായ സുഹ്റയും. നഷ്ടത്തിന്റെ കാലമായിരുന്നു മജീദിനിത്. രണ്ടാം കെട്ടുകാരന്റെ ഭാര്യയായിത്തീരേണ്ടി വന്ന സുഹറയുടെ നരകതുല്യ ജീവിതം കണ്ട് വീണ്ടുമവൻ സുഹ്റയുമായി അടുത്തു. സുഹ്റയെ സ്വന്തമാക്കാൻ പണമുണ്ടാക്കാനായി അവൻ നാടുവിട്ടു. ചെറിയ ജോലിയിൽ ജീവിതം വീണ്ടും പച്ചപിടിച്ച് തുടങ്ങുകയായിരുന്നു. പക്ഷെ, വിധി വീണ്ടും അവനോട് ക്രൂരത കാണിച്ചു. ഒരു സൈക്കിൾ അപകടത്തിൽ ഒരു കാല് പകുതി നഷ്ടപ്പെട്ടു. കമ്പനി കൊടുത്ത ചെറിയ നഷ്ടപരിഹാരവുമായി വീണ്ടും അവൻ തെരുവിലെക്കിറങ്ങി. വീട്ടുകാരോടോ സുഹ്റയോടോ തന്റെ ദുർവിധി അവൻ വെളിപ്പെടുത്തിയില്ല. അലഞ്ഞു തിരിഞ്ഞ് അവസാനം ഒരു ഹോട്ടലിലെ എച്ചിൽ പാത്രങ്ങൾ കഴുകുന്ന ജോലി ഏറ്റെടുക്കുന്നു. അതിൽ നിന്ന് ലഭിക്കുന്ന വരുമാനം കൊണ്ട് കഴിയുകയായിരുന്ന അവന് വീട്ടിൽ നിന്ന് കത്ത് വന്നു. എല്ലാമെല്ലാമായ സുഹ്റ ലോകത്തോട് എന്നെന്നേക്കുമായി വിടപറഞ്ഞു.




**ജീവിതത്തിൽ നിന്നു വലിച്ച് ചീന്തിയ ഏടായതിനാൽ വക്കിൽ രക്തം പൊടിഞ്ഞ കളിക്കൂട്ടുകാരിയുടെ കഥ വിവിധ ഭാഷകളിലെ പരസഹസ്രം കുട്ടികളെ വിസ്മയത്തിലാക്കിയിട്ടുണ്ട്**

കഥാന്ത്യത്തിൽ എല്ലാ പ്രശ്നങ്ങളെയും അതിജീവിച്ച് ഒത്തുചേരുന്നവരെ നാം പല നോവലുകളിലും കണ്ടിട്ടുണ്ട്. എന്നാൽ ബഷീറിന്റെ ബാല്യകാലസഖി ഇവിടെയും വേറിട്ട് നിൽക്കുന്നു.അക്കാലത്തെ ശുഭപര്യവസായിയായ കഥകളും പ്രണയത്തിന് ഒരു നിസ്സാരവിഘ്നം നേരിട്ടാൽ അന്യോന്യം മാല ചാർത്തി ആത്മഹത്യ ചെയ്യുന്ന കഥകളും വായിച്ചിട്ടുള്ളവർ ഈ കഥ വായിച്ചു ഞെട്ടി. അന്നുവരെയുണ്ടായിരുന്ന രചനാരീതികളെല്ലാം തകർന്ന് തരിപ്പണമായി. വ്യക്തിവിശേഷമുള്ള കഥാപാത്രസൃഷ്ടിയാൽ നീണ്ട ചെറുകഥപോലുള്ള ഈ നോവൽ അവിസ്മരണീയാനുഭവമായി തുടരുന്നു. ■

പ്രൊഫ. എം.സി. വസിഷ്ഠ്
ചരിത്രകാരൻ

കേരളത്തിലെ യൂറോപ്യൻ സാന്നിധ്യത്തിന്റെ ആഴവും പരപ്പും വ്യക്തമാക്കുന്ന ചില തിരുശേഷിപ്പുകൾ ഇപ്പോഴും ക്ഷേത്രങ്ങളിൽ കാണാം

# കേരളീയ ക്ഷേത്രങ്ങളിലെ ഡച്ച് സാന്നിധ്യം



വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രം

വൈവിധ്യങ്ങളാൽ സമ്പന്നമാണ് കേരളത്തിലെ ക്ഷേത്രങ്ങൾ. കേരളത്തിലെ ചില ക്ഷേത്രങ്ങളിൽ യൂറോപ്യൻ നാവിക ശക്തികളുടെ സാന്നിധ്യം കാണുന്നു എന്നത് ശ്രദ്ധേയമായൊരു വസ്തുതയാണ്. കേരളത്തിലെ യൂറോപ്യൻ സാന്നിധ്യത്തിന്റെ ആഴവും പരപ്പും വ്യക്തമാക്കുന്ന ചില തിരുശേഷിപ്പുകൾ ഇപ്പോഴും ക്ഷേത്രങ്ങളിൽ അവശേഷിക്കുന്നു. ഇതിന് ഉദാഹരണങ്ങളാണ് കൊല്ലം ജില്ലയിലെ വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രത്തിലെ കൂറ്റൻ ഡച്ച് മണിയും ആലപ്പുഴ ജില്ലയിലെ മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ കൊടിമരത്തിന് ചുവട്ടിലായി കാണുന്ന ഡച്ച് പടയാളികളുടെ രൂപങ്ങളും.

പോർച്ചുഗീസുകാരെ തുടർന്ന് കേരളത്തിൽ എത്തിച്ചേർന്ന രണ്ടാമത്തെ യൂറോപ്യൻ നാവികശക്തിയാണ് ഡച്ചുകാർ. 1602 എ.ഡി.യിൽ ഹോളണ്ടിൽ രൂപം കൊണ്ട് വി.ഒ.സി. എന്ന പേരിൽ അറിയപ്പെട്ട വെറീനിഗ്ഡ് ഡോസ്റ്റ് ഇൻഡിഷെ കമ്പനി അഥവാ യൂണിറ്റ് ഈസ്റ്റ് ഇന്ത്യാ

കമ്പനി, ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പ്രതിനിധികൾ ആയിട്ടാണ് ഡച്ചുകാർ ഇന്ത്യയിലും കേരളത്തിലും എത്തിച്ചേർന്നത്. കേരളത്തിലെ കമ്പനിയുടെ പ്രവർത്തനങ്ങൾ അഥവാ കേരള-ഡച്ച് ബന്ധങ്ങൾ 1795 വരെ നീണ്ടുനിന്നു. തെക്കൻ കേരളത്തിലാണ് ഡച്ചുകാരുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ പ്രധാനമായും കാണുന്നത്. തിരുവനന്തപുരം, വർക്കല, കൊല്ലം, മാവേലിക്കര, കൊച്ചി, കൊടുങ്ങല്ലൂർ, കണ്ണൂർ ഈ പ്രദേശങ്ങളൊക്കെ കേരളത്തിലെ ഡച്ച് ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

കൊല്ലം നഗരത്തിൽ നിന്ന് ഏതാണ്ട് 25 കി.മീ. തെക്ക് കടൽത്തീരത്തിന് സമീപമായി സ്ഥിതിചെയ്യുന്ന ക്ഷേത്രമാണ് വർക്കല ശ്രീ. ജനാർദ്ദനസ്വാമി ക്ഷേത്രം. ഈ വിഷ്ണുക്ഷേത്രത്തിലെ ശ്രീകോവിലിന്റെ സമീപമായി സ്ഥിതി ചെയ്യുന്ന കൂറ്റൻ മണി ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയിലെ ഉദ്യോഗസ്ഥരുടെ സംഭാവനയാണ്. ശ്രീകോവിലിലേക്കുള്ള കവാടത്തിന് അരികിലാണ് മറ്റു മണികളോടൊപ്പം ഡച്ച് മണി കാണുന്നത്. മണിയുടെ മുകൾഭാഗത്ത്





മാവേലിക്കരയിലെ സ്തംഭവിളക്കിലെ ഡച്ച് പടയാളികളുടെ രൂപങ്ങൾ

സീലാൻഡ് ആന്റ് മിഡിൽബർഗ് എന്നീ പേരുകൾ കാണാം. അതിനു താഴെ പീറ്റർ വാൻ ബെൻസൻ, മിഷേൽ എവർഹാർഡ് എന്നീ പേരുകളും ഉണ്ട്.

വി.ഒ.സി.യിലെ രേഖകൾ പ്രകാരം പീറ്റർ വാൻ ബെൻസൻ ബെൽ നിർമ്മാതാവാണ്. അതുകൊണ്ട് ക്ഷേത്രത്തിലെ കൂറ്റൻ മണി രൂപപ്പെടുത്തിയത് പീറ്റർ വാൻ ബെൻസൻ ആണെന്ന് ന്യായമായും അനുമാനിക്കാം. അദ്ദേഹത്തിന്റെ നഗരമാണ് മിഡിൽബർഗ്. വളരെ കുറച്ചു കാലം മാത്രമേ അദ്ദേഹം വി.ഒ.സി.യിൽ പ്രവർത്തിച്ചിട്ടുള്ളൂ. 1764 മേയ് 8 മുതൽ 1764 ജൂൺ 8 വരെ. വി.ഒ.സി. യുടെ രേഖകൾ പ്രകാരം എവർഹാർഡ്. 1752-ൽ വി.ഒ.സി.യിൽ സൈനികയായി പ്രവേശിച്ച മിഷേൽ എവർഹാർഡ് 1757 വരെ കേരളത്തിൽ കമ്പനിക്കു വേണ്ടി സേവനം അനുഷ്ഠിച്ചു. ഹോളണ്ടിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്തുള്ള സീലാൻഡ് എന്ന പ്രവിശ്യയുടെ ആസ്ഥാനമാണ് മിഡിൽബർഗ്. ആപത്തിൽപ്പെട്ട തന്റെ കപ്പലിന്റെയും അതിലെ സഞ്ചാരികളുടെയും സുരക്ഷിതയാത്രക്കുള്ള ഉപകാര സ്മരണയായിട്ടാണ് ഡച്ച് ക്യാപ്ടൻ ഈ മണി ക്ഷേത്രത്തിന് നൽകിയത് എന്നാണ് വിശ്വാസം.

## മാവേലിക്കരയിലെ സ്തംഭവിളക്ക്

മറ്റൊരു ഡച്ച് സ്മാരകം കാണുന്നത് മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ സ്തംഭവിളക്കിന് ചുറ്റുമാണ്. ഉയരത്തിലുള്ള ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് മുൻവശമുള്ള സ്തംഭവിളക്ക് ആമയുടെ രൂപത്തിന് മുകളിലാണ് സ്ഥിതിചെയ്യുന്നത്. സ്തംഭവിളക്കിന് ചുറ്റുമായി, നാലുഭാഗത്ത് സവിശേഷമായ തൊപ്പിയോടുകൂടി, കൈയിൽ തോക്കുള്ള നാല് ഡച്ച് പടയാളികളുടെ രൂപങ്ങൾ കാണാം. തോക്ക് മടക്കിപ്പിടിച്ചിരിക്കുന്നു. ഈ ഡച്ച് പടയാളികളുടെ നിൽപ്പ് യുദ്ധമില്ലാത്ത ഒരു കാലത്തിന്റെ സൂചന നൽകുന്നു. 1753-ൽ തിരുവിതാംകൂർ ഭരണാധികാരിയായ മാർത്താണ്ഡവർമ്മയും, ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയും തമ്മിൽ ഉണ്ടാക്കിയ സമാധാന ഓർമ്മക്കായി വി.ഒ.സി. നൽകിയതാണ് ഡച്ച് പടയാളികളുടെ രൂപങ്ങൾ. 1741-ൽ കുളച്ചൽ യുദ്ധത്തിലെ പരാജയത്തിനുശേഷം ഡച്ചുകാർ മാർത്താണ്ഡവർമ്മയുമായി കൂടുതൽ സന്ധികളിൽ ഏർപ്പെടേണ്ടിവന്നു. അതിൽ ഒന്നായിരുന്നു മാവേലിക്കര സന്ധി. ഈ സന്ധിയിലെ വ്യവസ്ഥകൾ മാർത്താണ്ഡവർമ്മക്ക് അനുകൂലമായിരുന്നു. തെക്കൻ കേരളത്തിൽ തന്റെ സ്വാധീനവും ശക്തിയും കൂടുതൽ സ്ഥാപിക്കാൻ ഈ സന്ധി മാർത്താണ്ഡവർമ്മയെ സഹായിച്ചു.

**കേരളത്തിലെ പ്രകൃതിവിഭവങ്ങളെക്കുറിച്ചുള്ള ഡച്ചുകാരുടെ അന്വേഷണമാണ് ഹോർത്തുസ് മലബാറിക്കസ് എന്ന വിഖ്യാതമായ സസ്യശാസ്ത്ര ഗ്രന്ഥത്തിന്റെ രചനയിലേക്ക് അവരെ നയിച്ചത്**

കേരളത്തിന്റെ സവിശേഷമായ പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യാൻ കേരളത്തിൽ എത്തിച്ചേർന്ന ഡച്ചുകാർ യഥാർത്ഥത്തിൽ വാണിജ്യ മുതലാളിത്തത്തിന്റെ പ്രതിനിധികൾ ആയിരുന്നു. കേരളത്തിലെ പ്രകൃതിവിഭവങ്ങളെക്കുറിച്ചുള്ള ഡച്ചുകാരുടെ അന്വേഷണമാണ് ഹോർത്തുസ് മലബാറിക്കസ് എന്ന വിഖ്യാതമായ സസ്യശാസ്ത്ര ഗ്രന്ഥത്തിന്റെ രചനയിലേക്ക് അവരെ നയിച്ചത്. ■




# വിജയവഴിയിൽ വിഴിഞ്ഞം

വിഴിഞ്ഞം തുറമുഖത്തെത്തിയ ആദ്യ മദർഷിപ്പ് സാൻഫെർണോണ്ടോയ്ക്ക് വിഴിഞ്ഞത്തു ജൂലൈ 12 ന നൽകിയ സ്വീകരണം. മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര തുറമുഖ, ഷിപ്പിംഗ് വികുപ്പ് മന്ത്രി സർബാനന്ദ സോനാവാൾ, തുറമുഖ വകുപ്പ് മന്ത്രി വി.എൻ വാസവൻ എന്നിവർ പങ്കെടുത്തു. ഡാനിഷ് കണ്ടെയ്നർ ഷിപ്പ് കമ്പനി മെർസ്ക് ലൈനിന്റെ 'സാൻ ഫെർണാണ്ടോ' ചൈനയിലെ ഷിയാമൻ തുറമുഖത്ത് നിന്നാണ് വിഴിഞ്ഞത്ത് എത്തിയത്. രണ്ടായിരത്തോളം കണ്ടെയ്നറുകളാണ് കപ്പലിൽ നിന്ന് വിഴിഞ്ഞത്ത് ഇറക്കുന്നത്.








MAERSK
MAERSK
MAERSK
SEALAND


S.W.L under cargo beam 75t
S.W.L under spreader 65t
Head clearance 13.5m
ZPMC
上海振华重工
STS-04
STS-03
STS-02

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.07.2024**
KERMAL2014/58028 Price: **12.00**
Reg. No. KL/TV(N)/660/2022-2024

# ആധികാരിക വാർത്തകൾ, അറിയിപ്പുകൾ റിസൾട്ടുകൾ ഇനി വിരൽത്തുമ്പിൽ




Available on the App Store

GET IT ON Google Play

# PRD LIVE App

# പി.ആർ.ഡി ലൈവ്

**OFFICIAL MOBILE APP FROM**
**INFORMATION PUBLIC RELATIONS DEPARTMENT, KERALA**

/Keralainformation /iprdkerala Prdlive App

കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS